പരിശോധിച്ച് പ്രാദേശികാസമത്വങ്ങൾ കുറയ്ക്കുകയെന്ന കാഴ്ചപ്പാടോടു കൂടി വേണ്ട ദേഗതികളും നിർദ്ദേശിക്കുകയും ചെയ്യുക. (2) ഗവൺമെൻറിൽ നിന്നും ജില്ലാ കൗൺസിലുകളിൽ നിന്നും പഞ്ചായത്തുകളിലേക്കും ഇതര തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കും ധനം കൈമാറുന്നതിനും വേണ്ടി അടിസ്ഥാനമാക്കേണ്ട മാനദണ്ഡങ്ങൾ നിർദ്ദേശിക്കുക. ഈ കമ്മീഷന്റെ കാലാവധി ആറു മാസമായിരിക്കും.

VIII നിയമ നിർമ്മാണ കാര്യം

സെലക്ട് കമ്മറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 1990-ലെ കേരള വനിതാ കമ്മീഷൻ ബിൽ (ചർച്ച തുടർച്ച)

മാറ്റിവച്ചിരുന്ന 2-ാം വകുപ്പിന്റെ പരിഗണന

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ) : സർ, രണ്ടാം വകുപ്പിൽ distinction restriction എന്നീ വാക്കുകളെ സംബന്ധിച്ച് discrimination restraint മറ്റുമാണ് വന്നിരിക്കുന്നത്. ഞങ്ങൾ പരിശോധിച്ചപ്പോൾ distinction restriction കുറെക്കൂടി വിപുലമായിട്ടുള്ളതാണ്. അതുകൊണ്ട് distinction as to sex ആണ്. Exercise by women of fundamental constitutional rights വരുമ്പോൾ അതിലെല്ലാം discrimination-നും മറ്റും അതിനെതിരായിട്ടാണ് വരുന്നത്. They have got equal rights. അതുകൊണ്ട് distinction, restriction എന്നുള്ള വാക്കുകൾ വിപുലമായിട്ടുള്ള വിധത്തിൽ ചേർത്തതാണ്. ഞങ്ങൾ ഇന്നലെ ഒന്നുകൂടി ആലോചിച്ചു നോക്കി. ഈ വാക്കുകൾ എഴുതി ചേർത്ത് കഴിഞ്ഞതിനുശേഷവും നമ്മുടെ എല്ലാ ഡിപ്പാർട്ടുമെൻറിൽ ഉള്ളവരേക്കാൾ വിദഗ്ദ്ധൻമാരായിട്ടുള്ള ആളുകളുമായി ചർച്ചചെയ്തു. ഇന്നലെ ഞങ്ങൾ പരിശോധിച്ചിട്ട് ഈ വാക്ക് ഒന്നുകൂടി വിപുലമായിട്ടുള്ള വിധത്തിൽ ചേർക്കുന്നതാണ് നല്ലത് എന്ന അഭിപ്രായം ഞങ്ങൾക്കാണ്. ഞാൻ അങ്ങയുടെ കൂടി ഉപദേശം തേടുകയാണ്. അവസാനം നമ്മൾ എഴുതിചേർത്തിരിക്കുന്നതിൽ..... "or the mental or physical torture or sexual excesses on women" എന്നാണ്. It is so wide Excess എന്നുള്ള വാക്കിനു പകരം ഞങ്ങൾ ഇന്നലെ നോക്കിയിട്ട് ഒരു വാക്കും കണ്ടില്ല. ടി. എം. ജേക്കബ് ഒരു വാക്കും തന്നില്ല. അത് വളരെ വൈഡാണ്. പോലീസ് എക്സസ് ആണ് എന്നൊക്കെ നമ്മൾ പറയുന്നുണ്ട്. അതുകൊണ്ട് ഈ വാക്ക് തന്നെ മതിയോ എന്നുകൂടി പരിശോധിക്കണം. എന്താണെന്നുവച്ചാൽ unfair practice-ന്റെ നിർവചനത്തെ സംബന്ധിച്ച 2-ാം വകുപ്പ് നമ്മൾ ഒടുവിൽ പാസ്സാക്കിയാലും വേണ്ടില്ല. അതിനെ സംബന്ധിച്ച് ലീഗൽ ഡിക്ഷ്ണറിയോ മറ്റോ വച്ച് അങ്ങയും കൂടി നോക്കണം. ഏത് അഭിപ്രായവും സ്വീകരിക്കാൻ തയ്യാറാണ്. കാരണം ആ ഡെഫനിഷൻ വളരെ നന്നായിരിക്കണം. അതുകൊണ്ട് അങ്ങയുടെ കൂടി സഹായം അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : ഞാൻ നോക്കട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി അമ്മ : മറ്റു വകുപ്പുകളും ഇതിന് പ്രതിബന്ധമായി നിൽക്കേണ്ട. ഇതിനെപ്പറ്റി കൂടുതൽ ആലോചിക്കാൻ സമയം കൊടുക്കുകയാണ്. ഞങ്ങളും ഇന്നലെ രാത്രി എട്ടുമണിവരെ ലാ ഡിപ്പാർട്ടുമെൻറുമായി ആലോചിച്ചിട്ട് distinction, restriction എടുത്തുകളയണ്ട എന്നു തീരുമാനിച്ചു. കാരണം distinction as to sex ആണ്. ഒന്നും കാണിക്കുന്നില്ലെങ്കിൽ പോലും സാധാരണ നടക്കുന്നത് എന്താണെന്നറിയാമോ ? ആപ്ലിക്കേഷൻ ക്ഷണിച്ചാൽ സ്ത്രീകളും അപ്ലൈ ചെയ്യേണ്ട എന്ന് പറയില്ല. But they will not be selected. അതാണ് ഇന്ന് നടക്കുന്നത്. നിയമപ്രകാരം കിട്ടേണ്ട അവകാശം സ്ത്രീക്ക് കിട്ടണം. എന്താണെന്നുവച്ചാൽ അവർ പിന്നോക്ക വിഭാഗക്കാരാണ്. ആ നിലയിൽ കുറെ ആനുകൂല്യങ്ങളും കൊടുക്കണം. അതുകൊണ്ട് ഇത് ഒടുവിൽ പാസ്സാക്കിയാൽ മതിയെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ടി. എം. ജേക്കബ് : കോൺസ്റ്റിറ്റ്യൂഷന്റെ ആർട്ടിക്കിൾ 15(1) The State shall not discriminate against any citizen on grounds only of religion, race, caste, sex, place of birth or any of them എന്നാണ്. അങ്ങ് കൂടി ശ്രദ്ധിക്കാനാണ് പറയുന്നത്. മന്ത്രി ഗൗരി അമ്മയും ശ്രദ്ധിക്കണം. അതായത് കോൺസ്റ്റിറ്റ്യൂഷന്റെ ആർട്ടിക്കിൾ 15(1) The State shall not discriminate ..... എന്നാണ്. ഗവൺമെൻറ് എങ്ങനെ വേണമെങ്കിലും നിശ്ചയിച്ചോ പറയേണ്ട ചുമതല ഞങ്ങൾക്കുണ്ട്. ഇവിടെ അൺഫെയർ പ്രാക്ടീസാണ ഡിഫൈൻ ചെയ്യുന്നത്.

(h) "unfair practice" means any distinction, exclusion or restriction made on the basis of sex for the purpose of or which has the effect of impairing or nullifying the recognition, enjoyment or exercise by women of fundamental constitutional rights, or of human rights, or of fundamental freedom in the political, economic, social, cultural, civil or any other field; എന്നതാണ് വകുപ്പ്. അതിൽ റിസ്ട്രിക്ഷൽ എന്നുള്ളത് രസ്ട്രെയിൻ എന്നാക്കണമെന്നതാണ് എന്റെ അഭിപ്രായം. അത് എന്തെങ്കിലുമാകട്ടെ, അത് ഇപ്പോൾ കിടക്കുന്ന വാക്കായാലും കുഴപ്പമില്ല. പക്ഷെ ഡിസ്റ്റിംഗ്ഷൻ എന്നുള്ള വാക്ക് അൺഫെയർ പ്രാക്ടീസിനകത്ത് ശരിയല്ല. ടോട്ടലി മിസ്റ്റേക്കാണത്. ഡിസ്ക്രിമിനേഷൻ എന്നുള്ള വാക്ക് വന്നില്ലെങ്കിൽ അൺഫെയർ പ്രാക്ടീസിനുള്ള ഡെഫനിഷൻ ശരിയാവുകയില്ല. ലാ ഡിപ്പാർട്ടുമെൻറ് എന്തുതന്നെ പറയട്ടെ, അവരുടെ വിവരത്തെക്കുറിച്ചോ അല്ലെങ്കിൽ അവർക്ക് അറിവില്ലെന്നോ ഞാൻ പറയുന്നില്ല. അവർക്ക് അറിവുണ്ട്, ഞാൻ സമ്മതിക്കുന്നു. പക്ഷെ "unfair practice means any discrimination" കോൺസ്റ്റിറ്റ്യൂഷനകത്തുപോലും പറഞ്ഞിരിക്കുന്ന ആ വാക്കാണ് നമ്മൾ എടുക്കേണ്ടത്. അതിനുപകരം ഡിസ്റ്റിംഗ്ഷൻ എന്ന വാക്ക് ഉപയോഗിച്ചാൽ തെറ്റാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല എന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. വയലാർ രവി : ഡിസ്റ്റിംഗ്ഷൻ എന്ന വാക്കിന് ഡിക്ഷ്ണറിയിൽ കൊടുത്തിട്ടുള്ള അർത്ഥം ഞാൻ ആദ്യം വായിക്കാം. ഡിസ്റ്റിംഗ്ഷൻ എന്നതിനു രണ്ട് അർത്ഥമുണ്ട്. ഒന്ന് വിവേചനമെന്നും തെറ്റെന്നു മെറിറ്റ് അതായത് അംഗീകാരമെന്നും. അതായത് ഓപ്പോസിറ്റ് മീനിംഗ് ആണ്. വിവേചനം എന്ന അർത്ഥത്തിലുമാകാം അതോടൊപ്പംതന്നെ ഏതെങ്കിലും ഗുണഗണത്തിനുള്ള അംഗീകാരവുമാകാം. അതിന്റെ അർത്ഥം

LIBRARY ARCHIVES Kerala Legislative Assembly

പോസിറ്റീവാണ്. ഡിസ്ക്രിമിനേഷൻ എന്ന വാക്കിന് പോസിറ്റീവായിട്ടുള്ള അർത്ഥം Distinction means seperation or division; a distinguishimg mark or charactor; discriminating favour, noticeable eminence. ഡിസ്ക്രിമിനേഷൻ എന്നു വരുമ്പോൾ വിവേചനമെന്നുള്ള ദോഷം പ്രതിഫലിപ്പിക്കുന്ന അർത്ഥത്തോടൊപ്പംതന്നെ ഗുണകരമായ അർത്ഥവും പറയുന്നുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട ജേക്കബ് പറഞ്ഞതുപോലെ ശ്രീമതി ഗൗരി അമ്മയ്ക്ക് ഇഷ്ടമുള്ളത് സ്വീകരിക്കാം. കോടതിയിൽ തലനാരിഴ കീറുമ്പോൾ, ഗുണകരമായ അർത്ഥം വരുമ്പോൾ സ്ത്രീക്ക് കൂടുതൽ ദോഷമേ ഉണ്ടാവുകയുള്ളൂ. ഡിസ്ക്രിമിനേഷൻ എന്ന വാക്കുതന്നെയായിരിക്കും ഏറ്റവും വേണ്ടത്. അത് മാറുന്നത് ഒരിക്കലും നന്നാവുകയില്ല. ലാ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർ എല്ലാംതന്നെ അതോറിറ്റി ആണെന്ന് ശ്രീമതി ഗൗരി അമ്മതന്നെ സമ്മതിക്കുകയില്ലെന്ന് നമുക്കറിയാം. കാരണം ശ്രീമതി ഗൗരി അമ്മയും വക്കീലാകാൻ പഠിച്ചിട്ടുള്ളതാണ്. ഈ ഡ്രാഫ്റ്റ് കണ്ടാൽത്തന്നെ അറിയാം ലാ ഡിപ്പാർട്ടുമെന്റിന്റെ.. ..... It is hopeless and poor. അതുകൊണ്ട് അവർ പറയുന്നത് മുഴുവൻ ശരിയാണെന്ന് ധരിക്കണ്ട. കോടതിയിൽ വക്കീലൻമാർ കേസ് വാദിക്കുമ്പോൾ ദോഷം വരാതിരിക്കാൻ വേണ്ടിയാണ് പറയുന്നത്. ഡിസ്ക്രിമിനേഷൻ എന്നു പറഞ്ഞാൽ അത് ഗുണത്തേക്കാൾ ഏറെ ദോഷം ചെയ്യും. അതുകൊണ്ട് ഡിസ്ക്രിമിനേഷൻ എന്ന വാക്കായിരിക്കും നല്ലത്. ശ്രീ. ജേക്കബ് കാട്ട് ചെയ്തതുകൊണ്ട് ഞാൻ അത് കാട്ട് ചെയ്യുന്നില്ല.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ) : ഇത് ഡ്രാഫ്റ്റ് ചെയ്യുന്നതിനു ശ്രീമാൻ കൃഷ്ണ അയ്യരേയും ശ്രീ. പോറ്റിയേയും ഉപയോഗിച്ചിട്ടുണ്ട്. ഞാൻ അവരോട് ചോദിച്ചു. ഡിസ്ക്രിമിനേഷൻ എന്ന വാക്ക് യു. എൻ. ഏജൻസിയുടെ റസല്യൂഷനിൽ നിന്നും എടുത്തു ചേർത്തിട്ടുള്ളതാണ്. ഹ്യൂമൻ റെയിസിനെക്കുറിച്ച് പറയുമ്പോൾ യു. എൻ. ഏജൻസിയുടെ റസല്യൂഷൻ വരുന്നുണ്ട്. അതിലാണ് ഡിസ്ക്രിമിനേഷൻ എന്നുള്ള വാക്ക് കുറേക്കൂടി വിപുലമായി പറയുന്നത്. ശ്രീ. രവി ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞു, ഡിസ്ക്രിമിനേഷൻ എന്നു പറഞ്ഞാൽ ഡിസ്ക്രിമിനേഷൻ കിട്ടിയിരിക്കുന്നു എന്ന്. അർത്ഥമുണ്ടാകുമെന്ന്. ഒരു വാക്കിന്റെ വ്യാഖ്യാനം അത് എന്തിനുപയോഗിക്കുന്നു എന്നുള്ളതിനെ അടിസ്ഥാനമാക്കിയിരിക്കും. അല്ലാതെ അൺഫെയർ പ്രാക്ടീസിൽ ഡിസ്ക്രിമിനേഷൻ വരുന്നത് ഡിസ്ക്രിമിനേഷൻ കിട്ടിയിരിക്കുന്ന ആളിനാണെന്നു പറയുമോ ? അൺഫെയർ പ്രാക്ടീസ് മീൻസ് "any distinction, exclusion or restriction" അതുകൊണ്ട് ആ വിധത്തിൽ പറയണ്ട, യു. എൻ. പാസ്സാക്കിയിട്ടുള്ള സ്ത്രീകളെ സംബന്ധിച്ചുള്ള റസല്യൂഷൻ ഉണ്ട്, അതിൽനിന്നാണ് ഈ വാക്ക് എടുത്തത്. വളരെ കരുതിക്കൂട്ടി, ചർച്ച ചെയ്ത് എടുത്തുചേർത്ത വാക്കാണ്. അതല്ലാതെ വേറെ കാര്യമൊന്നുമില്ല.

മി. സ്പീക്കർ : ഇത് കുറച്ചുകൂടി പരിശോധിച്ചിട്ട് പിന്നീട് എടുക്കാം.

(രണ്ടാം വകുപ്പിന്റെ പരിഗണന വീണ്ടും മാറ്റിവച്ചു.)

6-ാം വകുപ്പ്

Shri T.M. Jacob : Sir, I move my amendments.

150 In clause 6 (3) for "A vacancy" substitute "A casual vacancy".

LIBRARY ARCHIVES Kerala Legislative Assembly

151. In clause 6 (3) delete the words "of the Commission under sub-section (2)".

152. In clause 6 (3) in the proviso, for "term of the person in whose place such person" substitute "term of office of the person in whose vacancy he".

153. In clause 6 (3) in the proviso for the words "so appointed" substitute "appointed to a casual vacancy".

സാധാരണഗതിയിൽ കാഷ്വൽ വേക്കൻസിയാണ് ഉണ്ടാകുന്നത്. 'എ വേക്കൻസി' എന്നുള്ളതിനുപകരം 'കാഷ്വൽ വേക്കൻസി' എന്ന പദപ്രയോഗമാണ് നല്ലത്. കാഷ്വൽ വേക്കൻസി ഉണ്ടാകുന്നത് 6-ാം വകുപ്പിലെ (2)-ാം ഉപവകുപ്പുപ്രകാരം മാത്രമല്ല. 10-ാം വകുപ്പ് അനുസരിച്ച് റിമൂവ് ചെയ്യുമ്പോഴും വേക്കൻസി വരും. ആ റിമൂവൽ വഴി വരുന്ന വേക്കൻസി വരും. മെമ്പർ എന്നതിനെ നമ്മൾ ഡിഫൈൻ ചെയ്തിട്ടുണ്ട്. അതുകൊണ്ട് of the Commission ഇതിനകത്ത് ആവശ്യമില്ല. പത്താം വകുപ്പനുസരിച്ച് അംഗങ്ങളെ റിമൂവ് ചെയ്താലും കാഷ്വൽ വേക്കൻസി വരുന്നുണ്ട്. മെമ്പർ എന്നു പറഞ്ഞത് നമ്മൾ ഡഫൈൻ ചെയ്തിട്ടുണ്ട്. അങ്ങനെ വരുമ്പോൾ of the Commission എന്ന വാക്ക് ആവശ്യമില്ല.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ : കാഷ്വൽ എന്നുള്ളത് വേണ്ട. കാഷ്വൽ വേക്കൻസി എന്നു പറഞ്ഞാൽ പിന്നെ ആരെങ്കിലും ലീവ് എടുത്താലുമൊക്കെ അത് വരും. ഞാൻ ഉദ്ദേശിക്കുന്നതിൽ' A vacancy arising by reason of resignation or removal, രണ്ടും വരുന്നുണ്ട്. അതുകൊണ്ട് ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച ഭേദഗതികളുടെ ആവശ്യമില്ല.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 150, 151, 152, 153 എന്നീ നമ്പർ ഭേദഗതികളും സഭ വോട്ടിനിട്ട് നിരാകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

7-ാം വകുപ്പ്

ശ്രീ. ടി. എം. ജേക്കബ് : Sir I move the following amendments.

154. For clause 7 substitute the following, namely :—

"7. Quorum : The quorum for holding a duly constituted meeting of the Commission shall be three".

155. In clause 7 for "for a meeting" substitute "for holding a meeting".

എനിക്ക് ദീർഘമായി ഒന്നും പറയാനില്ല. കോറത്തെ സംബന്ധിച്ച് വളരെ കാഷ്വൽ ആയിട്ട്, ഒരു ലേമാൻ പറയുന്നതുപോലെ ആണ് ഈ ബില്ലിനകത്ത് പറഞ്ഞിട്ടുള്ളത്. ഇതിനകത്ത് ലീഗലായിട്ട്, നിയമത്തിൽ പറയുന്ന രൂപത്തിൽ പറയാൻ വേണ്ടിയാണ് "for a meeting" substitute "for holding a meeting". എന്നു ഞാൻ പറഞ്ഞത്. അതാണ് ശരിയായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രയോഗം. അതുപോലെതന്നെ ഇവിടെ പറയുന്നത് "The quorum for a meeting of the Commission shall be three" എന്നാണ്. The quorum for holding a duly constituted meeting of the Commission shall be three. അതാണ് ശരിയായ ഫ്രെയിസിയോളജി. ഇത് രണ്ടും ചേർത്താൽ ഈ വകുപ്പ് വളരെ ഭംഗിയായിരിക്കും.

ശ്രീ. കെ.ജെ. തോമസ് : Sir, I move my amendment.

156. In clause 7 the word, "three" shall be substituted by "four".

ക്ലാസ്-7-ൽ പറയുന്നത് കമ്മിഷന്റെ മീറ്റിംഗ് കൂടുന്നതിന് വേണ്ട കോറം മൂന്ന് എന്നാണ്. അത് നാല് ആക്കണമെന്നതാണ് എന്റെ ഭേദഗതി.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ. ഗൗരി അമ്മ) : നേരത്തേ ഇതിൽ ഉണ്ടായിരുന്നത് അഞ്ചും ഒന്നും ആറ് അംഗങ്ങളാണ്. അഞ്ചിൽ കുറയാൻ പാടില്ലെന്നായിരുന്നു. അത് ഇപ്പോഴം ആറാക്കി. ആറും ഒന്നും ഏഴ് പേർ ഉണ്ടാകും. കോറം നാല് പേരായാലും കുഴപ്പമില്ല. holding a meeting എന്നുള്ളത് വേണ്ട. വന്നിട്ടാണ് പിരിയുന്നത്. അതുകൊണ്ട് കോറം നാലാക്കുന്നതിൽ വിരോധമില്ല. ആ ഭേദഗതി സ്വീകരിക്കുന്നു.

ശ്രീ. ടി.എം. ജേക്കബ് അവതരിപ്പിച്ച 154, 155 എന്നീ നമ്പർ ഭേദഗതികൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ.ജെ. തോമസ് അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി തീർന്നു.

Clause-8

Minister for Industries and Social Welfare (**Smt. K.R. Gouri Amma**) :

For clause 8, the following clause shall be substituted, namely :—

"8 Disposal of Business : (1) The meeting of the Commission shall be presided over by the Chairperson or in her absence a member chosen for the purpose by the members present.

(2) All questions at a meeting of the Commission shall be decided by the majority of the votes of the Members present and voting and in case of equality of votes the Chairperson or the Member presiding, as the case may be, shall have a second or casting vote.

(3) The Commission may invite, if it is considered necessary for such purposes and on such conditions as may be prescribed, any person with expert knowledge in a particular subject to be present at the meeting to assist the Commission in arriving at a decision, but such person shall not be entitled to vote".

വോട്ടുതന്നെ വന്നെങ്കിലേ രണ്ടാമത്തെ വോട്ടുവരികയുള്ളൂ. അതുകൊണ്ടാണ് ഈ ഭേദഗതി അവതരിപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

Shri. T.M. Jacob : Sir, I move the following amendments :

158. For clause 8 substitute the following, namely :—

"8. Meetings of the Commission : (1) The Commission may meet as often as is necessary

Provided that there shall not be more than sixty days between any two meetings of the Commission.

(2) The Commission shall observe such procedure for transacting the business at its meetings as may be prescribed.

(3) In the absence of the chairperion at any of the meetings of the commission any member chosen by the members present from among themselves shall preside at that meeting.

(4) All questions before the meeting of the commission shall be decided by the majority votes of the members present and voting and in the case of any equality of votes the Chairman or as the case may be the member presiding shall have a second or casting vote.

(5) The Commission may for the purpose of dealing with any particular case or class of cases before them secure the services of any expert to assist them but such expert shall not be entitled to vote.

(6) The terms and conditions of service of the expert referred to in sub section (5) shall be such as may be prescribed".

160. In clause 8 for sub clause (1) substitute the following, namely :—

"(1) All questions before the meeting of the Commission shall be decided by the majority of votes by the members present and voting and in the case of an equality votes the Chairman or as the case may be the member presiding in his absence shall have and secure a second or casting vote".

ഇതിനെ സംബന്ധിച്ച ഒന്നുരണ്ട് കാര്യങ്ങളം പറയട്ടെ. 158-നെ സംബന്ധിച്ചിടത്തോളം കമ്മീഷൻ എപ്പോഴൊക്കെ യോഗം കൂടണം, അതിന്റെ നടപടിക്രമം എന്തായിരിക്കണം, കമ്മീഷൻ യോഗത്തിൽ തീരുമാനം എങ്ങനെ എടുക്കണം, എക്സ്പെർട്ടിന്റെ പ്രതിഫലത്തിന്റെ കാര്യം എങ്ങനെ വേണം എന്നൊക്കെയുള്ളത് വ്യക്തമാക്കാൻ വേണ്ടിയാണ് 158 നിർദ്ദേശിച്ചിരിക്കുന്നത്. ഭേദഗതി 160) ഒന്ന് ശ്രദ്ധിക്കണമെന്നാണ് എന്റെ അഭിപ്രായം.

"(1) All questions before the meeting of the Commission shall be decided by the majority of votes by the members present and voting and in the case of an equality votes the Chairman.....Chairman എന്നാണ് ഇവിടെ എഴുതിയിരിക്കുന്നത്. അത് Chair person എന്നാക്കണം. അത് കഴിഞ്ഞിട്ട് or as the case may be, the member presiding in his absence shall have and secure a second or casting vote എന്നുതന്നെ ഞാൻ എഴുതിക്കൊടുത്തിരിക്കുന്നതിലും. ഒരു ബുദ്ധിമുട്ട് വന്നാൽ എന്തു ചെയ്യും എന്നുള്ളതാണ് പ്രശ്നം. കാസ്റ്റിംഗ് വോട്ടിന് പ്രൊവിഷൻ കൊടുക്കണ്ടേ ? അതാണ് 160-ൽ പറഞ്ഞിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ ബഹുമാനപ്പെട്ട ഗൗരിയമ്മ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയിൽ Sub-clause 1-ൽ or in her absence എന്നാണ് പറഞ്ഞിരിക്കുന്നത്. In the absence of the person എന്നുമതി. അതാണ് നല്ലത്. അതുകൊണ്ട് അതൊന്ന് ശ്രദ്ധിച്ചാൽ വേണ്ടില്ല.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ): ഭേദഗതികളുടെ ഒന്നും ആവശ്യമില്ല.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി അവതരിപ്പിച്ച 267-ാം നമ്പർ ഭേദഗതി സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ശ്രീ. ടി. എം. ജേക്കബ്: അവതരിപ്പിച്ച 158, 160 എന്നീ നമ്പർ ഭേദഗതികളും സഭ വോട്ടിനിട്ട് നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി തീർന്നു.

8-ാം വകുപ്പിനു ശേഷമുള്ള പുതിയ വകുപ്പ്

ശ്രീ. ടി. എം. ജേക്കബ്: താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

After clause 8 add the following as clause 8A, namely:—

'8A. *Constitution of ad hoc Committee*"

The Commission may for the purpose of transacting any business before it constitute an ad hoc committee consisting of,—

(a) not more than two members of the Commission;

(b) not more than two experts on the particular subject before the Commission; and

(c) not more than three persons having special knowledge or practical experience in respect of social service, literature, science and arts.

(2) If the Chairperson is a member of the Committee that person or any other member shall preside over the meeting of the Committee.

(3) In other respects the provisions of section 7, section 8 and section 18 shall *mutatis-mutandis* apply to the meeting of the Committee.

(4) The final report of the Committee shall be placed before the Commission for its approval and on the approval thereof by the Commission it shall be deemed to be the report of the Commission.

(5) The person in the ad hoc Committee shall be paid such remuneration as may be prescribed.

(6) On the approval of the report by the Commission the Committee shall cease to exist".

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിഅമ്മ) : ശ്രീമാൻ ജേക്കബിന്റെ ഭേദഗതിയിൽ പറയുന്നത് മുഴുവൻ ആവശ്യമില്ല. അത് ഭാഗികമായി അംഗീകരിക്കാൻ തയ്യാറാണ്. അംഗീകരിക്കത്തക്കവണ്ണം ഞാൻ അത് വാക്കാൽ ഭേദഗതിയായി അവതരിപ്പിക്കാം.

After clause 8 add the following as clause 8A, namely:—

"8A. *Constitution of ad hoc Committee*"

(1) The Commission may for the purpose of transacting any business before it or for any specified issue constitute an ad hoc committee consisting of—

(a) not more than two members of the Commission;

(b) not more than two experts on the particular subject before the commission.

(2) If the Chairperson is a member of the Committee the Chairperson or any other member shall preside over the meeting of the Committee.

(3) The provisions of section 7 section 8 and section 18 shall *mutatis-mutandis* apply to the meetings of the Committee.

(4) The final report of the committee shall be placed before the commission for its approval and on the approval thereof by the Commission it shall be deemed to be the report of the commission.

(5) The persons in the ad hoc committee shall be paid such remuneration as may be prescribed.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ വോട്ടിനിട്ട് അംഗീകരിച്ചു.

8എ എന്ന പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

8-ാം വകുപ്പിനു ശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

9-ാം വകുപ്പ്

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

10-ാം വകുപ്പ്

ShriK. J. Thomas : Sir, I move the following amendments:—

166. In clause 10 add the words "The chairperson or" in the beginning.

LIBRARY ARCHIVES Kerala Legislative Assembly

170. In clause 10 the word 'he' shall be substituted by the words "the member".

171. Clause 10 (a) may be recast as follows, namely:—
"is declared an insolvent by a court of competent jurisdiction and has not been discharged".

173. Clause 10 (b) may be recast as follows, namely:—
" (b) is convicted for an offence which involves moral turpitude".

178. Clause 10 (e) may be recast as follows, namely:—
"absents from three consecutive meetings of the Commission without obtaining leave of absence from the Commission; or".

189. In the provision to clause 10 for the words 'this section' substitute ' ection 10 (f)'.

കമ്മീഷനംഗങ്ങളെ റിമൂവ് ചെയ്യുന്നത് സംബന്ധിച്ചാണ് 10-ാം വകുപ്പിൽ പറയുന്നത്.

Any member of the Commission may be removed from office by an order of the Government..... .... എന്നു പറഞ്ഞാൽ മെമ്പർമാരെ മാത്രമേ ബാധിക്കുകയുള്ളൂ. ചെയർ പേഴ്സനെ ബാധിക്കുകയില്ല. മെമ്പർമാരുടേയും ചെയർ പേഴ്സന്റേയും നിയമനത്തിന്റെ കാര്യത്തിൽ പ്രത്യേകിച്ച് ചെയർ പേഴ്സൻ എന്ന് എടുത്ത് പറയുന്നുണ്ട്. 'എഫ്' വകുപ്പിൽതന്നെ the chair person or member എന്ന പറയുന്നുണ്ട്. അതുകൊണ്ട് റിമൂവലിന്റെ കാര്യത്തിൽ പത്താം വകുപ്പിൽ chair person എന്നുകൂടി ചേർക്കണമെന്നാണ് എന്റെ 166-ാം നമ്പർ ഭേദഗതി.

അതുപോലെ വനിതാ കമ്മീഷൻ മെമ്പർമാരിൽ പലരും സ്ത്രീകളാണ്. ഇവിടെ പറഞ്ഞിരിക്കുന്നത് "the Government, if he" എന്നാണ്. he എന്നും she എന്നും പറയുന്നതിനേക്കാൾ നല്ലത് മെമ്പർ എന്ന് പറയുന്നതാണ്. അങ്ങനെയാണെങ്കിൽ ഈ രണ്ടർത്ഥവും അതിൽ കിട്ടും. അതുകൊണ്ട് എന്റെ 170-ാം നമ്പർ ഭേദഗതിയിൽ പറയുന്നതുപോലെ He, she എന്നത് മാറ്റി 'മെമ്പർ' എന്ന് ചേർക്കണം.

10(എ) മാറ്റി ഞാൻ നൽകിയിട്ടുള്ള ഭേദഗതി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കാരണം ഇവിടെനിന്നും പാസ്സായിപ്പോയിട്ടുള്ള പല ആക്ടിലും ഈ വിധത്തിലാണ് ചേർത്തിട്ടുള്ളത്. അതുകൊണ്ട് ഈ ഭേദഗതി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അസാന്മാർഗിക നടപടികളിൽ ഏർപ്പെട്ടതിന്റെ പേരിൽ ഒരംഗത്തിന് തടവ് ശിക്ഷ ലഭിച്ചാൽ ആ അംഗത്തെ നീക്കം ചെയ്യേണ്ടതാണെന്നാണ് 10(ബി) യിൽ പറയുന്നത്. അസാൻമാർഗിക നടപടികളിൽ ഏർപ്പെട്ടതായിട്ട് തെളിഞ്ഞാൽ ഉടനെ ആ അംഗത്തെ നീക്കം ചെയ്യേണ്ടതാണ്. ശിക്ഷ വരുന്നതുവരെ കാത്തിരിക്കേണ്ട കാര്യമില്ല. ഉദാഹരണത്തിന് ഏതെങ്കിലും അംഗത്തെ ഏതെങ്കിലും കോടതി നല്ല നടപ്പിന് ശിക്ഷിച്ചാൽത്തന്നെ അവരെ ഈ കമ്മീഷനിൽനിന്നും റിമൂവ് ചെയ്യേണ്ടതാണ്. അത്തരമൊരു ഭേദഗതിയാണ് ഞാൻ അതിന് അവതരിപ്പിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

10 (ഇ)-യിൽ പറഞ്ഞിട്ടുള്ള വാചകം ശരിയല്ലെന്നാണ് എനിക്ക് തോന്നുന്നത്. അതിൽ പറയുന്നത് "absents from three consecutive meetings of the Commission / without obtaining leave of absence from the Commission" എന്നാണ് അത് മാറ്റി absents from three consecutive meetings of the Commission എന്നാക്കണമെന്നാണ് എന്റെ ഭേദഗതി. ഇത് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഒരു മെമ്പറെ നീക്കം ചെയ്യാനുള്ള കാരണങ്ങളിൽ 'എഫ്'-ൽ പറയുന്നുണ്ട്. മെമ്പറെ നീക്കം ചെയ്യുന്നതിന് മുൻപ് അയാളോട് വിശദീകരണം തേടണമെന്നും അതിനകത്തുണ്ട്. മെമ്പറെ നീക്കം ചെയ്യുന്നതിന് വിശദീകരണം തേടുമ്പോൾ 'സി'-യിൽ പറയുന്നത് becomes of unsound mind എന്നാണ്. മാനസികമായി സമനില തെറ്റിയ ആൾ എങ്ങനെ ആണ് വിശദീകരണം തരുന്നത്? അത് തരാൻ സാദ്ധ്യമല്ല. അതുപോലെ ഏതെങ്കിലും കോടതി തടവുശിക്ഷയ്ക്ക് വിധിച്ചു കഴിഞ്ഞാൽ അയാളോടും വിശദീകരണം തേടേണ്ട കാര്യമില്ല. അതുകൊണ്ട് ഞാൻ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി സ്വീകരിക്കണം. ബില്ലിൽ പറഞ്ഞിരിക്കുന്നത് in the opinion of the Government has so abused the position of chair person or Member as to render that person's continuance in office detrimental to the public interest എന്നാണ്. ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്തിയാൽ മാത്രമേ വിശദീകരണം ചോദിക്കാൻ പാടുള്ളൂ. അതുകൊണ്ട് എഫിൽ പറയുന്ന ആ കാര്യം മാത്രം അംഗീകരിച്ചാൽ മതി. ബാക്കിയുള്ള കാര്യത്തിന് വിശദീകരണം തേടേണ്ടതില്ല എന്നാണ് എനിക്ക് പറയാനുള്ളത്.

ഈ ഭേദഗതികളും എല്ലാം സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ : സർ, ഞാൻ 172, 174 എന്നീ ഭേദഗതികളും മൂവ് ചെയ്യുകയാണ്.

172. Clause 10(b) may be recast as follows, namely:—
"(B)" is convicted for an offence which involves moral turpitude".

174. In clause 10 (b) the following words may be deleted "and sentenced to imprisonment".

ഇവിടെ സൂചിപ്പിച്ചതുപോലെ കമ്മീഷനിലെ ഒരു മെമ്പറെ നീക്കാൻ, അസാൻമാർഗ്ഗികപ്രവർത്തനത്തിൽ ഏർപ്പെടുന്ന മെമ്പർ ശിക്ഷിക്കപ്പെടണം, എന്നാൽ മാത്രമേ പാടുള്ളൂ എന്ന വ്യവസ്ഥ വേണ്ട. അത്തരം പ്രവൃത്തിയിൽ ഏർപ്പെട്ടാൽതന്നെ മാറ്റപ്പെടണം. അതൊരു കുറവാണ്. ഇത്തരം മെമ്പർമാർ കമ്മീഷനിലെ അംഗങ്ങളായിരിക്കാൻ പാടില്ല. അതുകൊണ്ട് ഈ വകുപ്പ് നീക്കം ചെയ്യണം പകരം "is convicted for an offence which involves moral turpitude" എന്ന എന്റെ ഭേദഗതി സ്വീകരിക്കണം.

മി. സ്പീക്കർ : ഇതെങ്ങനെ ഒക്കും ? "is convicted for an offence" ശിക്ഷയില്ലെങ്കിൽ എങ്ങനെ അറിയാനൊക്കും ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ 177, 180, 187, 193 എന്നീ നമ്പർ ഭേദഗതികളും അവതരിപ്പിക്കുന്നു.

177. In clause 10 (b) for "gets convicted" substitnte "is convicted".

LIBRARY ARCHIVES Kerala Legislative Assembly

180. In clause 10(e) for "is without obtaining leave" substitute "without obtaining leave".

187. In clause 10 (f) for "position of Chairperson or Members as to render that person's" substitute "office of Member as to render his".

193. In the proviso to clause 10 for "that person has been given" substitute "he is given" and delete the words "in the matter".

10 (ബി)-ൽ gets convicted എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നു പറഞ്ഞാൽ ശുപാർശ ചെയ്തത് കൺവിക്ഷൻ വാങ്ങിയതുപോലെ വരും. 'is convicted' ആണ് ശരി. അതുപോലെതന്നെ 10 (ഇ) യിൽ "is without obtaining leave" "without obtaining leave" എന്നാക്കുന്നതാണ് ശരിയായിട്ടുള്ള പ്രയോഗം. അതങ്ങനെ ആക്കണം. അതുപോലെ 10 (എഫ്)-ൽ abused the position എന്നുള്ളതിനേക്കാൾ നല്ലത് abused the office എന്നുള്ളതാണ്. ഇവിടെ മെമ്പർ എന്നുള്ളതിനെ കുറിച്ച് ഡിഫൈൻ ചെയ്തിട്ടുണ്ട്. അതിൽ ചെയർ പേഴ്സണെയും ഇൻക്ലൂഡ് ചെയ്തിട്ടുണ്ട്. അങ്ങനെ വരുമ്പോൾ മെമ്പറെന്നു പ്രയോഗിച്ചാൽ മതി, ചെയർ പേഴ്സൺ എന്നു പ്രത്യേകം പറയേണ്ട ആവശ്യമില്ല, പിന്നെ ഒരു കാര്യം പറയാനുള്ളത്, that person has been given എന്നതിനുപകരം he is given എന്ന് ചേർക്കണം. അതിനുശേഷം "in the matter" എന്നുള്ളത് എടുത്തുകളയണമെന്നാണ് പറഞ്ഞിരിക്കുന്നത്. (എഫ്)-ൽനിന്നും ചെയർ പേഴ്സൺ എടുത്തുകളഞ്ഞാൽ ഈ പ്രൊവിസോയിൽ "that person" എന്നു പറയേണ്ടെന്നോണ് ഈ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത്. Has been given എന്ന് പെർഫെക്ട് ടെൻസിൽ ഉപയോഗിക്കുന്നതിനേക്കാൾ നല്ലത് "is given" എന്ന simple definite tense എന്നുപയോഗിക്കുന്നതാണ്. അതുകൊണ്ടാണ് in the matter എടുത്തുകളയണമെന്ന് പറഞ്ഞിരിക്കുന്നത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : സർ, ശ്രീ. തോമസ് ഇവിടെ പറഞ്ഞത്, മോറൽ ടർപ്പിറ്റ്യൂഡ് എന്നു പറഞ്ഞ് കൊള്ളരുതായ്മ ചെയ്ത ഒരാളെ മാറണമെന്നാണ്. അതിന് തെളിവ് വരുമ്പോൾ ബുദ്ധിമുട്ടുവരും. ഈ വാചകം തന്നെയാണ് സകല നിയമങ്ങളിലും എഴുതിയിരിക്കുന്നത്. Gets convicted എന്നുള്ളത് 'has been convicted' എന്നാകാം. "And sentenced to imprisonment, for an offence which involves moral turpitude" എന്നുള്ളതു അവിടെയിരിക്കണം. ഒരു ഒഫൻസിന് കൺവിക്ട് ചെയ്യാതെ നമുക്ക് വെറുതെ പറയാൻ സാധിക്കുമോ ? പിന്നെ her, his എന്നൊക്കെ പറഞ്ഞു. He includes She also. അതുകൊണ്ട് വലിയ ബുദ്ധിമുട്ട് വരികയില്ല. പിന്നെ പറഞ്ഞത്, അങ്ങനെയുള്ളവർക്ക് നോട്ടീസ് കൊടുക്കേണ്ട കാര്യമില്ലെന്നാണ്. അതൊരു കോൺസ്റ്റിറ്റ്യൂഷണൽ റൈറ്റാണ്, ഒരാളെ മാറ്റുന്നതിന് നോട്ടീസ് കൊടുത്ത് അയാളുടെ അഭിപ്രായങ്ങളും വിശദീകരണങ്ങളും കേൾക്കണമെന്നുള്ളത് ഒരാളുടെ കോൺസ്റ്റിറ്റ്യൂഷണൽ റൈറ്റാണ്. അതുകൊണ്ട് അത് നിഷേധിക്കാൻ പാടില്ല. അത് ഫണ്ടമെൻറൽ റൈറ്റിന് എതിരാകും. ആ ഭേദഗതി അതുകൊണ്ട് സ്വീകരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജേക്കബ് പറഞ്ഞത്, ഇതിൽ ചെയർ പേഴ്സൺ വേണ്ടാ യെന്നാണ്. Position as chair person ഉപയോഗപ്പെടുത്തുകയാണ്. Position as member, position as Chairperson അതാണ് ദുരുപയോഗ പ്പെടുത്തുന്നത്. In the opinion of the Government has so abused the position of Chairperson or Member as a Chairperson and as a member അല്ലാതെ വേറെന്തെങ്കിലും വിധത്തിൽ അബ്യൂസ് ചെയ്യുക യെന്നുള്ളതല്ല. അവരുടെ പൊസിഷൻ ആ കമ്മീഷനെ സംബന്ധിച്ചിട ത്തോളം ദുരുപയോഗപ്പെടുത്തിയോയെന്നാണ്. അതുകൊണ്ടാണ് ഈ രണ്ടു വാക്കുകളും ഇതിനകത്ത് വന്നിട്ടുള്ളത്. Member includes Chairperson also. ഇവിടെ പൊസിഷൻ നോക്കുമ്പോൾ രണ്ട് പൊസിഷനാണ് 'as chair person and as member' അതുകൊണ്ടാണ് ഇതിൽ as chairperson and member എന്ന് എഴുതിച്ചേർത്തത്. എന്നാൽ 'has been convicted' എന്നാക്കുകയാണ്. Gets convicted എന്നുള്ളത് ഒരു നല്ലവാക്കല്ല.

മി. സ്പീക്കർ : ശ്രീ. കെ. ജെ. തോമസ് അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. ജെ. തോമസ് : സർ, 166-ാമത്തെ ഭേദഗതി സമ്മതിച്ചോ ? ചെയർ പേഴ്സൺ എന്നുള്ളത് ചേർത്തിട്ടില്ല, മെമ്പറെ നീക്കംചെയ്യു ന്നതിന് മാത്രമേ ഇതിനകത്ത് പ്രൊവൈഡ് ചെയ്തിട്ടുള്ളു. ചെയർ പേഴ്സൺ എന്നുകൂടി ഉൾപ്പെടുത്തണം. കാരണം, ബാക്കിയെല്ലാ സ്ഥലത്തും കിടക്കുന്നത് ചെയർ പേഴ്സണുംകൂടി ചേർത്താണ്. (എഫ്)-ന്റെ പിരിവിൽത്തന്നെ ചെയർ പേഴ്സൺ എന്ന് പറയുന്നുണ്ട്. അതുംകൂടി സ്വീകരിക്കാവുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ശ്രീ. തോമസിന് മനസ്സിലാകാത്തതു കൊണ്ടാണ്. മുകളിലത്തെ ക്ലാസ് വരുമ്പോൾ, Member includes chairperson also. പൊസിഷൻ പറയുമ്പോഴാണ് നമ്മൾ പ്രത്യേകം എടുത്ത് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് അവിടെ ചേർക്കേണ്ടതില്ല. Abuse her position as chairperson or as a member എന്ന് (എഫ്-ൽ) ചേർക്കാനുണ്ടായ കാരണം അതാണ്. അതുകൊണ്ട് നേരത്തെ പറഞ്ഞ സ്ഥലത്ത് മെമ്പർ എന്നുമതി. ചെയർ പേഴ്സൺ ഒരിക്കലും മെമ്പറല്ലാതെ വരുന്നില്ല. അതുകൊണ്ട് അതുമതി. അതുകൊണ്ടാണ് അവിടെ മെമ്പറും ഇവിടെ ചെയർ പേഴ്സണും എന്ന് ചേർത്തത്.

ശ്രീ. കെ. ജെ. തോമസ് : 189-ാമത്തെ ഭേദഗതിയിൽ വിശദീകരണം ചോദിക്കണമെന്നുള്ളതിനെക്കുറിച്ച് പറഞ്ഞില്ല.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : അതൊക്കെ കോൺസ്റ്റിറ്റ്യൂഷണൽ റൈറ്റാണ്. അംഗങ്ങളിലൊരാളെ വെറുതെ മാറ്റാൻ സാധിക്കുമോ, ഡിസ്മിസ് ചെയ്തിരിക്കുന്നുവെന്ന് പറയാൻ സാധിക്കുമോ ? ഒരാളെ മാറ്റാതിരിക്കാൻ കാരണമുണ്ടോയെന്ന് ചോദിച്ചുകൊണ്ട് എഴുതി ക്കൊടുത്തിട്ട് മാറ്റുന്നത് ഫണ്ടമെന്റൽ റൈറ്റാണ്. അതുകൊണ്ട് നോട്ടീസ് നൽകാതെ പിരിച്ചുവിടാനൊക്കുകയില്ല. അതാണ് ഇന്നത്തെ കോൺസ്റ്റിറ്റ്യൂഷനിൽ വന്നിട്ടുള്ള വിഷമം.

മി. സ്പീക്കർ : (ബി)യിൽ has been എന്നാക്കണോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : അതാണ് നല്ലത്. Gets convicted എന്നുള്ളത് നല്ല ഡ്രാഫ്റ്റിംഗ് അല്ല. Has been convicted എന്നാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : Gets convicted എന്നു പറഞ്ഞാൽ നമ്മൾ ശുപാർശ ചെയ്ത് കൺവിക്ഷൻ വാങ്ങിയതുപോലെ വരും. അതുകൊണ്ടാണ് ചൂണ്ടിക്കാണിച്ചത്. Has been convicted-നെക്കാളും is convicted എന്നുള്ളതല്ലേ ശരി ?

മി. സ്പീക്കർ : Is convicted എന്നുള്ളതു മതി.

ശ്രീ. കെ. ജെ. തോമസ് : അവതരിപ്പിച്ച 166, 170, 171, 173, 178, 189 എന്നീ നമ്പർ ഭേദഗതികളും സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ : അവതരിപ്പിച്ച 172, 174 എന്നീ നമ്പർ ഭേദഗതികളും സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 180, 187, 193 എന്നീ നമ്പർ ഭേദഗതികളും സഭ വോട്ടിനിട്ട് നിരാകരിക്കുകയും 177-ാം നമ്പർ ഭേദഗതി സഭ വോട്ടിനിട്ട് അംഗീകരിക്കുകയും ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

11-ാം വകുപ്പ്

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : സർ, After sub-clause (2) of clause 11 the following sub-clause shall be inserted, namely :—

" (3) in the discharge of their functions under this Act the Director and other staff referred to in sub-section (1) shall be subject to the administrative control of the Chairperson". ഇന്നലെ ഇവിടെ ചർച്ച ചെയ്തപ്പോൾ അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ ആർക്കുമില്ലെന്ന് പറയുകയുണ്ടായി. അത് നോക്കിയപ്പോൾ ശരിയാണെന്ന് മനസ്സിലായി. അതുകൊണ്ടാണ് ഈ ഭേദഗതി കൊണ്ടുവന്നത്.

ശ്രീ. വയലാർ രവി : സർ, താഴെപ്പറയുന്ന ഭേദഗതികളും ഞാൻ അവതരിപ്പിക്കുകയാണ്.

194. In clause 11 (1) after the words "appoint a Director" add the words who is an officer of the Government".

195A. In clause 11 (1) after the words "given to him" and "conferred to him" add the words "or her".

ഇതിൽ പ്രധാനമായിട്ട് ഉദ്ദേശിക്കുന്നത് ഡയറക്ടുടെ നിയമനമാണ്. ഡയറക്ടറെന്നു പറയുന്ന ആളിന് ഇപ്പോൾ ഈ അമൻറ്മെൻറ് വന്നപ്പോൾ അധികാരം കുറഞ്ഞിട്ടുണ്ടെങ്കിലും ആദ്യം വളരെയധികം അധികാരമുള്ള വ്യക്തിയായിട്ടാണ് വരുന്നത്. ആ അധികാരമാകട്ടെ, കമ്മീഷനിൽനിന്നും അൽപ്പം സ്വതന്ത്രമായിട്ട് പ്രവർത്തിക്കാൻ കഴിയുന്ന അധികാരവുമാണ്. ചെയർ പേഴ്സണേക്കാളും കൂടുതൽ അധികാരം വിനിയോഗിക്കാനുള്ള സ്വാതന്ത്ര്യം ലഭിക്കുന്നതായിട്ടാണ് ആദ്യം വന്നതെങ്കിലും ഇപ്പോൾ കൊണ്ടുവന്ന ഭേദഗതികൊണ്ട് ആ അധികാരം കമ്മീഷന്റെ

LIBRARY ARCHIVES Kerala Legislative Assembly

കീഴിലേക്ക് മാറിയിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനമായി വന്നിരിക്കുന്ന പ്രശ്നം, ചെയർ പേഴ്സണും കമ്മീഷനും എല്ലാം നോൺ ഒഫിഷ്യൽസ് ആണ്. ഡയറക്ടർ ഒരു പ്രധാനപ്പെട്ട ഓഫീസറായി പ്രവർത്തിക്കേണ്ടയാളാണ്. അങ്ങനെയെങ്കിൽ എന്റെ ഒന്നാമത്തെ ഭേദഗതി, ഡയറക്ടറായിട്ട് വരുന്ന ആൾ ആയിരിക്കണമെന്നതാണ്. ടേംസ് ആൻഡ് കണ്ടീഷൻസ് എന്താണെന്നുള്ളത് ഗവൺമെന്റ് നിശ്ചയിക്കുമെന്ന് പറഞ്ഞുവെങ്കിലും അതാരായിരിക്കണമെന്നുള്ളതിനെക്കുറിച്ച് വ്യക്തതയില്ല. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി മൂവ് ചെയ്യുന്നത്. കമ്മീഷനിൽ ഗവൺമെന്റിന്റെ ഒരു പ്രതിനിധി വരുന്നതുകൊണ്ട് കമ്മീഷന്റെ സ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തുമെന്നുള്ള അഭിപ്രായമുള്ള ആളല്ല ഞാൻ. കമ്മീഷന് പൂർണ്ണ സ്വാതന്ത്ര്യം വേണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. കമ്മീഷന്റെ ചെയർമാൻ മാറാം, മെമ്പർ മാറാം. ഡയറക്ടർ ഗവൺമെന്റിന്റെ ഒരു ഉദ്യോഗസ്ഥൻ ആകുമെങ്കിൽ, അതൊരു കേഡർ ഓഫീസറാകുമെങ്കിൽ വളരെ നന്നായിരിക്കും. ഈ വകുപ്പനുസരിച്ച് ഗവൺമെന്റിനും പുറത്തുള്ള ആരെവേണമെങ്കിലും കോൺട്രാക്ട് ബേസിസിൽ നിയമിക്കാം. അങ്ങനെ കോൺട്രാക്ട് ബേസിസിൽ ഉള്ള നിയമനത്തെക്കാൾ നല്ലത് ഡയറക്ടറായി വരുന്ന ഒരാൾ കാര്യപ്രാപ്തിയുള്ള കേരള ഗവൺമെന്റിന്റെ ഒരു ഉദ്യോഗസ്ഥനായിരിക്കണമെന്നുള്ളതാണ്. അത് കമ്മീഷന്റെ പ്രവർത്തനത്തിന് ഉത്തരവാദിത്വം വർദ്ധിപ്പിക്കാനും കമ്മീഷന്റെ മറ്റു രീതിയിലുള്ള പ്രാധാന്യം വർദ്ധിപ്പിക്കാനും സഹായിക്കും. അതുമാത്രമല്ല, അതൊരു കേഡർ ഉദ്യോഗസ്ഥനാണെങ്കിൽ വളരെ നന്നായിരിക്കുമെന്നാണെന്റെ അഭിപ്രായം. അതുകൊണ്ട് ഒന്നാമത്തെ ഭേദഗതിയനുസരിച്ച് നിയമിക്കുന്ന ഡയറക്ടർ സർക്കാർ ഉദ്യോഗസ്ഥനായിരിക്കും. അതിന്റെ കാളിഫിക്കേഷനെന്താണെന്നും ഗ്രേഡ് എന്താണെന്നും ഒക്കെ പിന്നീട് തീരുമാനിക്കാം. പക്ഷേ അതൊരു ഗവൺമെന്റ് ഓഫീസറായിരിക്കുന്നതാണ് കമ്മീഷന്റെ പ്രവർത്തനത്തിനു നല്ലത്. രണ്ടാമത്, ഒരു പുല്ലിംഗം അവിടെ ഉപയോഗിച്ചിരിക്കുന്നുവെന്നാണ്. അതായത്, 'him' എന്നാണ് പറഞ്ഞിരിക്കുന്നത്. വളരെ പ്രഗൽഭരായ വനിതാ ഉദ്യോഗസ്ഥകൾ നമ്മുടെ സർവ്വീസിലുണ്ട്. ഇവരെ ഒരു ഡയറക്ടറായി നിയമിക്കുന്നതിന് ഒരു തടസ്സവുമില്ല. അപ്പോൾ 'him' എന്നുമാത്രം പറഞ്ഞുകഴിഞ്ഞാൽ, 'him or her' എന്നുകൂടി പറയുന്നില്ലെങ്കിൽ അത് പുരുഷൻമാർക്ക് വേണ്ടിമാത്രമായി റിസർവ്വ് ചെയ്തു വച്ചിട്ടുള്ള ഒരു സ്ഥാനമാണെന്ന് തെറ്റിദ്ധരിക്കാൻ ഇടവരും. നിയമത്തിന്റെ വ്യാഖ്യാനം വരുമ്പോൾ 'him or her' എന്നുള്ളതിൽ ഒരു തർക്കമുണ്ടാകാനും ഇടയുണ്ട്. അതുകൊണ്ട് ഒന്നാമതായി, ഒരു സർക്കാർ സർവ്വീസിലുള്ള ആളായിരിക്കണം ഡയറക്ടറായി വരേണ്ടത്. രണ്ടാമത്, 'him' എന്നുള്ളതിനോടൊപ്പംതന്നെ 'or her' എന്നുകൂടി ചേർക്കണം, ഈ രണ്ട് ഭേദഗതികളാണ് ഈ വകുപ്പിൽ ഞാൻ നിർദ്ദേശിക്കുന്നത്.

[ശ്രീ. കെ. ജെ. തോമസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(195) In clause 11 (1) the words "for the purposes of the Act" may be substituted by the words "for the purposes of this Act".

11-ാം വകുപ്പിൽ The Government may, in consultation with the Commission, appoint a Director for making investigations
12 Noon] for the purposes of the Act എന്നാണ് പറഞ്ഞിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ന്റെ ഭേദഗതി for the purposes of this Act ആയിരിക്കണം എന്നാണ്. കാരണം ബാക്കിയുള്ള സ്ഥലങ്ങളിലെല്ലാം in this Act എന്നാണ് പറഞ്ഞിരിക്കുന്നത്. for the purposes of this Act അതാണ് ആദ്യം പറയുന്നത്. അതിനുശേഷവും അത് in this Act എന്നാണ് പറയുന്നത്. അതുകൊണ്ട് the Act എന്നതു മാറ്റി this Act പറയുന്നതാണ് ഭംഗി. അതാണ് കൂടുതൽ അർത്ഥവും ശരിയുമായിട്ടുള്ളത്. ഈ ഭേദഗതി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(197) In clause 11 after sub-clause (1) add the following sub-clause and renumber the remaining sub-clause, namely :— "(2) The rules for reservation of appointments and posts in Government Service in favour of Scheduled Castes, Scheduled Tribes and other Backward classes of Citizens shall mutatis-mutandis apply to the appointments under sub-section (1)".

(198) In clause 11 to sub-clause (1) add the following proviso, namely :—

"provided that where such appointment is made by direct recruitment the Kerala Public Service Commission shall be consulted".

ക്ലാസ്-11 ൽ സ്റ്റാഫിനെ അപ്പോയിന്റു ചെയ്യാനുള്ള അവകാശം കൊടുത്തിട്ടുണ്ട്. The Government may also provide the Commission with such other staff as may be necessary and prescribe their conditions of service.

എന്നു പറയുന്നുണ്ട്. ഞാൻ ഇവിടെ പറഞ്ഞിരിക്കുന്നത് സബ്ക്ലാസ് 1-നു ശേഷം add the follwing sub:clause and renumber the remaining sub clause.

The rules for reservation of appointments and posts in Government Service in favour of Scheduled Castes, Scheduled Tribes and other Backward classes of Citizens shall mutatis-mutandis apply to the appointments under sub-section (1) ഇതു പറയാൻ കാരണം ഡയറക്ടായിട്ടുള്ള സെലക്ഷൻ ഇതിൽ വരികയാണ്. കഴിഞ്ഞ ദിവസം അങ്ങുതന്നെ ഇവിടെ പറഞ്ഞു, ഹൈക്കോടതിക്കു കൊടുത്തിരിക്കുന്ന നിയമനങ്ങളിൽ റിസർവേഷൻ തത്വം പാലിക്കുന്നില്ല എന്ന്, അത് പാലിക്കേണ്ടതാണെന്ന് അങ്ങ് സൂചിപ്പിക്കുകയും ചെയ്തു. ഡയറക്ട് റിക്രൂട്ട്മെന്റിനുള്ള സൗകര്യം നിൽക്കുമ്പോൾ അതിനകത്ത് റിസർവേഷൻ തത്വം പാലിക്കണം എന്നൊരു വ്യവസ്ഥ നിയമത്തിൽ എഴുതിവച്ചില്ലെങ്കിൽ അത് ലംഘിക്കപ്പെടും. അത് ഡെപ്യൂട്ടേഷനിലുള്ള ആളുകൾക്കാണെങ്കിൽ തരക്കേടില്ല. ഇത് ഡെപ്യൂട്ടേഷൻ മാത്രമായിട്ട് നിൽക്കുകയില്ല. ബഹുമാനപ്പെട്ട മന്ത്രിതന്നെ പ്രോസിക്യൂഷൻ നടപടികൾക്കുള്ള അവകാശങ്ങൾ കൊടുക്കാൻ ഇവിടെ അമൻറ്മെൻറ്സ് മൂവ് ചെയ്തിട്ടുണ്ട്. ഈ കമ്മീഷന് കൊടുത്തിട്ടുള്ള വിപുലമായ അധികാരങ്ങളും നടപടിക്രമങ്ങളും നമ്മൾ നോക്കുമ്പോൾ സ്റ്റാഫിനെ കൊടുക്കേണ്ടിവരും. അങ്ങനെ സ്റ്റാഫിനെ നിയമിക്കുമ്പോൾ അതിൽ റിസർവേഷൻ തത്വം പാലിക്കുന്നില്ലെങ്കിൽ അത് ശരിയാവുകയില്ല. അതുകൊണ്ടാണ് ഞാൻ ഇത് പറഞ്ഞിരിക്കുന്നത്. അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

ഡയറക്ടറെ നേരിട്ടു നിയമിക്കുന്നതാണെങ്കിൽ അത് പി. എസ്. സി വഴി നിയമിക്കണമെന്നതാണ് എന്റെ 198-ാം ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിരിക്കുന്ന 268-ാം നമ്പർ ഭേദഗതിയെ ഞാൻ സ്വാഗതം ചെയ്യുന്നു. 5-ാം വകുപ്പിന് 135-ാം നമ്പർ ഭേദഗതിയായി ഞാൻ അവതരിപ്പിച്ചിരുന്നതിൽ ഒരു കാര്യം സൂചിപ്പിച്ചിരുന്നു. അതിനോടനുസൃതമായിട്ടാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഇതുകൂടി വന്നപ്പോൾ കുറച്ചുകൂടി ഭേദിയായിട്ടുണ്ട്. അതുകൊണ്ട് റിസർവേഷനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പരിശോധിച്ചോയെന്ന് എനിക്കറിയില്ല. അമൻറ്മെൻറ് നോക്കിക്കാണുമെന്നാണ് എന്റെ പ്രതീക്ഷ. 197-ാം നമ്പർ ഭേദഗതി ഈ നിയമത്തിൽ ആവശ്യമാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ) : സർ, ശ്രീ. കെ. ജെ. തോമസ് അവതരിപ്പിച്ച 195-ാം നമ്പർ ഭേദഗതി ഞാൻ സ്വീകരിക്കുന്നു. 194-ാം ഭേദഗതിയിൽ, ശ്രീ. രവി പറഞ്ഞിരിക്കുന്നത്, "who is an officer of the Government" എന്നാണ്. അതുവേണ്ട, ആഫീസറെയെടുക്കാൻ പാടില്ല എന്നൊന്നും ഇതിലില്ല. നിർബന്ധമായിട്ടും ആഫീസർതന്നെയായിരിക്കണം എന്നൊന്നു വേണ്ട. എന്താണെന്നുവച്ചാൽ ആഫീസർ ആണെങ്കിലേ കാര്യക്ഷമതയുണ്ടാവുകയുള്ളു എന്നൊന്നും ഞാൻ അംഗീകരിക്കുന്നില്ല. ആഫീസർതന്നെയായിരിക്കണം എന്നൊന്നും നിർബന്ധിക്കണ്ട. ആഫീസറെ വേണമെങ്കിൽ ആഫീസറെ എടുത്തോട്ടെ. അല്ലെങ്കിൽ പുറത്തുനിന്ന് എടുത്തോട്ടെ അത് അങ്ങനെ വിടുകയാണ് വേണ്ടത്. ആഫീസറെ എടുത്തുകൂടാ എന്നില്ല. ഇത് നമ്മൾ എഴുതിച്ചേർക്കാത്തതെന്താണെന്നുവച്ചാൽ പി. എസ്. സി. യുടെ നിയമനം വരുമ്പോൾ കെ എസ്. ആർ. ഒ. മറേറാ ആണ് വരുന്നത്. നിയമനം പി. എസ്. സി ക്ക് വിട്ടുകൊടുക്കുന്ന മുറയ്ക്ക് അത് ബാധകമാണ്. ചിലപ്പോൾ ഡെപ്യൂട്ടേഷനിൽ നടത്തേണ്ടിവരും. ഡെപ്യൂട്ടേഷനിലെടുക്കുന്നത് സർവ്വീസ് ചട്ടങ്ങളും മറ്റും നോക്കിക്കൊള്ളാവുന്നവർ ആരാണെന്ന് നോക്കിയാണ്. എന്നെ സംബന്ധിച്ചേടത്തോളം ഗവൺമെൻറ് സർവ്വീസാണെങ്കിൽ ഇന്നത്തെ നിലയിൽ റിസർവേഷൻ തത്വം അംഗീകരിക്കണം. അത് ഇപ്പോൾ പബ്ലിക് അണ്ടർടേക്കിംഗ്സിലായാലും എംപ്ലോയ്മെൻറിൽനിന്നും എടുക്കുന്നുണ്ട്. അവിടെയൊക്കെ റിസർവേഷൻ പാലിയും വേറെയും എടുക്കുന്നുണ്ട്. അതാണ് വരുന്നത്. അല്ലാതെ ചിലയിടത്തൊക്കെ നടക്കുന്നുണ്ട്. ഇല്ലെന്നല്ല. മുമ്പ് ഇവിടെ പറഞ്ഞതുപോലെ ഹൈക്കോടതി റൂളാണ്. അതിൽ ബാക്ക് വേർഡ് കമ്മ്യൂണിറ്റിയില്ല. എസ്. സി എസ്. ടി. മാത്രമേയുള്ളു. അത് 1975-ലോ 1972-ലോ പാസ്സാക്കിയതാണ്. പുതുതായിട്ട് മുൻസിഫിനും മജിസ്ട്രേട്ടിനും റിസർവേഷൻ വേണമെന്ന വിധത്തിൽ പറഞ്ഞിട്ടുണ്ട്. ഹൈക്കോടതിയിൽ അപ്പോയിൻറ് ചെയ്യുന്നത് ഹൈക്കോടതിയുടെ അവകാശമാണ്. അവർ വച്ചിരിക്കുന്ന റൂൾ എന്താണെന്നുവച്ചാൽ ബാക്ക്വേർഡ് കമ്മ്യൂണിറ്റിക്ക് അത് ബാധകമാക്കിയിട്ടില്ല. അത ഹൈക്കോടതിയാണ് ഉണ്ടാക്കുന്നത്. നമ്മൾ ഉണ്ടാക്കുന്നതല്ല. അതുകൊണ്ട് റിസർവേഷൻ തത്വം ബാധകമാക്കണമെന്നുള്ള നോട്ടിഫിക്കേഷൻ ഇഷ്യു ചെയ്തു. അതിൽ പറാതായും തർക്കവുമൊക്കെ വരുന്നുണ്ട്. അത് വരാതിരിക്കാൻ ചിലമിടുക്കൻമാർ നോക്കുന്നുണ്ട്. എന്താണെന്നുവച്ചാൽ, ഷെഡ്യൂൾഡ് കാസ്റ്റിന് 50 ശതമാനം മാർക്ക് വേണം. പിന്നെ എന്തിനാണ് സ്പെഷ്യൽ റിക്രൂട്ട്മെൻറ് 50 ശതമാനം മാർക്കുണ്ടായിരുന്നാൽ ആ കൂട്ടത്തിൽ പോവുകയില്ലേ ? ഷെഡ്യൂൾ കാസ്റ്റ്/ഷെഡ്യൂൾഡ് ട്രൈബിന് പ്രത്യേക ആനുകൂല്യമാണ്.

2/835/92/V.

LIBRARY ARCHIVES Kerala Legislative Assembly

അതിലെല്ലാം ചില കടുംപിടിയൊക്കെ ഹൈക്കോടതി നടത്തുന്നുണ്ട്. ഇവിടെ റിസർവേഷന്റെ കാര്യം പറയണമെങ്കിൽ ഡയറക്ടറെ ഡയറക്ട് റിക്രൂട്ട്മെന്റുവഴി എടുക്കണമെന്നു മാറ്റി എഴുതേണ്ടിവരും.

ശ്രീ. വയലാർ രവി : സർ, ഞാൻ ഉന്നയിച്ച പ്രശ്നം, ഡയറക്ടർ എന്നൊരു സ്ഥാനമുണ്ട്. I, may be permanent post. ഇവിടെ മിനിസ്റ്റർ പറഞ്ഞതനുസരിച്ച് പുറത്തു നിന്ന് ഒരാളെ റിക്രൂട്ട് ചെയ്തു കഴിഞ്ഞാൽ പിന്നെ പെർമനന്റ് ഇന്റേണസ്റ്റ് ഡവലപ്പ് ചെയ്യും. ആ സ്ഥാപനത്തിൽ ചെയർപേഴ്സണും മെമ്പർമാരും മാറിവരും. പക്ഷെ ഇവിടെ വരുന്ന ഒരാൾ പെർമനന്റ് ഇന്റേണസ്റ്റ് ഡവലപ്പ് ചെയ്തു കഴിഞ്ഞാൽ അത് ആ കമ്മീഷന്റെ പ്രവർത്തനത്തെ വളരെ വളരെ ദോഷമായി ബാധിക്കും. പക്ഷെ ഒരു ഗവൺമെന്റ് സർവെന്റാണെങ്കിൽ, Government can change the Director മൂന്നു കൊല്ലമോ നാലു കൊല്ലമോ ആക്കി മാറ്റാൻ കഴിയും. കമ്മീഷന്റെ പ്രവർത്തനം സ്വതന്ത്രവും നിഷ്പക്ഷവുമാണെങ്കിൽ. പെർമിനന്റായിട്ടുള്ള ഒരു ഇൻസ്റ്റിറ്റ്യൂഷനിൽ പെർമനന്റ് ഇന്റേണസ്റ്റ് ഡവലപ്പ് ചെയ്യാൻ പാടില്ല. എല്ലാ സ്ഥാപനങ്ങളിലും പെർമനന്റ് ഇന്റേണസ്റ്റ് ഡവലപ്പ് ചെയ്യുന്നുണ്ട്. അതുകൊണ്ട് ഡയറക്ടറെ ഏതു തരത്തിലെങ്കിലും നിക്രൂട്ട് ചെയ്ത് ജീവിതാവസാനം വരെ വയ്ക്കാനാണ് തീരുമാനമെങ്കിൽ ആ കമ്മീഷന്റെ പ്രവർത്തനത്തിന് ഏറ്റവും വലിയ തടസ്സം ഈ ഡയറക്ടറായി വരും. കാരണം അത് വെസ്റ്റഡ് ഇന്റേണസ്റ്റാണ്. മനുഷ്യസ്വഭാവവുമാണ്. എല്ലാ സ്ഥാപനങ്ങളിലും ഉള്ളതുപോലെ അത് ഡവലപ് ചെയ്യും. അയാളെ ഒരു ഗവൺമെന്റ് സർവെന്റാണെങ്കിൽ I have no doubt the Government can change the person within three or four years. The authority is with the Government to change the Director and to an extent can keep the independance, freedom and fair play of the commission. But is you appoint a Director directly and give a permanent appointment he is going to be a director of the Commission resulting direct conflict with the chair-person and the Commission. So to avoid such a confrontation or conflict it is always better for the Government to appoint an officer on deputation. That is why I move my amendent. I request the Government to consider it again.

ശ്രീമതി കെ. ആർ. ഗൗരി അമ്മ : സർ, ഞാൻ പറഞ്ഞതിൽ ഗവൺമെന്റ് ഉദ്യോഗസ്ഥനെ എടുക്കുകയില്ലെന്ന് പറഞ്ഞില്ല. അതുതന്നെ നിർബന്ധമാക്കണമെന്നു പറഞ്ഞില്ല. എന്താണ് ഗവൺമെന്റ് ഉദ്യോഗസ്ഥൻ തന്നെ വേണമെന്ന് ഇത്ര നിർബന്ധം ? ഞാൻ ഉദ്യോഗസ്ഥൻമാർക്കെല്ലാം എതിരാണെന്നാണ് ഇവിടെയുള്ള സംസാരം കേട്ടാൽ തോന്നുന്നത്. ഉദ്യോഗസ്ഥൻമാർ മാത്രമാണ് മിടുക്കൻമാർ എന്ന് ഞാൻ ധരിച്ചിട്ടില്ല. മിടുക്കൻമാരായ ഉദ്യോഗസ്ഥൻമാരും ഉണ്ട്. അവരെ, ഡെപ്യൂട്ടേഷനിൽ എടുക്കാം, വേറെ ആയെങ്കിലും എടുക്കാം. അങ്ങനെ എടുക്കുന്ന ആളുകൾ അവിടെ വെസ്റ്റഡ് ഇന്റേണസ്റ്റ് ഉണ്ടാക്കി കൊള്ളരുതായ്മ കാണിക്കുകയാണെങ്കിൽ കമ്മീഷന് അവരുടെ പേരിൽ നടപടി എടുക്കാനും അവരെ പുറത്തുകളയാനും അധികാരമുണ്ട്. ആരെയാണ് പേടിക്കുന്നത് ? കൊള്ളരുതാത്ത ഉദ്യോഗസ്ഥൻമാർ വന്നാൽ അവരുടെ പേരിൽ നടപടി എടുത്താൽ എന്താണ് തെറ്റ് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വയലാർ രവി : ഇന്നത്തെ നിയമമനുസരിച്ച് ഒരു പ്യൂണിനെ പ്പോലും അത്ര പെട്ടെന്ന് പിരിച്ചുവിടാൻ ഗവൺമെൻറിന് കഴിയുകയില്ല. എത്രയോ കടമ്പകൾ കടന്ന ലാണ് ഒരു പ്യൂണിനെ മാറ്റാൻ വേണ്ടി കഴിയുന്നതെന്ന് നമുക്കെല്ലാം അറിയാവുന്നതാണ്. അത് അത്ര എളുപ്പ മാണെന്ന് മന്ത്രി ധരിക്കണ്ട. നമുക്ക് വാചകത്തിൽകൂടി പറയാൻ എളുപ്പ മായിരിക്കും.

of course it is left to the Minister to accept or not.

ശ്രീ. ടി. എം. ജോക്കബ് : അതിനകത്ത് എനിക്ക് തോന്നുന്നത് സബ്ക്ലാസ്-2 പ്രകാരം ഗവൺമെൻറ് അത് ശ്രദ്ധിച്ചാൽ മതി. അതിന്റെ ടേംസ് ആൻറ് കണ്ടീഷൻസും മറ്റു കാര്യങ്ങളുമൊക്കെ പ്രിസ്ക്രൈബ് ചെയ്യുമെന്ന് പറയുന്നുണ്ട്. ആ സമയത്ത് ശ്രീ. വയലാർ രവി പറഞ്ഞ കാര്യങ്ങളും ശ്രദ്ധിച്ചാൽ മതി.

Mr. Speaker : I think your suggestions can be included in the rules. The rules making power is with the Government and they will have to do it.

ശ്രീ. ടി. എം. ജേക്കബ് : സർ, ആ ഭേദഗതി റിക്രൂട്ട്മെൻറിന്റെ സമയത്ത് കൺസിഡർ ചെയ്യാമെന്ന് മന്ത്രി പറഞ്ഞിട്ടുണ്ട്.

കെ. ആർ. ഗൗരി അമ്മ : സർ, എല്ലാ ഉദ്യോഗസ്ഥൻമാർക്കും ബാധക മാകുന്നതുപോലെയാണ് അതും വന്നത്. ഇത് ഒന്നുകൂടി ഡ്രാഫ്റ്റ് ചെയ്യാൻ പറഞ്ഞിട്ടുണ്ട് Deputation or direct recruitment. ഡയറക്ടർ റിക്രൂട്ട്മെൻറിന് കെ. എസ്. ആർ ഇന്ന പ്രൊവിഷൻ ബാധക മാണെന്ന് എഴുതിയാൽ മതി. അത്ര സിമ്പിളായിട്ട് എഴുതാം ശ്രീ. ടി. എം. ജേക്കബ് ഇപ്പോൾ ആ അമൻറ്മെൻറ് പ്രസ് ചെയ്യാതിരുന്നാൽ മതി.

ശ്രീ. ടി. എം. ജേക്കബ് : സർ, എന്റെ 197-ാം നമ്പർ ഭേദഗതി ഒന്നുകൂടി നോക്കണമെന്നാണ് മന്ത്രി പറഞ്ഞത്. അതുകൊണ്ട് എനിക്ക് തോന്നുന്നത് 11-ാം വകുപ്പിന്റെ ചർച്ച ഇപ്പോൾ ഇവിടെവച്ച് നിർത്തിയിട്ട് 12-ാം വകുപ്പ് എടുക്കാം 12-ാം വകുപ്പ് കഴിഞ്ഞിട്ടു ഇത് എടുക്കാം അപ്പോഴേയ്ക്കും അത് നോക്കി വരാമല്ലോ.

ശ്രീമതി കെ. ആർ. ഗൗരി അമ്മ : അത് വേണ്ട ജേക്കബ്ബേ. 11-ാം വകുപ്പ് പാസ്സാക്കിക്കൊള്ളട്ടെ. സർവ്വീസ് ചട്ടങ്ങളും മറ്റ് കാര്യങ്ങളുമൊക്കെ വരുമ്പോൾ പ്രത്യേകം ഒരു പ്രൊവൈസോ എഴുതാമെന്ന് പറഞ്ഞിരിക്കുകയാണ്. അത് അവർ എഴുതികൊണ്ടുവരും. 195, 268 എന്നീ അമൻറ്മെൻറുകളോടുകൂടി 11-ാം വകുപ്പ് പാസ്സാക്കാം.

ശ്രീ. വയലാർ രവി അവതരിപ്പിച്ച 194, 195 (A) എന്നീ നമ്പർ ഭേദഗതിയും സഭാ വോട്ടിനു നിരാകരിച്ചു.

ശ്രീ, കെ. ജെ. തോമസ് അവതരിപ്പിച്ച 195-ാം നമ്പർ ഭേദഗതി സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 197, 198 എന്നീ നമ്പർ ഭേദഗതികളും സഭ വോട്ടിനിട്ട് അംഗീകരിച്ചു

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി അവതരിപ്പിച്ച 268-ാം നമ്പർ ഭേദഗതി സഭ വോട്ടിനു അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭാ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പു ബില്ലിന്റെ വതയായിത്തീർന്നു.

Shri T.M.Jacob: Sir, I move the following ammendment:

(210) Redratft clause 12 as shown below:

12. Provision for Salaries and Allowances etc. The Salaries and allowances Payable to the members shall be charged on the consolidated fund of the State.

സർ, കമ്മീഷന്റെ കാര്യങ്ങൾ, സ്റ്റാഫിന്റെ ചെലവ്, പെൻഷന്റെ കാര്യങ്ങൾ തുടങ്ങിയവയെല്ലാം കൺസോളിഡേറ്റഡ് ഫണ്ടിൽ ചാർജ് ചെയ്യണമെന്നാണ് ബില്ലിൽ പറഞ്ഞിരിക്കുന്നത്. സാധാരണഗതിയിൽ കൺസോളിഡേറ്റഡ് ഫണ്ടിൽ കൂടുതൽ ചെലവുകൾ ചേർക്കുന്നതുതന്നെ വളരെ തെറ്റാണ്. അതായത് സഭയിൽ വോട്ട് ചെയ്തില്ലെങ്കിൽ വലിയ കുഴപ്പം സംഭവിക്കുന്ന കേസുകൾക്കു മാത്രമേ നമ്മൾ അങ്ങനെ ചെയ്യാറുള്ളൂ. എനിക്ക് തോന്നുന്നത് കമ്മീഷന്റെ കാര്യം മാത്രം വേണമെങ്കിൽ ചാർജ് ചെയ്യാം എന്ന് ആക്കുക. ബാക്കിയുള്ള സ്റ്റാഫിന്റെയും മറ്റുമുള്ള ചെലവുകളും കൺസോളിഡേറ്റഡ് ഫണ്ടിൽ ചാർജ് ചെയ്യുന്നത് ശരിയല്ല. അത് നമ്മുടെ പ്രിൻസിപ്പിളിനു തന്നെ എതിരാണ്. ഞാൻ എന്റെ ഭേദഗതിയിൽ

The Salaries and allowances payable to the members shall be charged on the consolidated fund of the State. എന്നാണ് പറഞ്ഞിരിക്കുന്നത്. സാധാരണഗതിയിൽ കൺസോളിഡേറ്റഡ് ഫണ്ടിൽ അധിക ചെലവുകൾ ചേർക്കുന്നത് പ്രിൻസിപ്പാളിനുതന്നെ തെറ്റാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ): സർ, കൺസോളിഡേറ്റഡ് ഫണ്ടിൽ ഈ ചെലവുകൾ ചേർക്കുന്നതുകൊണ്ട് എന്ത് തെറ്റാണ് എനിക്ക് മനസിലാകുന്നില്ല. നമ്മൾ അഴിമതി നിരോധന നിയമത്തിൽ കൺസോളിഡേറ്റഡ് ഫണ്ട് എന്നാണ് എഴുതിവച്ചിരിക്കുന്നത്. കൺസോളിഡേറ്റഡ് ഫണ്ട് എന്നുവച്ചാൽ ഗവൺമെന്റ് പണം എന്നാണ്. അത് നമ്മൾ ഇടക്കാലത്തേക്ക് ഉപയോഗിക്കാൻ വേണ്ടി വയ്ക്കുന്ന പണമാണ്; in case of exigency. അങ്ങനെ വരുന്നതുകൊണ്ട് തകരാറൊന്നുമില്ല. എന്താണെന്നു വച്ചാൽ പ്രത്യേകം ബഡ്ജറ്റിൽ പ്രൊവിഷൻ ഇല്ലാതെ മാറ്റു വിധത്തിൽ വരുന്നതാണ്. It is an independent commission.

ശ്രീ. ടി. എ. ജേക്കബ്: സാധാരണ ഇത് നമ്മുടെ പ്രിൻസിപ്പിളിനു എതിരാണ്. സഭ വോട്ട് ചെയ്തില്ലെങ്കിൽ എന്തെങ്കിലും ബുദ്ധിമുട്ട് സംഭവിക്കുന്ന കേസുകളിൽ, exigency എന്ന് മന്ത്രി പറഞ്ഞത് ഞാൻ സമ്മതിക്കുന്നു. പക്ഷേ ഇതു മുഴുവൻ കൺസോളിഡേറ്റഡ് ഫണ്ടിൽ ചാർജ് ചെയ്യുമെന്നു പറയുന്നത് ശരിയല്ലെന്നാണ് എനിക്ക് തോന്നുന്നത്. അത് പ്രിൻസിപ്പിളിനു എതിരാണ്.

ശ്രീ. ടി. എ. ജേക്കബ് അവതരിപ്പിച്ച 210-ാം നമ്പർ ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

12-ാം വകുപ്പ് സഭ ബില്ലിന്റെ ഭാഗമായിത്തീർന്നു.

LIBRARY ARCHIVES Kerala Legislative Assembly

13-ാം വകുപ്പ്

Shri Vayalar Ravi : Sir, I move the following amendments (211) In clause 13 (1) substitute the following namelys :—

"the commission may keep a register of women organisations Governed by written rules, regulations or bye-laws and work for the uplift, development welfare or promotion of the interest of women of its objectives."

(212) In clause 13 (1) after "interests of women" "or women's wing of any other organisations having all or any of the above activities as one of its objectives".

സർ, ഈ വകുപ്പിൽ പറഞ്ഞിട്ടുള്ള 'രജിസ്ട്രേഷൻ' എന്തിനാണെന്നുള്ളത് വ്യക്തമല്ല. അതിൽ എനിക്ക് ശക്തമായ എതിർപ്പുണ്ട്. അത് ദുരുപയോഗപ്പെടുത്തുന്നതിനും സാദ്ധ്യതയുണ്ട്. ഈ രാജ്യത്ത് പ്രവർത്തിക്കുന്ന വിവിധ വനിതാ സംഘടനകളേയും സാമൂഹ്യക്ഷേമ സംഘടനകളേയും മുഴുവൻ നിയന്ത്രിക്കുന്നത് ഈ വനിതാ കമ്മീഷനാണ്. ആ നിയന്ത്രണത്തിന് വ്യത്യസ്തമായ രൂപമുണ്ടാകാം, രാഷ്ട്രീയ സ്വഭാവമുണ്ടാകാം. ആ രീതിയിൽ സംഘടനകളുടെ മുഴുവൻ നിയന്ത്രണം ഈ കമ്മീഷനിൽ നിക്ഷിപ്തമാക്കുന്നത് പ്രത്യേകിച്ച് ഇന്ന് ഇവിടെ നിലനിൽക്കുന്ന വ്യവസ്ഥ അനുസരിച്ച് ഒരിക്കലും ശരിയല്ല. അത് ജനാധിപത്യത്തിന്റെ തത്വത്തേയും ജനാധിപത്യത്തിന്റെ മാന്യതയേയും ഒരു പോലെ തുരങ്കം വയ്ക്കും. കാരണം ഈ കമ്മീഷൻ രാഷ്ട്രീയത്തിന് അതീതമാണെന്ന് എത്രതന്നെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞാലും അംഗീകരിക്കാനും വിശ്വസിക്കാനും ഞാൻ തയ്യാറല്ല. അത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഇവിടെ ഭരിക്കുന്നതുകൊണ്ടു മാത്രമല്ല. ഏത് കക്ഷി ഭരിച്ചാലും രാഷ്ട്രീയത്തിന്റെ അതിപ്രസരം പ്രത്യേകിച്ച് വ്യക്തികളെ നിയമിക്കുന്നതുപോലുള്ള കാര്യങ്ങൾ കമ്മീഷനുകളിൽ ഉണ്ടാകാം. നിലവിൽ വരുന്ന സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിൽപോലും ഇന്ന് ആക്ഷേപം ഉയർന്നിരിക്കുന്നത് രാഷ്ട്രീയ സ്വാധീനം ഉണ്ടാകുന്നു എന്നാണ്. എന്തിനേറെ ഭരണഘടനയിലെ ഏറ്റവും അടിസ്ഥാനശിലകളിൽ ഒന്നായ കോടതികളെ പോലും ഈ നിയമസഭയുടെ തലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിവരെ വിമർശിച്ചിട്ടുണ്ട്. അപ്പോൾ ഭരണഘടനാ സ്ഥാപനങ്ങളെപ്പോലും വിമർശിക്കുകയും അവയുടെ പ്രവർത്തനങ്ങളിൽപ്പോലും രാഷ്ട്രീയച്ചുവ കണ്ടെത്തുകയും ചെയ്യുന്നതാണ് ഇന്ന് ഈ രാജ്യത്തെ വ്യവസ്ഥയെങ്കിൽ, ഇതുപോലെ ഗവൺമെന്റ് നിയമിക്കുന്ന ഒരു വനിതാ കമ്മീഷന്റെ പ്രവർത്തനം എല്ലാവിധമായ രാഷ്ട്രീയത്തിനതീതമായി, സത്യസന്ധമായി സന്യാസിവര്യൻമാരെപ്പോലെ എല്ലാവിധമായ നീതിധർമ്മങ്ങളും പാലിക്കുന്ന ഒരു കമ്മീഷനായിരിക്കുമെന്ന് മന്ത്രി പറഞ്ഞാൽ അത് അംഗീകരിക്കാൻ സാദ്ധ്യമല്ല. ഈ കമ്മീഷന്റെ കാര്യത്തിൽ ഞാൻ ദുരുദ്ദേശം കാണുന്നു. ഇതിന് ഒരു ദുരുദ്ദേശമുണ്ട്.

സർ, ആ ദുരുദ്ദേശം, ഇവിടെ പ്രവർത്തിക്കുന്ന മുഴുവൻ വനിതാ സംഘടനകളേയും തങ്ങളുടെ ചൊൽപ്പടിയിൽ കൊണ്ടുവരാനും, തങ്ങൾക്ക് ഇഷ്ടം ഇല്ലാത്തവരെ പുറത്താക്കാനും അവരെ അപമാനിക്കാനും എന്തിനേറെപറയുന്നു, അവർക്ക് മറ്റു സ്ഥാപനങ്ങളിൽ നിന്നും കിട്ടുന്ന രജിസ്ട്രേഷൻ വരെ റദ്ദാക്കിക്കൊണ്ട് അവർക്ക് ഇന്നുള്ള പ്രവർത്തന സ്വാതന്ത്ര്യത്തെ പൂർണ്ണമായും കടിഞ്ഞാണിടാൻ മാത്രമേ ഈ കമ്പൽസറി രജിസ്ട്രേഷൻ സഹായിക്കുകയുള്ളൂ എന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഈ രജിസ്ട്രേഷൻ സമ്പ്രദായത്തെ ഞാൻ ശക്തിയായി എതിർക്കുന്നു. രജിസ്ട്രേഷൻ സമ്പ്രദായം യാതൊരു കാരണവശാലും ഗവൺമെൻറ് നിർബന്ധിക്കരുത് എന്ന് ഞാൻ പറയുന്നു. അത് ജനാധിപത്യപരമായി സംഘടനകൾ രൂപീകരിക്കാനും പ്രവർത്തിക്കാനുമുള്ള വനിതകളുടെ അവകാശത്തെ തുരങ്കംവയ്ക്കുകയും പൂർണ്ണമായും ഗവൺമെൻറിൻെറ ചൊൽപ്പടിയിൽ നിൽക്കുന്ന ഒരു കമ്മീഷൻെറ നിയന്ത്രണത്തിൽ കൊണ്ടുവന്ന് അവയെ പാട്ടിലാക്കാൻ ശ്രമിക്കുകയും ചെയ്യുമെന്നുള്ളതുകൊണ്ട് ഞാൻ എതിർക്കുന്നു. മറൊരു വകുപ്പ് ഇതിനുവേണ്ടി അവതരിപ്പിക്കുന്നു. അത് ഇതാണ്. അതായത് കമ്മീഷൻെറ അറിവിനുവേണ്ടി, കമ്മീഷൻെറ പ്രവർത്തന സൗകര്യത്തിനുവേണ്ടി, കേരളത്തിൽ പ്രവർത്തിക്കുന്ന വനിതാ സംഘടനകൾ ഏതൊക്കെയാണെന്ന് അറിയാനും അവയുമായി ബന്ധപ്പെടാനും കഴിയണം. അതിന് ആവശ്യമെങ്കിൽ കമ്മീഷൻ ഒരു രജിസ്റർ സൂക്ഷിക്കണം. ആ രജിസ്റിൽ നിന്നും സംഘടനകൾ ഏതൊക്കെയാണെന്ന് അറിയുകയല്ലാതെ, രജിസ്ട്രേഷൻ നടത്താനുള്ള കമ്പൽസറി—ഒരു മാൻഡേറ്ററി പ്രൊവിഷൽ ഇപ്പോൾ അടിച്ചേൽപ്പിക്കുന്നത് ജനാധിപത്യ വിരുദ്ധമാണ്. അതുകൊണ്ടാണ് എതിർക്കുന്നത്. കമ്മീഷൻെറ പ്രവർത്തന സൗകര്യത്തിനുവേണ്ടി ഒരു രജിസ്റർ സൂക്ഷിക്കാം. ആ രജിസ്റിൽ വനിതാ സംഘടനകളുടെ പേരുകൾ എല്ലാം എഴുതിച്ചേർക്കാം. അവരെ ആവശ്യമുള്ളപ്പോൾ വിളിക്കുകയോ കാണുകയോ ഒക്കെ ചെയ്യാം. അതാല്ലാതെ ഒരു മാൻഡേറ്ററി പ്രൊവിഷനായി അടിച്ചേൽപ്പിക്കുന്നത് ജനാധിപത്യ വിരുദ്ധമാണ്.

സർ, രണ്ടാമത്തെ കാര്യം, ഇതിൽ എങ്ങനെ രാഷ്ട്രീയം വരുമെന്നുള്ളത് ഞാൻ ചൂണ്ടിക്കാണിക്കാം. ബില്ലിൽ പറഞ്ഞിരിക്കുന്നത് വളരെ ഇൻറർസ്റിംഗ് ആണ്. എൻെറ 212-ാമത്തെ ഭേഗതിയിൽ പറഞ്ഞിരിക്കുന്നത്. after "interests of women" delete "or women's wing of any other organisations having all or any of the above activities is one of its objectives". എന്നാണ് അതായത് ഏതെങ്കിലും സംഘടനയുടെ വനിതാ വിഭാഗം—വനിതാ വിഭാഗം കോൺഗ്രസിനുണ്ട്, മാർക്സിസ്റ് കമ്മ്യൂണിസ്റ് പാർട്ടിക്കുണ്ട്, സി. പി. ഐ. ക്ക് ഉണ്ട്, എല്ലാവർക്കും ഉണ്ട്. എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും അവരുടെ, വിമെൻസ് വിങ്ങുകളുണ്ട്. ആ വിമെൻസ് വിങ്ങുകളെയും ഇതിൽ ഉൾപ്പെടുത്തി വരുന്നു. അതിൻെറ അർത്ഥമെന്താണ്? അപ്പോൾ അത് സാധാരണ പ്രവർത്തിക്കുന്നത് ഒരു വനിതാ സംഘടനയെക്കുറിച്ച് മാത്രമല്ല ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുടേയോ അല്ലെങ്കിൽ സംഘടനകളുടെയോ വനിതാവിഭാഗങ്ങളേയും ഇതിൽ ഉൾപ്പെടുത്തിക്കൊണ്ട് വരുന്നുണ്ട്. അത് യാതൊരു കാരണവശാലും നമുക്ക് അംഗീകരിച്ചുകൊടുക്കാൻ കഴിയുന്ന ഒന്നല്ല. അതുകൊണ്ട് നിശ്ചയമായും ഈ രജിസ്ട്രേഷൻ എന്നുള്ളത് മാറണം. 13 (1)-ൽ പറഞ്ഞിരിക്കുന്ന or women's wing of any other organisation having all or any of the above activities as one of its objectives എന്നാണ്. അതായത് കോൺഗ്രസിൻെറ കീഴിൽ പ്രവർത്തിക്കുന്ന മഹിളാ കോൺഗ്രസ് ഈ കമ്മീഷനിൽ രജിസ്റർ ചെയ്യണമെന്നാണ് പറയുന്നത്. വിമൻസ് വിംഗ് എന്ന് പറഞ്ഞാൽ ഓരോ പാർട്ടികളുടേയും വിങ്ങാണ്. അത് രജിസ്റർ ചെയ്യണമെന്നാണ് പറയുന്നത്. അത് ശരിയല്ല. അതുകൊണ്ട് അത് മാറണം. ജനാധിപത്യ സ്വഭാവത്തേയും സംഘടനകളെയും ശ്വാസംമുട്ടിക്കാൻ കഴിയുന്ന വിധത്തിൽ ജനാധിപത്യ വിരുദ്ധമാണ് മാൻഡേറ്ററി പ്രൊവിഷൻ എന്നുള്ളതുകൊണ്ട് ഞാൻ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : Sir, I move the following amendments :

(214) In clause 13 (1) delete "or womens" wing of any other organisations having all or any of the above activities as one of its objectives"

(216) In clause 13 (1) for the words "apply to the Director" substitute "Apply to the commission".

(220) In clause 13 for sub-clause (2) substitute the following :

"(2) The Commission may cause the application to be enquired into by the Director in such manner as may be prescribed".

(223) For sub-clause (3) of clause 13 substitute the following :

"(3) The commission may consider the report of enquiry by the Director and in cases where the organisations satisfies the norms prescribed in this behalf it may direct that subject to such terms and conditions as the commission may specify the name and other particulars of the organisation be registered in the manner prescribed and shall issue a certificate of registration in the prescribed form".

(225) After sub-clause (3) of clause 13 add the following as sub-clause (4)

"(4) If the organisation does not satisfy the norms prescribed for he registration the Commission may reject the application :

Provided that an application shall not be rejected unless the applicant is given a reasonable opportunity for being heard".

സർ, ഇതിനകത്ത് സെലക്ട് കമ്മിറ്റിക്ക് പോയ അവസരത്തിൽ ഉണ്ടായിരുന്ന വ്യവസ്ഥയിൽ നിന്ന് വ്യത്യസ്തമായിട്ടാണ് ഇപ്പോൾ 13-ാമത്തെ ക്ലാസ് റീഡ്രാഫ്റ്റ് ചെയ്തിരിക്കുന്നത്. 13-ാം വകുപ്പ് സെലക്ട് കമ്മിറ്റിക്ക് പോകുന്നതിനു മുമ്പുള്ള അതിന്റെ രൂപമാണ് ബില്ലിനകത്ത് ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നത്.

''വനിതാ സംഘടനകളുടെ രജിസ്ട്രേഷൻ :

"(1) ലിഖിതമായ ചട്ടങ്ങൾ, റഗുലേഷനുകൾ അല്ലെങ്കിൽ ബൈലാകൾ ഇവയാൽ നിയന്ത്രിക്കപ്പെടുന്നതും 5 വർഷത്തിൽ കുറയാത്ത തുടർച്ചയായ ഒരു കാലയളവിൽ സ്ത്രീകളുടെ ഉന്നമനം, വികസനം, ക്ഷേമം അല്ലെങ്കിൽ സ്ത്രീകളുടെ താൽപ്പര്യങ്ങൾ പ്രോൽസാഹിപ്പിക്കൽ, ഇവയ്ക്കായി പ്രവർത്തിച്ചുവരുന്നതുമായ ഏതൊരു വനിതാ സംഘടനയ്ക്കും അപ്രകാരമുള്ള സംഘടനയെ കമ്മീഷനിൽ രജിസ്റ്റർ ചെയ്യുന്നതിന് ഡയറക്ടറോട് അപേക്ഷിക്കാവുന്നതാണ്''. ഇതാണ് സെലക്ട് കമ്മിറ്റിക്ക് പോയപ്പോഴുണ്ടായിരുന്നത്. സെലക്ട് കമ്മിറ്റിയിൽ നിന്ന് വന്ന അവസരത്തിലാണ് Any women's organisation governed by written rules, regulations or bye-laws and working for the uplift, development, welfare or promotion of the interests of women or women's wing of any other organisation having all or any of the above activities as one of its objectives.... എന്നാക്കിയത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ശ്രീ. വയലാർ രവി ഇവിടെ പറഞ്ഞതുപോലെ womens wing of any other organisation having....any വിമെൻസ് വിംഗ് എന്ന് പറയുന്നത് എല്ലാ രാഷ്ട്രീയ സംഘടനകൾക്കുമുള്ള പോഷക സംഘടനയിൽപ്പെടുന്നവയാണ്. ഞാൻ മാർക്സിസ്റ്റ് പാർട്ടിയെ ഉദ്ദേശിച്ചല്ല പറയുന്നത്. ഇവിടെ ഇപ്പോഴും വനിതാ സംഘടനയില്ലാത്ത പാർട്ടി ഏതാണ്? എല്ലാ പാർട്ടിക്കും ഉണ്ട്. അപ്പോൾ അതിനകത്ത് അതിന്റെ ഇൻറർപ്രിറേഷൻ വരുന്നത് or women's wing of any other organisation വേറെ ഏതെങ്കിലും ഓർഗനൈസേഷന്റെ വിമെൻസ് വിംഗ് എന്നാണ് പറഞ്ഞിരിക്കുന്നത്. പിന്നെ അതിനകത്ത് ബഹുമാനപ്പെട്ട ഗൗരി അമ്മ ഒന്ന് ആലോചിക്കേണ്ട സംഗതി ; എന്തായാലും ബില്ലിനകത്താണ് ഇപ്പോൾ വന്നിരിക്കുന്നത്. വനിതാ സംഘടനകളുടെ രജിസ്ട്രേഷൻ നമ്മൾ എന്തിനാണ് ബില്ലുമായിട്ട് കൂട്ടിക്കുഴക്കുന്നത്. എന്റെ അഭിപ്രായത്തിൽ അത് ആവശ്യമില്ല. കാരണം ഇപ്പോൾ വനിതകളെ സംബന്ധിച്ച് വനിതകൾക്ക് പ്രശ്നമുണ്ടാകുന്നുവെങ്കിൽ അത് ഈ കമ്മീഷന്റെ മുന്നിൽ കൊണ്ടുവരാനുള്ള അവകാശം നമ്മൾ അടുത്ത വകുപ്പുകളിൽ കൊടുക്കുന്നുണ്ട്. അത് ഇൻഡിവിഡുവലായിട്ട് വരാം; സംഘടനാപരമായിട്ട് വരാം. എങ്ങനെ വേണമെങ്കിലും വരട്ടെ. വനിതാ സംഘടനകൾ രജിസ്റ്റർ ചെയ്യാനുള്ള ഒരു ബോഡിയാക്കി വനിതാ കമ്മീഷനെ നമ്മൾ മാറ്റേണ്ട ആവശ്യമില്ലെന്നുള്ള അഭിപ്രായം എനിക്കുണ്ട്. അത് സെലക്ട് കമ്മിറ്റിക്ക് പോകുന്നതിനു മുമ്പ് ഈ നിയമസഭയിൽ ചുരുക്കമായി പറഞ്ഞ അവസരത്തിൽ ഞാൻ സൂചിപ്പിച്ച ഒരു സംഗതിയാണ്. ബഹുമാനപ്പെട്ട മന്ത്രി പറയുമ്പോൾ അത് വ്യക്തമാക്കണം. വനിതാ സംഘടനകളുടെ രജിസ്ട്രേഷൻ നിയമത്തിന്റെ പർവ്യൂവിൽ വരുന്ന ഒരു സംഗതിയല്ല. വനിതകളുടെ ഉന്നമനം, വനിതകൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ സമൂഹത്തിൽ അവർക്കെതിരെ ഉണ്ടാകുന്ന അനീതികൾക്ക് പരിഹാരമുണ്ടാക്കൽ, ഇതാണ് നമ്മുടെ ലക്ഷ്യം. ആ ലക്ഷ്യപ്രാപ്തിക്കു വേണ്ടിയുള്ള നടപടികൾ നമ്മൾ സ്വീകരിക്കണം. അതിനുവേണ്ടിയുള്ള വ്യവസ്ഥകൾ ഇതിനകത്ത് നമ്മൾ ചേർക്കുകയും ചെയ്യേണ്ടതുണ്ട്. അതേസമയം ഈ വനിതാ സംഘടനകളുടെ രജിസ്ട്രേഷൻ എന്നുള്ള ഒരു ആശയം വരേണ്ടതായിട്ടില്ല എന്നുള്ളതാണ് എനിക്ക് തോന്നുന്നത്. അതാണ് എനിക്ക് പൊതുവായിട്ട് പറയാനുള്ളത്. 214-നെ സംബന്ധിച്ചിടത്തോളം ഞാൻ ഇപ്പോൾ പറഞ്ഞ അടിസ്ഥാനത്തിലാണ് ഈ ഗവൺമെൻറിൽ ഞാൻ ഉദ്ദേശിച്ചിരിക്കുന്നത്. എനിക്ക് തോന്നുന്നത് ഇതിൽ രാഷ്ട്രീയ വൽക്കരണം വരുമെന്നാണ്. ബഹുമാനപ്പെട്ട ഗൗരി അമ്മ ഇപ്പോൾ മന്ത്രി ആയിട്ട് ഇരിക്കുന്നു. ഇലക്ഷൻ കഴിഞ്ഞ് വേറെ ഒരു ഗവൺമെൻറ് ആണ് വരുന്നത്. വേറെ മന്ത്രിമാർ വരും. ആ സാഹചര്യത്തിൽ, മന്ത്രിമാരായി വരുന്ന ആളുകൾക്ക് verted interest ഉണ്ടാവാൻ പാടില്ല എന്നൊക്കെ പറയുന്നുണ്ട്. പക്ഷേ, പലപ്പോഴും അങ്ങനെ ഉണ്ടാകും. നമ്മൾ കമ്മീഷനെ രാഷ്ട്രീയവൽക്കരിക്കാൻ ശ്രമിക്കുന്നത് ഒരിക്കലും ശരിയല്ല. അപ്പോൾ അംഗീകരിച്ചാലും ഇല്ലെങ്കിലും ഒരു കാര്യം ഞാൻ അടിവരയിട്ട് പറയുന്നു, കുറെ കാലം മുന്നോട്ടു നീങ്ങുമ്പോൾ ഈ കമ്മീഷൻ രാഷ്ട്രീയവൽക്കരിക്കപ്പെടും. അതിന് സന്ദർഭമുണ്ടാകരുത്. നിയമസഭയിൽ പറയേണ്ടത് ആവശ്യമാണ്. അതുകൊണ്ടാണ് ഇക്കാര്യം ഉന്നയിക്കുന്നത്. 214-ാമത്തെ ഭേദഗതി ഞാൻ ആ ലക്ഷ്യത്തോടുകൂടിയാണ് കൊണ്ടുവന്നിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, രജിസ്ട്രേഷനുള്ള പ്രിൻസിപ്പിളിനോട് എനിക്ക് എതിർപ്പ് ഉണ്ട്. പക്ഷേ, അത് നിലനിറുത്തുകയാണെങ്കിൽ രജിസ്ട്രേഷന് അപേക്ഷിക്കേണ്ടത് കമ്മീഷനോടാണ്; അല്ലാതെ ഡയറക്ടറോടല്ല. ആ നിലയിൽ ഇതിനെ മാറ്റണം. അതിന്റെ നടപടിക്രമം കമ്മീഷനോട് അപേക്ഷിക്കണമെന്ന് ആക്കേണ്ടതാണ് ശരിയായിട്ടുള്ളത്. അതിനുവേണ്ടിയാണ് ഞാൻ ആ ഭേദഗതി നിർദ്ദേശിച്ചിരിക്കുന്നത്.

സർ, The Commission may cause the application to be enquired into by the Director in such manner as may be prescribed കമ്മീഷനോട് അപേക്ഷിച്ചു കഴിഞ്ഞാൽ പ്രിസ്ക്രൈബ് ചെയ്യുന്ന രൂപത്തിൽ ഡയറക്ടറെക്കൊണ്ട് അത് അന്വേഷിപ്പിച്ച് അതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് 220-ൽ പറഞ്ഞിരിക്കുന്നത്.

സർ, 223-ൽ, സബ് ക്ലാസ്-3-നുപകരം താഴെ പറയുന്നത് ചേർക്കണമെന്നാണ് ഞാൻ അതിനകത്ത് പറഞ്ഞിരിക്കുന്നത്. അതായത് ഡയറക്ടർ തരുന്ന റിപ്പോർട്ട് പരിഗണിച്ച് കമ്മീഷൻ, രജിസ്ററർ ചെയ്യാനുള്ള നിർദ്ദേശങ്ങൾ നൽകണമെന്നാണ് ഇപ്പോൾ നമ്മൾ ബില്ലിനകത്ത് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഈ വ്യവസ്ഥ വളരെ ശുഷ്കമായിട്ടുള്ളതാണെന്നാണ് എന്റെ അഭിപ്രായം. വനിതാ സംഘടനകൾക്ക് ചില നോസ് ഉണ്ടായിരിക്കണം. അത് പ്രിസ്ക്രൈബ് ചെയ്യണം. ആ നോസ് സാറ്റിസ്ഫൈ ചെയ്യുന്നുണ്ടെങ്കിൽ കമ്മീഷൻ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പ്രിസ്ക്രൈബ് ചെയ്യുന്ന പ്രകാരം രജിസ്ററർ ചെയ്യണമെന്നാണ് ഞാൻ ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. അത് കുറച്ചുകൂടി അർത്ഥസമ്പുഷ്ടമാക്കാൻ സഹായകമാണെന്ന് എനിക്ക് തോന്നുന്നു.

സർ, ഈ രജിസ്ട്രേഷനുള്ള അപേക്ഷ തള്ളുമ്പോൾ അതിനുള്ള വ്യവസ്ഥകൾ ഉണ്ടായിരിക്കണം. അങ്ങനെ തള്ളുമ്പോൾ അത് കോടതിക്കാനുള്ള സൗകര്യംകൂടി കൊടുക്കണം. ഞാനിതിൽ പറഞ്ഞിരിക്കുന്നത് ...."(4) If the organisation does not satisfy the norms prescribed for the registration the commission may reject the application. Provided that an application shall not be rejected unless the applicant is given a reasonable opportunity for being heard". എന്നാണ്. അതുകൂടി ചേർക്കേണ്ടതാവശ്യമാണ്.

2-ാം ഉപവകുപ്പിന് കൊടുത്തിരിക്കുന്ന ഒരു ഭേദഗതിയുടെ കോൺസിക്വൻഷ്യൽ ആയിട്ടുള്ള ഒരുഅമെൻഡ്മെൻറാണ് ഞാൻ അതിനകത്ത് 229-ൽ നിർദ്ദേശിച്ചിരിക്കുന്നത്, സർ, ഇത്രയും അമെൻറുമെൻറുകളാണ് ഇതിനകത്തുള്ളത്. ഇപ്പോൾ ബില്ലിന്റെ ഈ ഘട്ടത്തിൽ എന്തു ചെയ്യാൻ കഴിയുമെന്ന് എനിക്കറിഞ്ഞുകൂടാ, എന്തായാലും നമ്മുടെ വനിതാ സംഘടനകളൊക്കെ രജിസ്ററർ ചെയ്യാനുള്ള ഒരു കമ്മീഷനാക്കി നമുക്ക് ഇതിനെ മാറ്റണമെന്നാണ് ഞാനൊരിക്കൽകൂടി പറയുകയാണ്. അതുപോലെത്തന്നെ രാഷ്ട്രീയമായിട്ടുള്ള നിലയിൽ ഈ കമ്മീഷനെ കൊണ്ടുപോയാൽ നമ്മളുദ്ദേശിക്കുന്ന പർപ്പസ് പലപ്പോഴും കിട്ടുകയില്ല. ഈ നിയമത്തിനകത്ത് പറഞ്ഞിരിക്കുന്നതനുസരിച്ച് ഒരു സ്ത്രീയുടെ നേരെ ഒന്ന് തറപ്പിച്ചു നോക്കിയാലും മതി, സംഗതി മോശമാകും, പിശകാണ്. അതിനിപ്പോൾ ശിക്ഷ കിട്ടും. നമ്മൾ വേറെയൊന്നും ചെയ്യണ്ട, നമ്മൾ സൂക്ഷിച്ചൊന്നു നോക്കിയാൽ, അതിന്റെ പേരിൽ ഒരു പെണ്ണ് പരാതിയുംകൊണ്ട് പോയാൽ ചുററി, സംഗതി ആകെ കുഴപ്പമാകും. അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

യൊക്കെയുള്ള സാഹചര്യത്തിൽ വ്യവസ്ഥകൾ കുറച്ചു നേരേചൊവ്വേ ഒക്കെ ആക്കുന്നത് നല്ലതാണ്. അതുകൊണ്ട് രാഷ്ട്രീയ ഇടപെടൽ ഒന്നുമുണ്ടാകാതെ നമുക്ക് പോകത്തക്ക നിലയിൽ ഇത് ആക്കിത്തീർത്താൽ തരക്കേടില്ലായെന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീമതി ലീലാ ദാമോദര മേനോൻ : സർ, 213-ാം നമ്പർ അമെൻറുമെൻറ് ഞാൻ അവതരിപ്പിക്കുകയാണ്.

In clause 13 (1) after the words "interests of women or" add "functioning to translate into reality all or any of the matters enumerated in clause (iii) of sub-section (1) of section 15". ഈ രജിസ്ട്രേഷൻ എന്തു തരത്തിലുള്ള രജിസ്ട്രേഷനാണെന്ന് പറഞ്ഞിട്ടില്ല. ഇവിടെ മിക്ക മഹിളാ സമാജങ്ങൾക്കും രജിസ്ട്രേഷനുണ്ട്. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവയാണ്. മഹിളാ സംഘടനകളുടെ ശാഖകൾക്ക് വേറെ രജിസ്ട്രേഷൻ വരികയാണെങ്കിലും ആപത്താണ്. അതുകൊണ്ട് ഒരു ഡോക്യുമെൻറായിട്ട് ഈ നാട്ടിലെ മഹിളാ സംഘടനകളുടെ ലിസ്റ്റ് ഉണ്ടാക്കാനാണെങ്കിൽ അത് മനസ്സിലാക്കാൻ സാധിക്കും. അതുകൊണ്ട് ഈ കമ്മീഷന്റെ പ്രവർത്തനവുമായിട്ട് ബന്ധപ്പെട്ടിട്ടുള്ള, അതായത് ക്ലോസ് 15-ൽ പറഞ്ഞിട്ടുള്ള പരിപാടികളുമായിട്ട് ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സംഘടനകളെ രജിസ്റ്റർ ചെയ്യുക എന്നുള്ളതല്ലാതെ വേറെ രജിസ്ട്രേഷനൊക്കെ പോയാൽ ഇന്നല്ലെങ്കിൽ നാളെ അത് ദുരുപയോഗപ്പെടുത്തിയിട്ട് എല്ലാ വിധത്തിലുള്ള സാഹചര്യങ്ങളുമുണ്ടാവും. അത് അപകടകരമാണ്. അത് ഒരു വാളിന്റെ രണ്ടു വശത്തും, അതിന്റെ രണ്ടു തലക്കും മൂർച്ചയുള്ളതുപോലെ, ആർക്കാണ് ബുദ്ധിമുട്ടുണ്ടാകുമെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

ശ്രീ. കെ. ജെ. തോമസ് : സർ, താഴെ പറയുന്ന 218, 222, 231 എന്നീ നമ്പർ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(218) Clause 13 (2) may be recast as follows, namely:—

"(2) The Director, shall verify the application in such manner as may be prescribed and shall place it before the Commission with his commants.".

(222) Clause 13 (3) may be recast as follows, namely:—

"(3) The Commission may consider the application and if qualified for registration direct that the name and particulars of the organisation be entered in the register maintained for the purpose in the manner prescribed and shall issue a certificate of registration in the prescribed form or reject the application if the organisation is not qualified for Registration.

(231) Clause 13 (5) shall be deleted.

സർ, വനിതാ സംഘടനകൾ രജിസ്റ്റർ ചെയ്യുന്നതിനെ സംബന്ധിച്ചുള്ള വകുപ്പാണ് 13. വനിതാ സംഘടനകളെ രജിസ്റ്റർ ചെയ്യാൻ ഉള്ള അധികാരം ഡയറക്ടർക്കാണ്. രജിസ്റ്റർ ചെയ്യുക മാത്രമല്ല, ആ രജിസ്ട്രേഷനുവേണ്ടി അപേക്ഷിക്കുന്ന സംഘടനകളെ രജിസ്റ്റർ ചെയ്യാതിരിക്കാനുള്ള അധികാരം കൂടി, അങ്ങനെയുള്ള വിവേചനാധികാരംകൂടി ഈ

LIBRARY ARCHIVES Kerala Legislative Assembly

ഡയറക്ടർക്കുണ്ട്. രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി ധാരാളം മഹിളാ സംഘടനകൾ കമ്മീഷനെ സമീപിക്കും. അതിൽ കുറേ അപേക്ഷകൾ കമ്മീഷന് യുക്തമെന്ന് തോന്നിയാൽ നിരസിക്കാൻ കഴിയും, കുറേ സ്വീകരിക്കാനും കഴിയും. അങ്ങനെ നിരസിക്കുന്ന അപേക്ഷകൾ വീണ്ടും കമ്മീഷനിലേക്ക് പോകണം. കമ്മീഷനു വേണം അപ്പീൽ കൊടുക്കാൻ ഫൈനലായിട്ട് തീരുമാനം പറയേണ്ടത് കമ്മീഷനാണ്. സർ, ഇതിന്റെ ആവശ്യമില്ല. ഈ ഡയറക്ടർക്ക് ഇങ്ങനെ വിവേചനാധികാരം കൊടുക്കേണ്ട കാര്യമില്ല. കാരണം കമ്മീഷൻ നിലവിലുണ്ട്. എല്ലാ അപേക്ഷകളും ഡയറക്ടർക്ക് വരട്ടെ, ഡയറക്ടറുടെ അഭിപ്രായത്തോടുകൂടി കമ്മീഷന് ഈ അപേക്ഷകൾ എല്ലാം പോകട്ടെ. അതിനുശേഷം കമ്മീഷൻ ഇത് പരിശോധിച്ചിട്ട് തള്ളേണ്ട അപേക്ഷകൾ തള്ളുകയും സ്വീകരിക്കേണ്ട അപേക്ഷകൾ സ്വീകരിക്കുകയും ചെയ്യുകയെന്നുള്ളതാണ് ഭംഗി. അതുകൊണ്ട് ആ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ): സർ, രജിസ്ട്രേഷൻ ഓഫ് വിമൻസ് ഓർഗനൈസേഷൻ എന്നു പറഞ്ഞപ്പോൾ രവി വിചാരിച്ചത് എന്താണ്ട് ആനുകൂല്യമൊക്കെ കൊടുക്കാൻ വേണ്ടിയാണെന്നാണ്. അങ്ങനെയൊക്കെ ആണ് വിചാരിച്ചത്. എന്നാൽ അങ്ങനെയൊന്നുമല്ല. ഇത് മനസ്സിലാകാഞ്ഞിട്ടാണ്, അതാണ് വിമൻസ് ഓർഗനൈസേഷൻ രജിസ്റ്റർ ചെയ്യുന്നത് എന്തിനാണെന്ന് ഞാൻ പറഞ്ഞത്. നമ്മുടെ സംസ്ഥാനത്തുള്ള സ്ത്രീകളുടെ അവശത, സ്ത്രീകളുടെ ആവശ്യം, സ്ത്രീകൾക്ക് ഭരണഘടനാപരമായും നിയമപരമായും ഉണ്ട് അവകാശങ്ങൾ, ഈ യുണൈറ്റഡ് നേഷൻസ് അംഗീകരിച്ച തത്വങ്ങൾ വച്ച് സ്ത്രീകൾക്കാണ് അവകാശങ്ങൾ. അതൊക്കെ നേടിക്കൊടുക്കുന്നതിന് നടപടി ഉണ്ടാകണം. സംഘടനകൾ രജിസ്റ്റർ ചെയ്യുക എന്നു വച്ചിരിക്കുന്നത് അവരെ സഹായിക്കാനാണ്. അല്ലാതെ അവർക്ക് പൈസ ഒന്നും കൊടുക്കാനല്ല. വേറെ ഒരു കാര്യവുമില്ല. നമ്മുടെ സംസ്ഥാനത്ത് സ്ത്രീകളുടെ ഉന്നതിക്കുവേണ്ടി പ്രവർത്തിക്കുന്നതായിട്ടുള്ള സംഘടനകൾ ''may apply'' എന്നേ പറഞ്ഞിട്ടുള്ളു, ''may apply or need not apply'' അതുകൊണ്ട് അപ്ലൈ ചെയ്യാത്തവരുടേത് കേൾക്കുകയില്ലായെന്നുള്ളതല്ല. സർ ഒരു വിഭാഗത്തിന്റെ ആവശ്യങ്ങൾ, ഈ വിഭാഗത്തിനുവേണ്ടി വരുത്തേണ്ടതായിട്ടുള്ള മാറ്റങ്ങൾ അതിനെപ്പറ്റിയൊക്കെ സംഘടനകളുടെ അഭിപ്രായം അറിയണം. സംഘടനയൊക്കെ വിളിച്ചുകൂട്ടി അവരുടെ അഭിപ്രായമാരായുന്നതിന് സഹായകമാവും എന്നുള്ള വിധത്തിലാണ് രജിസ്ട്രേഷൻ വച്ചിരിക്കുന്നത്. ഏതെങ്കിലും ഒരു പ്രശ്നത്തെ സംബന്ധിച്ച് അഭിപ്രായം അറിയാം. അതിനുവേണ്ടിയുള്ള ഒരു കാര്യമാണ് ഈ രജിസ്ട്രേഷൻ. അല്ലാതെ രാഷ്ട്രീയമായ ഏതെങ്കിലും ആവശ്യത്തിനോ ആരെയെങ്കിലും നശിപ്പിക്കാനോ വേണ്ടിയുള്ളതല്ല. ഇവിടെ വിമൻസ് വിംഗിനെക്കുറിച്ച് പറഞ്ഞില്ലേ? എൻ. ജി. ഒ മാരുടെ വിമൻസ് വിംഗ് ഉണ്ട്. ഞാൻ പറഞ്ഞു, നിങ്ങളെല്ലാം പോയി മഹിളാ ഓർഗനൈസേഷനിൽ രജിസ്റ്റർ ചെയ്യുക എന്ന്. എന്നാൽ അങ്ങനെ രജിസ്റ്റർ ചെയ്യാത്തവരുണ്ട്. ബാക്കിയുള്ളവരുണ്ട്. അവരുടെ ചില അവകാശങ്ങൾ അവർക്കുണ്ട്. സ്ത്രീകൾ, ഒരുദ്യോഗസ്ഥ എന്ന നിലയിൽ അവർക്ക് കിട്ടേണ്ടതായിട്ടുള്ള അവകാശങ്ങൾ ഉണ്ട്. ഇത് രജിസ്റ്റർ ചെയ്യാം ചെയ്യാതിരിക്കാം. എന്നാൽ രജിസ്റ്റർ ചെയ്യുന്നത് ഇന്നത്തെ വിമൻസ് കമ്മീഷന്റെ പ്രവർത്തനത്തിന് സഹായകമാണ്. അതാണ് അവർക്കുള്ള ചുമതല ബാക്കിയുള്ളതൊന്നും പറയാതിരിക്കാനുള്ള കാരണം അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

എന്ത് കൊടുക്കുന്നുവെന്നുള്ളതല്ല. രജിസ്റ്റർ ചെയ്യണമെന്നേ പറഞ്ഞിട്ടുള്ളു. "May Register" വേണമെങ്കിൽ രജിസ്റ്റർ ചെയ്യാം. അതൊരു വലിയ ജോലിയാണ് എന്നു പറയുന്നത് ശരിയല്ല. എത്രയോ കൊല്ലമായിട്ട്, സംവൽസരങ്ങളായിട്ട് പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളുടെ ഉന്നതിക്കുവേണ്ടി അവർ, ഓർഗനൈസ് ചെയ്തിരിക്കുന്ന സംഘടനകളും അവരുടെ കൂടെ അഭിപ്രായം ആരായുന്നതിനുവേണ്ടി, അവരെക്കൂടി വിളിച്ച് അവരുടെ അഭിപ്രായവും ബാക്കിയുള്ളതുമൊക്കെ കേട്ടതിനു ശേഷം ചില തീരുമാനങ്ങളെടുക്കാൻ വേണ്ടിയാണ് രജിസ്റ്റർ ചെയ്യണം എന്ന് പറഞ്ഞിരിക്കുന്നത്. അല്ലാതെ പ്രത്യേക ചില വിഭാഗമാളുകൾക്ക് കൊടുക്കുക, മറ്റു ചില ആളുകൾക്ക് കൊടുക്കാതിരിക്കുക, ഇതിനൊന്നും വേണ്ടിയല്ല. അപ്പൈ ചെയ്യുകയോ ചെയ്യാതിരിക്കുകയോ ചെയ്യാം. അതിൽ നിർബന്ധമൊന്നുമില്ല. അതാണ് ഇതിനകത്ത് ഉള്ളത്. അതുകൊണ്ടാണ് ഇത് വളരെ അയവേറിയ ഒരു വകുപ്പായിട്ട് ഇട്ടത്. സ്ത്രീകളുടെ ചില സംഘടനപോലും, ചില കൂട്ടർ സതി വേണമെന്ന് പറയുന്നവരില്ലേ? സതി വേണമെന്ന് നിർബന്ധിക്കുന്ന സംഘടന ഇല്ലേ? അവരെ ഇതിൽ ചേർക്കണോ ? അതുപോലെ ചൈൽഡ് മാരേജ് വേണമെന്ന് നിർബന്ധിക്കുന്ന സംഘടന ഇല്ലേ? അവരെ ഇതിൽ ചേർക്കണോ? സ്ത്രീകളെന്നും അടുക്കളയിൽ കഴിയേണ്ടവരാണ്, പുജിച്ചും മാറും എന്നും കഴിയേണ്ടവരാണ് എന്ന് വിശ്വസിപ്പിച്ച് കഴിയുന്നവരില്ലേ? ജാതി ചിന്തിക്കുന്ന ആളുകളില്ലേ? നമ്മുടെ നാട്ടിൽ ഇക്കൂട്ടരൊക്കെയില്ലേ? അവരെയൊക്കെ ഇതിൽ ചേർക്കണോ? സ്ത്രീകളുടെ ഉന്നതിക്കുവേണ്ടി പ്രവർത്തിക്കുന്നതായിട്ടുള്ള രാജ്യത്ത് നിലനിൽക്കുന്നതായിട്ടുള്ള നിയമങ്ങളും ഉണ്ട്. അതു കൊണ്ടുവരണം.

പിന്നെ വേറൊരു കാര്യം ഇവിടെ ഏതാണ്ട് പൊളിറ്റിക്കലായിട്ട് എന്തോ കാര്യം പറഞ്ഞു. എന്റെ പ്രവർത്തനത്തിൽ എന്തു പൊളിറ്റിക്കൽ ഉണ്ടായി? മന്ത്രി ആയതിൽ പിന്നെ പൊളിറ്റിക്സ് നയത്തിൽ കാണും. പക്ഷെ, പ്രവർത്തിയിൽ ഉണ്ടാവില്ല. നയത്തിൽ ചിലപ്പോൾ ഉണ്ടായെന്നു വരാം. നയത്തിൽ അതാത് പാർട്ടികളും ബാക്കിയുള്ളവരും വരുന്നതാണ്. പ്രവർത്തനത്തിൽ ഉണ്ടാവില്ല. ന്യായം ആരുടെ ഭാഗത്താണോ അതാണ് നോക്കുക അതല്ലാതെ രാഷ്ട്രീയമൊന്നും നോക്കുകയില്ല. അതുകൊണ്ട് എന്തിനാണ് വെറുതെ ഇതിൽ ഒച്ചയൊക്കെ ഉണ്ടാക്കുന്നത്? പൊളിറ്റിക്കലായിട്ട് എന്ന് പറഞ്ഞതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? ഞങ്ങൾ അന്ന് പറഞ്ഞല്ലോ, വ്യക്തമായിട്ട് കാര്യങ്ങൾ കമ്മിറ്റിയിൽ പറഞ്ഞതാണ്. ഇപ്പോൾ അവർ നിങ്ങളെ പറഞ്ഞ് തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. വാള് എടുത്തവരെല്ലാം വെളിച്ചപ്പാട് എന്നു പറയുന്നതുപോലെ കിടന്ന് ഓടിയിട്ട് എന്തിനാ, ഇതേ ഉള്ളു അതിൽ. അതിനാണ് രജിസ്ട്രേഷൻ വേണമെന്ന് പറഞ്ഞത്. അതും നിർബന്ധമില്ല. അവർക്ക് ഇഷ്ടമുണ്ടെങ്കിൽ മതി. അപ്പോൾ എല്ലാ വനിതാ സംഘടനകളുടേയും അഭിപ്രായം കൂടി ചില വിഷയങ്ങളിൽ ആരായുന്നതിനായി ഉദ്ദേശിച്ചിട്ടു കൂടിയാണ് ഈ രജിസ്ട്രേഷൻ വേണമെന്നു പറഞ്ഞത്. സർ, കമ്മീഷനേറ്റായിട്ടുള്ള പ്രവർത്തനം സുഗമമായിട്ട് നടത്താൻ വേണ്ടിയാണ്, അല്ലാതെ ഇവർക്ക് ഒരു പ്രത്യേകതയും കൊടുക്കാനല്ല. അതാണിതിൽ പറഞ്ഞിരിക്കുന്നത്. ഇത് നടപ്പാക്കുകയെന്നു പറഞ്ഞാൽ വളരെ പ്രയാസമുള്ള ജോലിയാണ്. ശ്രീ. ടി.എം. ജേക്കബ് ഇവിടെ പറഞ്ഞു,

LIBRARY ARCHIVES Kerala Legislative Assembly

ഒരു പുരുഷൻ ഒന്ന് തറപ്പിച്ചു നോക്കിയാലോ എന്ന്, ഏയ്, തറപ്പിച്ച് നോക്കിയാൽ ഒന്നുമില്ല. ആണും പെണ്ണും നോക്കുന്ന കാലം ഇല്ലേ? കൊച്ചിലെയാകുമ്പോൾ അങ്ങോട്ടുമിങ്ങോട്ടും തറപ്പിച്ച് നോക്കും. പക്ഷെ ദുഷ്ടലാക്കോടെ ഒരൊറയെണ്ണവും തറപ്പിച്ച് നോക്കാൻ പാടില്ല.

ശ്രീ. ടി. എം. ജേക്കബ് : എങ്കിൽ സ്പീക്കർക്കെതിരായിട്ടായിരിക്കും ആദ്യം കംപ്ലയിന്റ് പോകുന്നത്.

മി. സ്പീക്കർ : എനിക്കെതിരെ അല്ല.

ശ്രീമതി കെ. ആർ. ഗൗരി അമ്മ : സർ, ദുഷ്ടലാക്കോടുകൂടി പാടില്ല. അത് ഹസ്സനായാലും പാടില്ല, ടി. എം. ജേക്കബായാലും പാടില്ല, വേറെ ഏത് ചെറുപ്പക്കാരനായാലും പാടില്ല.

ശ്രീ. എം. എം. ഹസ്സൻ : ശ്രീ. ടി. എം. ജേക്കബ് പറഞ്ഞത് ശരിയല്ല. സ്പീക്കർക്കെതിരായിട്ട് വരികയില്ല. കാരണം സ്പീക്കറെ സംബന്ധിച്ചിടത്തോളം തുറിച്ച് നോക്കുന്നത് മറുഭാഗത്തുനിന്നാണ്, ഇങ്ങോട്ടാണ് നോക്കുന്നത്.

ശ്രീമതി കെ. ആർ. ഗൗരി അമ്മ : സ്പീക്കറെ ആരെങ്കിലും പറഞ്ഞാ. സ്പീക്കർ അങ്ങനെയൊന്നും പോകാനുള്ള പ്രായമല്ലല്ലോ ? ആണോ ? പണ്ട്, കൊച്ചിലെ അങ്ങോട്ടുമിങ്ങോട്ടും നോക്കിക്കാണും അവർ തമ്മിൽ. അതിന് നമുക്കെന്ത് ?

മി. സ്പീക്കർ : ഞാൻ അങ്ങനെ നോക്കിയിട്ടൊന്നുമില്ല, ഒരു നോട്ടം നോക്കിയേയുള്ളൂ.

ശ്രീമതി കെ. ആർ. ഗൗരി അമ്മ : സർ, നോക്കിയില്ലേ ? പണ്ട്, സദനത്തിലെ കഥ ഓർക്കുന്നുണ്ട്. ഏതായാലും അതു പോട്ടെ.

ശ്രീ. ടി. എം. ജേക്കബ് : സ്പീക്കർ അങ്ങനെ നോക്കിയിട്ടുണ്ടെന്നാണ് ഞങ്ങളുടെയൊക്കെ അറിവ്.

മി. സ്പീക്കർ : സ്ത്രീയുടെ ദൃഷ്ടിയാണ് ലോകത്തിലേക്കുവച്ച് വിശുദ്ധമായ ഒരവയവം, അറിയാമോ ?

ശ്രീമതി കെ. ആർ. ഗൗരി അമ്മ : സർ, വയലാർ രവി ആവശ്യമില്ലാത്ത കാര്യങ്ങൾ പറയുകയാണ്. ഇതിൽ ഡിസ്ക്രിമിനേഷനൊന്നുമില്ല. ഇതിൽ യോജിച്ചുള്ള ഒരു പ്രവർത്തനമാണ് വേണ്ടത്. കോൺഗ്രസ്സായാലും കമ്മ്യൂണിസ്റ്റ് ആയാലും വേറെ ആരായാലും സ്ത്രീകളുടെ ഉന്നതിക്ക് വേണ്ടിയുള്ള പ്രവർത്തനം വേണം. ഇതിൽ നമ്മൾ പ്ലാനിംഗ് പ്രോസസ് പറയുന്നുണ്ട്. സ്ത്രീകളെ ബാധിക്കുന്ന പ്രശ്നങ്ങൾ ഏത് വന്നാലും ഗവൺമെന്റ് ഇവരുമായിട്ട് കൺസൾട്ട് ചെയ്യണം തുടങ്ങിയുള്ള ഒരുപാട് അവകാശങ്ങൾ പറഞ്ഞിട്ടുണ്ട്. സ്ത്രീ സംഘടനകളെയെല്ലാം വിളിച്ചുകൂട്ടി അവരുടെ അഭിപ്രായം ആരായാനല്ലാതെ ഒറ്റ പൈസയും ഈ കമ്മിഷൻ കൊടുക്കുന്നില്ല. ഒരു ഡിസ്ക്രിമിനേഷനും വരേണ്ട കാര്യമില്ല. അതുകൊണ്ടാണ് ഞങ്ങൾ വിമൻസ് വിംഗ് എന്നു പറഞ്ഞത്. അത് പറയാൻ കാരണമെന്താണെന്നോ ? ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരുടെ വിമൻസ് വിംഗുണ്ട്. അവർക്ക് ചില അവകാശങ്ങളുണ്ട്. അതുകൊണ്ടാണ് ശ്രീമതി ലീലാ ദാമോദരമേനോൻ എതിർക്കാത്തതും ഈ വകുപ്പ് വേണ്ടെന്ന് പറയാഞ്ഞതും. ഇതിനുമാത്രമാണ് ഈ വകുപ്പ് വയ്ക്കുന്നത്, അല്ലാതെ പ്രത്യേകതയൊന്നും കൊടുക്കാനല്ല. സംശയമുള്ളിലുണ്ടെങ്കിൽ മാറ്റാൻവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

പറയുകയാണ്, ഇതിനുമാത്രമാണ്, അല്ലാതെ ഡിസ്ക്രിമിനേഷനൊന്നും ഇല്ല. എല്ലാവരെയും യോജിപ്പിച്ചിട്ട് നമ്മൾ ഒരഭിപ്രായം രൂപീകരിക്കണം. ഇതൊരു പ്രസ്ഥാനമാക്കി മാറണം. സ്ത്രീകളോടുള്ള അനീതിക്കെതിരായിട്ടുള്ള ഒരു പ്രസ്ഥാനമാക്കി മാറണം, ബോധവൽക്കരണം വേണം. അതിനു വേണ്ടിയുള്ള നടപടി ക്രമങ്ങളുടെ ഭാഗമായാണ് ഇത്. അതു കൊണ്ട് സംശയമൊക്കെ മാറിവയ്ക്കണം.

ശ്രീ. വയലാർ രവി : ഞാൻ പറഞ്ഞതുതന്നെയാണ് മിനിസ്റ്ററും പറഞ്ഞത്. മിനിസ്റ്റർ പറഞ്ഞ ആശയത്തോട് ഒരു വിയോജിപ്പും എനിക്കില്ല. അത് പ്രാക്ടീസിൽ വരുമ്പോൾ ഉണ്ടാകാവുന്ന ബുദ്ധിമുട്ട് പറഞ്ഞുവെന്നേയുള്ളൂ. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഇപ്പോൾ 'may''....

മി. സ്പീക്കർ : ശ്രീ. രവി പറഞ്ഞത് പുരുഷ വിദ്വേഷികളുടെ കൈയിൽപ്പെട്ടാലുള്ള അപകടത്തെക്കുറിച്ചാണ്.

ശ്രീ. എം. എ. ഹസ്സൻ : ശ്രീ. വയലാർ രവി ഇതിനു വേണ്ടി ശക്തിയായി പോരാടുന്നതിന് മറ്റൊരു കാര്യം കൂടിയുണ്ട്. കാരണം, അദ്ദേഹത്തിന്റെ ഭാര്യ ഇപ്പോൾ വനിതാ കോൺഗ്രസ്സിന്റെ സെക്രട്ടറി ആണ്. ആ അപകടങ്ങൾ അദ്ദേഹം മുന്നിൽ കണ്ടുകൊണ്ട് പോരാടുന്നു.

ശ്രീ. വയലാർ രവി : എന്റെ ഭാര്യ വനിതാ കോൺഗ്രസ്സിന്റെ സെക്രട്ടറിയായതുകൊണ്ടല്ല, ഈ കമ്മീഷൻ നന്നായി നടക്കണമെന്നുള്ള താൽപ്പര്യംകൊണ്ടുമാത്രം പറഞ്ഞതാണ്. സ്ത്രീകളുടെ കാര്യത്തിൽ നമുക്കെല്ലാം താൽപ്പര്യമാണ്. മന്ത്രി പറഞ്ഞതിനോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. അത് പ്രാക്ടിക്കലായാൽ മാത്രം മതി. വേറെ തർക്കമൊന്നും ഇല്ല.

ശ്രീമതി കെ. ആർ. ഗൗരി അമ്മ : ഈ പിന്തിരിപ്പൻ അഭിപ്രായം പിൻവലിച്ചതിനു നന്ദി.

മി. സ്പീക്കർ : എല്ലാവരും ഇന്ന് ഗൗരിയമ്മയോട് സഹകരിക്കും. സ്ത്രീ സഹകരണമാണ് അതിന്റെ അടിസ്ഥാന പ്രമാണം.

ശ്രീ. വയലാർ രവി അവതരിപ്പിച്ച 211, 212 എന്നീ നമ്പർ ഭേദഗതികളും സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. ജെ. തോമസ് അവതരിപ്പിച്ച 218, 222, 231 എന്നീ നമ്പർ ഭേദഗതികളും സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 214, 216, 220, 223 എന്നീ നമ്പർ ഭേദഗതികളും സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീമതി ലീലാ ദാമോദരമേനോൻ അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : സർ, ഒരു കാര്യം പറയാനുണ്ട്, പതിനൊന്നര മണിക്ക് റെസല്യൂഷൻ എടുക്കുമെന്ന് പറഞ്ഞതാണ്. മണി പന്ത്രണ്ടേമുക്കാലായി. അതുകൊണ്ട് റസല്യൂഷൻ എടുത്തിട്ട് അതിനുശേഷം ഈ ബിൽ എടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഈ ബിൽ തീർത്തിട്ട് എടുക്കാം. ഞാൻ നേരത്തെ, സബ്മിഷൻ തുടങ്ങുന്നതിനുമുമ്പ് പറഞ്ഞതാണ് ഈ ബിൽ അവസാനിച്ച ശേഷമേ എന്ത് ബിസിനസ്സും എടുക്കാൻ പറ്റുകയുള്ളൂവെന്ന്. എല്ലാവരും സഹകരിച്ചാൽ അതെല്ലാം ഇപ്പോഴം തീർക്കാം.

ശ്രീ. പി. സീതിഹാജി : റെസല്യൂഷൻ കഴിഞ്ഞാൽ നമുക്ക് പള്ളിയിൽ പോകാം. നിങ്ങടെ ബിൽ പാസ്സാക്കിക്കൊള്ളിൻ. സ്ത്രീകളുടെ എല്ലാ സംരക്ഷണവും ഏറെറടുത്ത മതത്തിന്റെ അനുയായികളാണ് ഞങ്ങടം. അപ്പോഴം ഈ ബില്ലിന്റെ ആവശ്യമൊന്നുമില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട സീതിഹാജി, നമുക്ക് ഇപ്പോഴം തീർക്കാം.

ശ്രീ. ടി.എം. ജേക്കബ് : സർ, അങ്ങേക്ക് തീരുമാനിക്കാം. എന്താണെങ്കിലും ബില്ലിന് ഏറെറവും ചുരുങ്ങിയത് ഒരു മണിക്കൂർകൂടെ എടുക്കും.

മി. സ്പീക്കർ : ഒരു മണിക്കൂർകൊണ്ട് തീർക്കാം. ഇത് തീർത്തിട്ടു പോകാം. അല്ലാതെ വേറെ പരിപാടിയില്ല. Let me finish this Bill. ബില്ലു വേണ്ടെന്ന് സീതിഹാജി പറഞ്ഞു. സീതിഹാജി ഏറെറത് ശരിതന്നെ. സ്ത്രീകളുടെ സംരക്ഷണം ഏൽപ്പിക്കാൻ ഈ സഭയിൽ യോഗ്യൻ സീതിഹാജി മാത്രമാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സീതിഹാജിയുടെ കൈയിൽ സ്ത്രീകളെ ഏൽപ്പിച്ചാൽ അപകടമാണ്.

ശ്രീ. പി. സീതിഹാജി : സ്ത്രീയുടെ സംരക്ഷണം പുരുഷൻ ഏറെടുക്കണമെന്നാണ് ഇസ്ലാം പറയുന്നത്. ബില്ലൊന്നും കൊണ്ടുവരണ്ട. ചെലവിന് കൊടുക്കാൻ മാത്രമല്ല, എല്ലാ കാര്യങ്ങളും.

മി. സ്പീക്കർ : സീതിഹാജിയെപ്പോലെ കൃത്യമായി സ്ത്രീ സംരക്ഷണ ചുമതല വഹിക്കുന്നയാൾ വേറെയില്ല. സീതിഹാജി സ്ത്രീ സംരക്ഷണത്തിൽ സുപ്രസിദ്ധനാണ്.....ബഹളം.....ഏതായാലും പന്തളം സുധാകരന്റെ കാര്യം ഇപ്പോഴം ഞാൻ പറയുന്നില്ല. പറയാതിരിക്കുകയാണ് ഈ അവസാന ദിവസത്തിൽ ഭംഗി.

ശ്രീ. ടി.എം. ജേക്കബ് : അങ്ങ് വളരെ അനുസരണയുള്ള ഒരു ഭർത്താവാണെന്ന് എല്ലാവർക്കുമറിയാം.

ശ്രീ. എം.വി. രാഘവൻ : സ്പീക്കർ സ്ത്രീയുടെ അടിമയാണെന്നാണ് ജേക്കബ് പറയുന്നത്.

മി. സ്പീക്കർ : അങ്ങനെയൊന്നുമല്ല, അത് ശ്രീ. രാഘവനു തോന്നുന്നതാണ്. അനുസരണയുള്ള ഭർത്താവെന്നു പറഞ്ഞാൽ അടിമയെന്നുമല്ല. ഭർത്താവും ഭാര്യയും അനുസരണയുള്ളവർ ആയിരിക്കണം.

ശ്രീ. ടി.എം. ജേക്കബ് : അതിന് മാതൃകയാണ് അങ്ങ്.

മി. സ്പീക്കർ : ഭർത്താവിനോട് ഭാര്യയ്ക്കും ഭാര്യയോട് ഭർത്താവിനും അനുസരണ വേണം.

13-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്

ശ്രീ. ടി.എം. ജേക്കബ് : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

233. After clause 13 add the following as clause 14 namely :-

"14. Obligation of Women's Organisation on Registration—When a Women's Organisation is registered with the Commission it shall,—

(a) Abide by the terms and conditions of registering the Organisation; and

(b) Obey all the lawful directions of the Commission or

(c) Make complaints to the Commission regarding the unfair practice adopted by any person against its member or a women residing within the area of functioning of the organisation" or

After clause 13 add the following as clause 14 and renumber the remaining clauses.

"14. Removal of Registered Organisations from Register—(1) The name of Organisation registered with the Commission shall be removed from the register maintained by the Commission of :—

(a) That organisation has ceased to function, or

(b) That organisation continuously disregard the lawful directions of the Commission, or

(c) That organisation does not fulfil the obligations imposed on it, or

(d) That organisation has failed to abide by the terms and conditions of registration, or

(e) If the organisation was given registration on misrepresentation of facts or the wilful concealment of any fact which would have rendered the registration of the organisation impossible under this Act and rules made thereunder.

(f) That organisation has continuously violated the provisions of this Act or the rules issued thereunder.

(2) Before removing the name of an organisation from the register maintained by the Commission the organisation affected injuriously they shall be given a reasonable opportunity for being heard".

ഈ പുതിയ വകുപ്പിൽ Obligation of Women's Organisation on Registration—കുറിച്ചാണ് ഞാൻ പ്രതിപാദിച്ചിരിക്കുന്നത്. രജിസ്റ്റർ ചെയ്ത സംഘടനയ്ക്ക് ചില ഓബ്ലിഗേഷൻ ഉണ്ടാകണമെന്ന് ഈ ഭേദഗതികൊണ്ട് ഞാൻ നിർദ്ദേശിക്കുകയാണ്. അല്ലാത്തപക്ഷം ഈ രജിസ്ട്രേഷനുതന്നെ അർത്ഥമില്ലാതെ വരും. അവർ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച ടേംസ് ആൻഡ് കണ്ടീഷൻസ് അനുസരിക്കണം. അതുപോലെതന്നെ കമ്മീഷന്റെ ഡയറക്ഷൻ അനുസരിക്കണം. ഈ കാര്യങ്ങളൊക്കെ വേണമെന്നാണ് ഞാൻ നിർദ്ദേശിച്ചിരിക്കുന്നത്. ഈ രജിസ്ട്രേഷനെ സംബന്ധിച്ച് മിനിസ്റ്റർ ചില കാര്യങ്ങൾ പറഞ്ഞു. നമ്മുടെ ഉദ്ദേശവും രജിസ്ട്രേഷനും തമ്മിൽ വലിയ ബന്ധമില്ലാത്തതുകൊണ്ടാണ് ഞങ്ങൾ ചില കാര്യങ്ങൾ പറഞ്ഞത്. ഗൗരി അമ്മ പറഞ്ഞ ഒരു കാര്യത്തെക്കുറിച്ച് പറയട്ടെ. രണ്ടായിരം വർഷമായിട്ടും സ്ത്രീകൾ അടിമകളാണെന്ന് പറഞ്ഞു. കേരളത്തിൽ അങ്ങനെയൊന്നുമല്ല. എനിക്ക് തോന്നുന്നത് ബഹുമാനപ്പെട്ട ഗൗരിയമ്മയെ ബീഹാറിലെ മന്ത്രിയാക്കിയാൽ മതിയെന്നാണ്. കേരളത്തിൽ ചുരുക്കം ചില സംഭവങ്ങൾ നടക്കുന്നില്ലെന്ന് ഞാൻ പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീകൾക്ക് ഇത്രമാത്രം മാന്യമായ പദവി കൊടുത്തിരിക്കുന്ന ഏത് സംസ്ഥാനമുണ്ട് ഇൻഡ്യയിൽ ? മറേതൊരു സ്റേറ്റിനെ അപേക്ഷിച്ചും നമ്മുടെ കേരളത്തിൽ അങ്ങേയറത്തെ മാന്യമായ പദവി കൊടുത്തിട്ടുണ്ട്. സർവ്വീസിൽ നോക്കിയാൽ വനിതകളാണ് ഏറവും കൂടുതൽ. അധ്യാപകരുടെ കാര്യത്തിൽ പകുതിയിൽ കൂടുതലും ലേഡി ടീച്ചേഴ്സാണ്. നമ്മുടെ സംസ്ഥാനത്ത് എല്ലാ രംഗത്തും സ്ത്രീകളുണ്ട്. ബഹുമാനപ്പെട്ട ഗൗരിയമ്മ പറഞ്ഞു, ഇത് രണ്ടായിരം വർഷമായിട്ടും അടിമകളായിട്ട് കിടക്കുന്ന സ്ത്രീകൾക്കു വേണ്ടിയാണെന്ന്. കേരളത്തിൽ അങ്ങനെയൊരു സ്ഥിതി വിശേഷമുണ്ടെന്ന് തോന്നുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുകൊണ്ട് ഞാൻ ഈ കാര്യങ്ങൾ സൂചിപ്പിച്ചുവെന്നേയുള്ളൂ.

സർ, മറൊരു ഭേദഗതി, Removal of Registered Organisations from Register. അങ്ങനെ രജിസ്റർ ചെയ്തയാളുകളെ റിമൂവ് ചെയ്യാൻ വേണ്ടിവരുന്ന ചിലകാര്യങ്ങൾ കൂടി ഇതിൽ പ്രതിപാദിക്കണമെന്നാണ് ഞാൻ നിർദ്ദേശിച്ചിരിക്കുന്നത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ശ്രീമതി കെ.ആർ. ഗൗരി അമ്മ : സർ, ഇതിലപ്പോൾ ലാപ്സായി പോകുന്നവർ വരണ്ട. ഇവരെ വിളിച്ചു കൂട്ടിയിട്ട് അഭിപ്രായം ആരായുകയാണ്. രണ്ടു കാര്യം നമ്മൾ പറഞ്ഞത് സ്ത്രീകളുടെ ഇൻറർസ്റേറിന് എതിരായിട്ട് സ്ത്രീകളുടെ സംഘടനയുണ്ടായാൽ അവരെ രജിസ്റർ ചെയ്യിക്കുകയില്ല. വേറെയൊന്നുമില്ല. ഇത് 11-ാം വകുപ്പിൽ വരും. ഇപ്പോൾ ഇത് പാസ്സാക്കണ്ട.

ശ്രീ. ടി.എം. ജേക്കബ് അവതരിപ്പിച്ച 233-ാം നമ്പർ ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

14-ാം വകുപ്പ്

മി. സ്പീക്കർ : ഭേദഗതി ഇല്ല.

ശ്രീ. ടി.എം. ജേക്കബ് : സർ, 14-ാം വകുപ്പിന് ഞാൻ ഭേദഗതി തന്നിട്ടുണ്ടായിരുന്നു.

മി. സ്പീക്കർ : 14-ാം വകുപ്പിന് ഇവിടെ ഭേദഗതിയില്ലല്ലോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ഞാൻ ഭേദഗതി തന്നിട്ടുണ്ടായിരുന്നു. മിനിസ്റർക്ക് അതിന്റെ കോപ്പിയും കൊടുത്തിട്ടുണ്ട്.

മി. സ്പീക്കർ : എന്നാൽ പറയുക, ഇവിടെ ഭേദഗതിയൊന്നുമില്ല.

Shri T.M. Jacob : Sir, I move that in clause 14 sub-clause 1, in the opening sentence after the words "the Commission" add the words "or adhoc Committee or the Director or any Officer authorised by the Commission or the Director".

സർ, അതിനകത്ത് മിനിസ്റർ എന്റെ amendment accept ചെയ്തതുകൊണ്ട് ഈ ഭേദഗതി വളരെ ആവശ്യമായിവരുന്നുണ്ട്. 14-ാമത്തെ സബ് ക്ലാസ് 1-ൽ In the opening sentence after the words "the Commission" add the words "ad hoc Committee or the Director or any Officer authorised by the Commission or the Director".

ഈ നിയമം അനുസരിച്ച് കമ്മിഷനെ എൻകായറി നടത്താൻ ഇതിൽ നമ്മൾ പറഞ്ഞിട്ടുള്ള അധികാരങ്ങളെല്ലാം നൽകേണ്ടത് ആവശ്യമാണ്. അതോടൊപ്പംതന്നെ കമ്മിഷനു മാത്രം പോര

LIBRARY ARCHIVES Kerala Legislative Assembly

അഡ്ഹോക്ക് കമ്മിറ്റിക്കും അത് അനുസരിക്കാനുള്ള സൗകര്യം കൊടുക്കണം. ഡയറക്ടർക്കു വേണം. അല്ലെങ്കിൽ കമ്മീഷനോ ഡയറക്ടറോ അധികാരപ്പെടുത്തിയിട്ടുള്ള ആളുകൾക്കും അതിനുള്ള അധികാരം നൽകണം. അത് ഉദ്ദേശിച്ചുകൊണ്ടാണ് ഞാൻ ഇതു സൂചിപ്പിച്ചിരിക്കുന്നത്.

അഡ്ഹോക്ക് കമ്മിറ്റി നമ്മൾ അംഗീകരിച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ സബ്ക്ലാസ്സ് i-ന് ഭേദഗതി ആവശ്യമാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ.ആർ. ഗൗരി അമ്മ) : സർ, ഇത് നമുക്ക് ആവശ്യം വരികയാണെങ്കിൽ ചേർക്കാം. ഒരു സിവിൽ കോടതിയുടെ എല്ലാ അധികാരങ്ങളും ഡോക്യുമെന്റ്സ് പ്രൊഡ്യൂസ് ചെയ്യാൻ ആളിനെ വിളിക്കാൻ വിസ്തരിക്കാൻ എല്ലാം വേണമെന്നുള്ളത് തീർച്ചയാണ്. പക്ഷെ അതെല്ലാം ഒടുവിൽ റൂം മേക്കിംഗ് പവറിലാണ് ഡെലിഗേറ്റു ചെയ്യാൻ പോകുന്നത്. അതിനാൽ ഈ ഭേദഗതി സ്വീകരിക്കുന്നില്ല.

ശ്രീ. ടി.എം. ജേക്കബ് അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

15-ാം വകുപ്പ്

236. **Shri K.C. Joseph** : Sir, I move that in clause 15 (1) (i) after the words "Inquire into" add the following namely :-
"any complaint from a woman regarding a genuine grievance or".

ഈ കമ്മീഷന്റെ ഏറ്റവും പ്രധാനപ്പെട്ട ചുമതലയായി ഈ വകുപ്പിൽ പറഞ്ഞിരിക്കുന്നത് (i) inquire into any unfair practice, take decision thereon and to recommend to the Government the action to be taken in that matter ;

അൺഫെയർ പ്രാക്ടീസ് അന്വേഷിക്കാനുള്ള സംവിധാനം ആണ് പറയുന്നത്. അതുകൂടാതെ എന്റെ അമെൻഡുമെന്റ് "Inquire into any complaint from a woman regarding a genuine grievance or" അൺഫെയർ പ്രാക്ടീസ് കൂടാതെ സ്ത്രീകളുടെ എന്തെങ്കിലും ഗ്രീവൻസ് സംബന്ധിച്ച പരാതികൂടി അന്വേഷിക്കാനുള്ള വ്യവസ്ഥ ചെയ്യണമെന്നതിനാണ് ഞാൻ അമെൻഡുമെന്റ് മൂവ് ചെയ്യുന്നത്.

Shri K. J. Thomas : Sir, I move the following amendments :

237. In clause 15 (1) (v) the word "social" in between the words "the" and "welfare" may be deleted.

239. In clause 15 (1) (vii) the words "empower the Director to" may be deleted.

240. Clause 15 (1) (xii) may be recast as follows, namely :-

"(xii) fund litigation involving issues affecting women in general ;"

LIBRARY ARCHIVES Kerala Legislative Assembly

243. In clause 15 (2) add the words 'date of' in between the words 'from the' and 'placing'.

15-ാം വകുപ്പിൽ കമ്മീഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചാണ് പറയുന്നത്. കമ്മീഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പറയുമ്പോൾ ഇവിടെ 5-ാം ഉപവകുപ്പിൽ പറയുന്നത് recommend to Government, the social welfare measures to be adopted and implemented by the Government with a view to ameliorating the conditions of women; എന്നാണ് പറയുന്നത്. സോഷ്യൽ വെൽഫെയർ എന്നു പറയേണ്ട ആവശ്യമില്ല. സോഷ്യൽ വെൽഫെയർ മാത്രമല്ല എല്ലാ ക്ഷേമപ്രവർത്തനങ്ങളുമാണ് പറയേണ്ടത്. അതുകൊണ്ട് സോഷ്യൽ എന്നുള്ളത് മാറണം. വെൽഫെയർ എന്നുമാത്രം മതി. വെൽഫെയർ എന്നുമാത്രമാകുമ്പോൾ എല്ലാ ക്ഷേമപ്രവർത്തനങ്ങളും ആകും.

കമ്മീഷന്റെ എല്ലാ ശുപാർശകളും നടപ്പാക്കുന്നത് ഡയറക്ടറാണ്. അങ്ങനെയാണ് ഇവിടെ പറയുന്നത്. ഡയറക്ടർക്ക് ശുപാർശ നടപ്പാക്കാനുള്ള ബാദ്ധ്യതയാണുള്ളത്. അതുകൊണ്ട് 15 (7)-ൽ empower the Director എന്നു പറയേണ്ട ആവശ്യമില്ല. കാരണം അങ്ങനെ പ്രത്യേകം പറഞ്ഞാൽ ഈ ശുപാർശ ചെയ്യാൻ ബാദ്ധ്യത കമ്മീഷനാണ്. കമ്മീഷനാണ് ശുപാർശ ചെയ്യുന്നത്. ഡയറക്ടറല്ല. കമ്മീഷന്റെ ശുപാർശകൾ ഡയറക്ടർ നടപ്പാക്കിയാൽ മതി. അപ്പോൾ ശുപാർശകൾ നടപ്പാക്കേണ്ടത് ഡയറക്ടറായതുകൊണ്ട് 'empower the Director' എന്നു പറയേണ്ട ആവശ്യമില്ല. അതു നീക്കം ചെയ്യണമെന്നുള്ളതാണ് എന്റെ ഈ അമെൻറുമെൻറ്.

സ്ത്രീകളെ പൊതുവായി ബാധിക്കുന്ന പ്രശ്നങ്ങളിൽ സാമ്പത്തിക സഹായം ചെയ്യണമെന്നു പറയുന്ന fund litigation involving issues affecting a large body of women; എന്നതിനു പകരമായി "fund litigation involving issues affecting women in general;" എന്നു പറയുന്നതാണ് നല്ലത്. സ്ത്രീകളുടെ പൊതുവായ കാര്യത്തെ സംബന്ധിച്ചു പറയുമ്പോൾ സുപ്രീംകോടതിയിൽ ക്രിസ്ത്യൻ പിൻതുടർച്ചാവകാശ നിയമത്തെപ്പറ്റി ഒരു കേസ് ശ്രീമതി മേരി റോയി കൊടുക്കുകയുണ്ടായി. അതു സ്ത്രീകളെ ബാധിക്കുന്ന പൊതുവായ ഒരു വിഭാഗമാണ്. ആ വിഭാഗത്തെ പൊതുവായി ബാധിക്കുന്നതാണ്. അങ്ങനെ പറയുമ്പോൾ ഈ ഭേദഗതി "in general" എന്നു ചേർക്കേണ്ടതാണ്. അങ്ങനെ ചേർക്കുന്നതാണ് നല്ലത്.

15 (2)-ൽ പറയുന്നത് the Government shall cause the recommendations of the commission under sub-section (1) to be placed before the legislative Assembly during its next session and cause action to be taken thereon by the authority concerned within two months from the placing of such recommendations എന്നാണ്. അത് "from the date of placing" എന്നു ചേർക്കണം. എന്നാലേ അത് ശരിയാവുകയുള്ളു.

Shri Vayalar Ravi: Sir, I move that in clause 15 (xiv) add "undertake investigation enquiry in to the conditions of the working women of the Government services and the private and public industries and recommended to improve their working conditions."

LIBRARY ARCHIVES Kerala Legislative Assembly

ക്ലാസ് 15 (14)-ൽ അവസാനമായി ഒരു ക്ലാസ് കൂട്ടിച്ചേർണമെന്നാണ് എന്റെ ഭേദഗതി. ഇവിടെ കശുവണ്ടി ഫാക്ടറിയുടെ കാര്യമൊക്കെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. സഹകാര്യ വ്യവസായ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഗവൺമെന്റ് സർവ്വീസിലും സ്ത്രീകളുടെ സ്ഥിതി വളരെ ശോചനീയമാണ്. പ്രത്യേകിച്ചും വ്യവസായ സ്ഥാപനങ്ങളിലൊക്കെ വളരെ മോശമായി പലതും സംഭവിക്കാം. അവരുടെ കണ്ടീഷൻസ് മെച്ചപ്പെടുത്തുന്നതു സംബന്ധിച്ചുള്ള പല പ്രവർത്തനങ്ങളും പറഞ്ഞിട്ടുണ്ടെങ്കിലും ഈ ജോലിക്ക് പോകുന്ന വർക്കിംഗ് വിമെനിന്റെ കാര്യം പ്രത്യേകം പറയാത്തതുകൊണ്ട് ഞാൻ അത് പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നു. വർക്കിംഗ് വിമനിന്റെ കണ്ടീഷൻസ് അവരുടെ ദുരിതങ്ങൾ അവരുടെ ബുദ്ധിമുട്ടുകൾ, പരാതികൾ അതിനൊരു പ്രത്യേക ക്ലാസ് ഉണ്ടാക്കണമെന്ന അടിസ്ഥാനത്തിലാണ് ഇതു കൊണ്ടുവന്നിട്ടുള്ളത്. അതുകൊണ്ട് ആ കാഴ്ചപ്പാടിൽകൂടി അത് അംഗീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രി അത് സ്വീകരിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

Shri T.M.Jacob: Sir, I move the following amendments :—

242. **For** sub clause (2) add the following :—

"(2) The Commission shall as soon as may be after making an enquiry or investigation under clauses (i) and (ii) of sub section (1) or any recommendation under clauses (iv) to (xv) of that sub-section cause a report thereon be forwarded to the Government.

(3) The Government shall take such action as they deem fit on the report received under sub-section (2)

(4) The report received by the Government under sub-section (2) together with recommendation regarding action taken thereon shall be laid before the Legislative Assembly during the session immediately following the receipt thereof".

(Oral amendments)

Clause 15 (1) (i) delete the words "take decision thereon".

Clause 15 (1) (iii) (a) after the word "shortcomings" insert the words "if any" and after the words "which affect" add the words "injuriously".

Clause 15 (1) (iii) (b) delete the words "concerning women" and after the words "enforcement of" add the word "such". After the words "has not been streamlined" add the words "as respect women".

Clause 15 (1) (iii) (c) for the words "State Public Service Corporations" substitute the words "services of the companies owned or controlled by the State Government or Corporations or Authority or Board under the State Government".

LIBRARY ARCHIVES Kerala Legislative Assembly

Clause 15 (1) (iv) (a) For the words "authorised by the Director" substitute the words "authorised by the Commission". (2) delete the words "Sub-Jails". After the words "or other places" and before the words "run by the Government" insert the words "including an asylum". For the words "unfair practice to women" substitute the words "unfair practice".

Clause 15 (1) (xii) for the words "fund litigation" substitute the words "provide fund for litigation".

ക്ലാസ് 15-ലെ സബ്ക്ലാസ് (2) വളരെ വ്യക്തമായിട്ടല്ല എഴുതിയിരിക്കുന്നത്. ഇവിടെ പറഞ്ഞിരിക്കുന്നത്, The Government shall cause the recommendations of the commission under sub-section 1 to be placed എന്നാണ്. അതു ശരിയല്ല. അതിനകത്ത് The Government shall cause the recommendations to be placed. ഗവൺമെൻറ് അത് വയ്പിക്കുകയല്ല ഗവൺമെൻറ് വയ്ക്കുകയാണ് ചെയ്യുന്നത്. അതുപോലെതന്നെ ഗവൺമെൻറ് "shall lay" എന്നാണ് വേണ്ടത്. Placed before the Assembly എന്നുള്ളത് ഒരിക്കലും നമ്മൾ ഉപയോഗിക്കാറില്ല. Laid on the Table of the House. എന്നാണ് സാധാരണ പറയുന്നത്.

The Government shall cause the recommendations of the coinmission under sub-section (1) to be placed before the legislative Assembly during its next session and cause action to be taken thereon by the authority concerned within two months from the placing of such recommendations. അതിനകത്തുള്ളത് ഗവൺമെൻറ് വയ്പിക്കുകയല്ല ഗവൺമെൻറ് അത് വയ്ക്കുകയാണ്. അപ്പോൾ പിന്നെ the Government shall lay അങ്ങനെയാണ് ചേർക്കേണ്ടത്. അതുപോലെ 'placed before the Assembly' എന്നു നമ്മൾ ഒരിക്കലും പറയാറില്ല. Laid on the Table of the house അതാണ് ഉപയോഗിക്കുന്നത്. ഞാൻ അതിനകത്ത് നീ-ഡ്രാഫ്റ്റാണ് ചെയ്യണമെന്നാണ് പറഞ്ഞിരിക്കുന്നത്. 15 (1) 3-ൽ റിപ്പോർട്ടാണ് കൊടുക്കുന്നത്. മറ്റുള്ള സബ് ക്ലാസ് സുകളിലും റിപ്പോർട്ടാണ്. ആ റിപ്പോർട്ട് വയ്ക്കേണ്ടതിന് രണ്ടു മാസത്തിനുള്ളിൽ ഗവൺമെൻറ് നടപടി എടുക്കണമെന്നാ പറയുന്നുണ്ട്. ഇത് രണ്ടും രണ്ടാണ്. അതുകൊണ്ട് ഇത് രണ്ടായിത്തന്നെ പറയണം. ആ വിധത്തിലാണ് ഞാൻ ഭേദഗതി നിർദ്ദേശിച്ചിട്ടുള്ളത്. ഗവൺമെൻറ് മേശപ്പുറത്തു വയ്ക്കുന്ന റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റുമെൻറ് വയ്ക്കണമെന്നും ഭേദഗതിയിൽ ഞാൻ നിർദ്ദേശിച്ചിട്ടുണ്ട്. അങ്ങനെ ആക്ഷൻ ടേക്കൺ എന്താണെന്നു പറയാൻ ഗവൺമെൻറിനെ പ്രേരിപ്പിച്ചെങ്കിലേ എന്തെങ്കിലും നടപടി അതിൻമേലുണ്ടാകൂ. നമുക്കുതന്നെ അറിയാം. നിയമസഭയുടെ കമ്മിറ്റികൾ റിപ്പോർട്ട് സമർപ്പിച്ചാൽ ആ സമർപ്പിക്കപ്പെടുന്ന റിപ്പോർട്ടിൻമേൽ പലപ്പോഴും നടപടിയുണ്ടാകാൻ കാലതാമസമുണ്ടാകും. അതുകൊണ്ടാണ് പലപ്പോഴും നിയമസഭയിൽതന്ന ആക്ഷൻ ടേക്കൺ Action taken by the Government. അതുപിന്നെ രണ്ടാമത് എക്സാമിൻ ചെയ്യാറുണ്ട്. അതുകൊണ്ട് ഈ സബ്ക്ലാസ് 2 വളരെ ആവശ്യമായിട്ടാണ് പറഞ്ഞിരിക്കുന്നത്. അതിനകത്ത് ഉദ്ദേശിക്കുന്ന പർപ്പസിന് അർത്ഥവ്യത്യാസം വന്നിരിക്കുന്നു. 15 (1)-ൽ ആ നിലയിൽ പ്രതിപാദിച്ചശേഷം അത് രണ്ടാമത്തേതിൽ വരുമ്പോൾ വളരെ അവ്യക്തമായിട്ട് പ്രതിപാദിച്ചിരിക്കുകയാണ്. ആ അവ്യക്തത ഒഴിവാക്കാൻ വേണ്ടിയാണ് ഞാൻ ഇങ്ങനെ പറഞ്ഞിരിക്കുന്നത്. അടുത്തതായി

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഓറലായി പറഞ്ഞിരിക്കുന്ന ഭേദഗതി 15 (1) (i) നാണ്. delete the words "take decision thereon" അതിനകത്ത് പ്രസക്തമായിട്ടുള്ളത് 1p.m.റിപ്പോർട്ട് കൊടുക്കുന്നകാര്യമാണ്. അതുകൊണ്ട് "takedecision thereon" എന്നത് വേണ്ടെന്നാണ് ഞാൻ ആ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. അതുപോലെ 15 (1) (3) (എ) യ്ക്ക് ഞാൻ പറഞ്ഞിരിക്കുന്നത് Clause 13 after the word "short coming" insert the words "if any" after the words 'which effect and the word injuriously" എന്നാക്കുകയാണ്. നിലവിലുള്ള നിയമത്തിലെ lucumae, 'inadequacies, short comings. ഇവ ചൂണ്ടിക്കാണിക്കണമെന്നാണ് ഈ വകുപ്പിൽ ആദ്യം പറഞ്ഞിരിക്കുന്നത്. എല്ലാ നിയമത്തിലും ഇത് കണ്ടെന്ന് വരില്ല അതുകൊണ്ട് ഇത് ഉള്ള നിയമത്തിൻറെത് മാത്രം ചൂണ്ടിക്കാണിച്ചാൽ മതി. അതുകൊണ്ട് "if any" എന്ന പ്രയോഗമാണ് വേണ്ടത്. അത് വളരെ അത്യാവശ്യമുള്ള സംഗതിയാണ്. അതുപോലെതന്നെ ഞാൻ ആദ്യം സൂചിപ്പിച്ച ന്യൂനതകൾ എന്നു പറയുന്നത് right to equality and fair treatment ഇവയെ ബാധിക്കുന്നതായിരിക്കണം. അത് രണ്ടുവിധത്തിൽ അഫക്ട് ചെയ്യാം; അനുകൂലമായിട്ടും വരാം, പ്രതികൂലമായിട്ടും വരാം. അനുകൂലമായി ബാധിക്കുന്നത് ചൂണ്ടിക്കാണിക്കേണ്ട ആവശ്യമില്ല. പ്രതികൂലമായി ബാധിക്കുന്നതാണ് ചൂണ്ടിക്കാണിക്കേണ്ടത്. അതുകൊണ്ടാണ് injuriously എന്ന പദം ചേർക്കണമെന്ന് ഞാൻ പറഞ്ഞിരിക്കുന്നത്.

ശ്രീ. വയലാർ രവി : സർ, സബ്ജക്ട് കമ്മിറ്റി പുതുതായി കൂട്ടിച്ചേർത്ത ക്ലാസാണ് 15 (3)-ൽ ചിലത്. ഇതിൽ ഇൻസ്പെക്ഷനെ പറ്റി പറയുമ്പോൾ വലിയ വൈഡായ ഒരു ടേം ഉപയോഗിച്ചിട്ടുണ്ട്. 'hostels intended for women or girls run by any person and such other places..... ' 'such other places' എന്നുള്ളത് വളരെ വൈഡർ ടേമാണ്. അത് പറയുമ്പോൾ ഈ രാജ്യത്തിലെ ഏറ്റവും കൂടുതൽ സ്ത്രീകൾ താമസിക്കുന്ന കോൺവെൻറുപോലുള്ള റിലിജിയസ് ഇൻസ്റ്റിറ്റ്യൂഷൻസുണ്ട്. അതിന് ഒരു പ്രൊവിസോ കൊടുക്കുന്നില്ലെങ്കിൽ അത് മിസ്യൂസ് ചെയ്യുമോ എന്നുള്ള സംശയമുണ്ട്. അതുകൊണ്ട് അത് ക്ലാരിഫൈ ചെയ്താൽ തരക്കേടില്ല.

ശ്രീ. ടി. എം. ജേക്കബ് : സർ, 15 (1) (3) ബിയിൽ പറയുന്നത് "the monitoring of the working of laws in force concerning women with a view to identifying the areas where the enforcement of laws is not adequtaely effective or has not been streamlined recommending executive or legislative measures to be taken ; എന്നാണ്. ഞാൻ അതിനുപകരം പറഞ്ഞിരിക്കുന്നത് delete the words 'concerning women' after the words 'enforcement of' add the words 'such' അത് കഴിഞ്ഞിട്ട്, after the words "has not been streamlined" add the words as respect women". ഞാൻ ഇത് പറയാനുള്ള കാരണം, ഇപ്പോൾ സ്ത്രീകളെ സംബന്ധിക്കുന്ന നിയമങ്ങളാണ് മോണിറ്റർ ചെയ്യണമെന്ന് പറഞ്ഞിരിക്കുന്നത്. സ്ത്രീകളെ സംബന്ധിക്കുന്ന നിയമങ്ങൾ വളരെ കുറവാണ്. ഉദാഹരണത്തിന് Maternity Benefit Act, Rights to Property Act, Dowry Prohibition Act. ഇങ്ങനെ കുറച്ച് ആക്ടുകളേയുള്ളു. ബാക്കിയുള്ള നിയമങ്ങൾ സ്ത്രീകളേയും പുരുഷൻമാരേയും ഉദ്ദേശിച്ചുള്ളവയാണ്. ഈ നിയമങ്ങൾ പരിശോധിക്കുകയും സ്ത്രീയെ സംബന്ധിച്ചിടത്തോളം അതിൻറെ വ്യവസ്ഥകളെ

LIBRARY ARCHIVES Kerala Legislative Assembly

ഇഫക്ടീവല്ലെങ്കിൽ അതിനെ സംബന്ധിച്ച് ഒരു റിപ്പോർട്ട് കൊടുക്കണം. അതിനുള്ള ഭേദഗതി നിർദ്ദേശിക്കണം. സ്ത്രീകളെ സംബന്ധിക്കുന്ന നിയമങ്ങളെ മാത്രമേ കമ്മീഷന് നോക്കാനും മോണിട്ടർ ചെയ്യാനും അവസരമുള്ളൂവെന്നാണ് നിയമപ്രകാരം പറഞ്ഞിരിക്കുന്നത്. നിയമത്തിൽ അങ്ങനെ പറഞ്ഞിരിക്കുമ്പോൾ, വേറൊരു നിയമം പരിശോധിച്ച് സ്ത്രീയും പുരുഷനും വരുന്നതിനകത്ത് സ്ത്രീക്ക് ദോഷകരമായ വല്ലതുമുണ്ടെങ്കിൽ അത് കമ്മീഷന് മുൻപാകെ കൊണ്ടുവരാൻ സാദ്ധ്യമല്ല. അത് ആരെങ്കിലും കോടതിയിൽ ചോദ്യം ചെയ്താൽ കോടതി പറയും സ്പെസിഫിക്കായി, സ്ത്രീകളെ ബാധിക്കുന്ന നിയമങ്ങളെ മോണിറ്റർ ചെയ്യാൻ പാടുള്ളൂവെന്നാണ് പറഞ്ഞിരിക്കുന്നതെന്ന്. അങ്ങനെ പറഞ്ഞിരിക്കുന്നതുകൊണ്ട് അതല്ലാതെ കോമണായി ബാധിക്കുന്ന മറ്റ് നിയമങ്ങളെ സംബന്ധിച്ച് മോണിറ്റർ ചെയ്യാനും അതിൻമേൽ സ്ത്രീകൾക്ക് പ്രതികൂലമായി എന്തെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ അത് കമ്മീഷന് ഗവൺമെൻറ് മുമ്പാകെ കൊണ്ടുവരാനും സൗകര്യം കൊടുക്കണമെന്നുള്ളതുകൊണ്ടാണ് ഞാൻ 15 (1) (3) ബിക്ക് ഒരു ഭേദഗതി നിർദ്ദേശിച്ചിരിക്കുന്നത്. 15(1) (3) (സി) യിൽ ഞാൻ പറയുന്നത്. "In item (iii) (c) of sub-clause (1) of clause 15 for the words "State Public Service Corporations" substitute the words "services of the companies owned or controlled by the State Government or Corporations or Authority or Board under the State Government" എന്നാണ്. പബ്ലിക് സർവ്വീസിൻറെയും സ്റ്റേറ്റ് പബ്ലിക് സെക്ടർ കോർപ്പറേഷൻറെയും നിയമനങ്ങളും പ്രൊമോഷനുകളും മോണിറ്റർ ചെയ്യണമെന്നാണ് നിയമത്തിൽ പറഞ്ഞിരിക്കുന്നത്. പബ്ലിക് സെക്ടർ കോർപ്പറേഷൻറെ നിയമനത്തേയും പ്രൊമോഷനേയും കുറിച്ച് മാത്രം പോരാ, പബ്ലിക് സെക്ടർ കോർപ്പറേഷനകത്ത് നാലഞ്ച് രീതിയിലുള്ള കമ്പനികളുണ്ട്. ഗവൺമെൻറ് ഉടമയിലുള്ള കമ്പനികളുണ്ട്. ഗവൺമെൻറിന് മജോറിറ്റി ഷെയറുള്ള കമ്പനികളുണ്ട്. ഇലക്ട്രിസിറ്റി ബോർഡുപോലുള്ള ബോർഡുകളുണ്ട്. റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻപോലുള്ള കോർപ്പറേഷനുകളുണ്ട്. വാട്ടർ അതോറിറ്റി പോലുള്ള അതോറിറ്റികളുണ്ട്. ഇവ വ്യത്യസ്ത ആക്ടുകളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ടിരിക്കുന്നവയാണ്; അതുകൊണ്ട് ഇതെല്ലാം കൂട്ടിച്ചേർത്ത് സ്റ്റേറ്റ് പബ്ലിക് സെക്ടർ കോർപ്പറേഷൻ എന്നു പറഞ്ഞാൽ അത് വളരെ അവ്യക്തമാണ്. ഓരോ ഗണത്തിലും പെടുന്നവയെ പ്രത്യേകം എടുത്തു പറയണം. അതുപോലെതന്നെ അവയിലേക്കുള്ള നിയമനമെന്നുപറഞ്ഞാൽ മാത്രം പോര, അവയുടെ സർവ്വീസിലേക്കുള്ള നിയമനമെന്ന് പറഞ്ഞെങ്കിലേ അതിനകത്ത് അർത്ഥവ്യാപ്തി വരൂ, അർത്ഥം ശരിയാകൂ. അതുകൊണ്ട് ആ നിലയിൽ ഈ ഭേദഗതി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

അതുപോലെ 15 (1) (iv) (a) യ്ക്ക് ഞാൻ നിർദ്ദേശിക്കുന്ന ഭേദഗതിയാണ്, ഇനി പറയുന്നത്.

(i) for the words "authorised by the directer" substitute the words "authorised by the commission;

(ii) delete the words "sub-jails"

(iii) after the words "or other places" and before the words "run by the Government" insert the words "including an asylum" and

LIBRARY ARCHIVES Kerala Legislative Assembly

(iv) for the words "unfair practice to women" substitute the words "unfair practice". ഇത്രയും ചേർക്കണമെന്നാണ് ഞാൻ അതിനകത്ത് പറഞ്ഞിരിക്കുന്നത്. Authorised by the Commission എന്നു പറയാൻ കാരണം, ഈ ബില്ലിലെ വ്യവസ്ഥയനുസരിച്ച് കമ്മീഷൻ അന്വേഷിക്കുകയോ, ഡയറക്ടറെക്കൊണ്ട് അന്വേഷിപ്പിക്കുകയോ കമ്മീഷൻ അധികാരപ്പെടുത്തുന്ന ആരും അന്വേഷിക്കുകയോ ചെയ്യണമെന്നാണ് വേണ്ടത്. ഓഫീസറെ ഡയറക്ടർ അധികാരപ്പെടുത്തുന്നതിനു പകരം കമ്മീഷൻ അധികാരപ്പെടുത്തുന്നതാണ് എപ്പോഴും നല്ലത്. കാരണം പർപ്പസ് സെർവ് ചെയ്യണമെങ്കിൽ അതാണ് ഏറ്റവും എഫക്ടീവായിട്ടുള്ള നടപടി.

അതുപോലെതന്നെ പരിശോധിക്കുന്ന സ്ഥലങ്ങളായി പ്രൊവിഷനകത്ത് പറഞ്ഞിരിക്കുന്നത് Prisons, police stations, lock-ups, subjails മുതലായവയാണ്. സബ് ജയിലും പ്രിസൺതന്നെയാണ്. പ്രിസൺ ഉള്ളപ്പോൾ സബ് ജയിലെന്ന് വീണ്ടും എടുത്തുപറയേണ്ട ആവശ്യമില്ല. ഇതിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന സ്ഥലം കൂടാതെ മറ്റ് സ്ഥലങ്ങളും പരിശോധിക്കാനുള്ള സൗകര്യം ഉണ്ടാകേണ്ടതാവശ്യമാണ്. ഞാൻ ഒരു ഉദാഹരണം പറയാം. മെൻറൽ ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കപ്പെടുന്ന ആളുകളിൽ പലരും അസുഖം ഭേദമായി കഴിഞ്ഞാൽ അവരെ കൂട്ടികൊണ്ടുപോകാത്ത സ്ഥിതിയുണ്ട്. ഇവിടത്തെ മെൻറൽ ഹോസ്പിറ്റലിൽ പ്രവർത്തിക്കുന്ന ചില സമിതികളും അത് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പലപ്പോഴും സ്വത്ത് തട്ടിയെടുക്കാനോ, മറ്റുകാര്യങ്ങൾക്കോ ആയിട്ട് ഇങ്ങനെയുള്ള സ്ഥാപനങ്ങളിൽ ആളുകളെ കൊണ്ടുപോയി താമസിപ്പിക്കുന്നുണ്ട്. പക്ഷേ സ്ത്രീകളെ സംബന്ധിച്ചിടത്തോളം അങ്ങനെയുള്ള സ്ഥാപനങ്ങളും പരിശോധിക്കാനും, അവിടെ വന്നിരിക്കുന്ന ആളുകൾക്ക് ബുദ്ധിമുട്ടുണ്ടെങ്കിൽ അത് ദൂരീകരിക്കാനും ഉള്ള നടപടികളും സ്വീകരിക്കാൻ ഉള്ള വ്യവസ്ഥകൂടി ഇതിനകത്ത് ആവശ്യമായിട്ടുണ്ട്. അതാണ് ഞാൻ including an asylum എന്ന് പറഞ്ഞിരിക്കുന്നത്. കാരണം, ഫങ്ഷൻസ് ഓഫ് ദി കമ്മീഷനാണ് ഇതിനകത്ത് ഏറ്റവും പ്രധാനമായിട്ടുള്ളത്. വളരെ ഫങ്ഷൻസ് വരുമ്പോൾ നമ്മുടെ ശ്രദ്ധയിൽ വരാതെ ഇങ്ങനെയുള്ള കാര്യങ്ങൾ പോകരുതെന്നുള്ളതുകൊണ്ടാണ് ഞാൻ അത് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. 15 (1) (xii) നകത്ത് ഞാൻ കൊടുത്തിട്ടുള്ള ഭേദഗതി 'fund litigation' നു പകരം 'provide fund for litigation എന്നാക്കണമെന്നാണ്. ഫണ്ട് ലിറ്റിഗേഷനെന്നുപറഞ്ഞാൽ ഗവൺമെൻറ് ഉദ്ദേശിക്കുന്നതെന്താണെന്ന് എനിക്കറിഞ്ഞുകൂടാ. എനിക്ക് തോന്നുന്നത് ധാരാളം സ്ത്രീകളെ ബാധിക്കുന്ന വ്യവഹാരങ്ങൾക്ക് ഫണ്ട് നൽകണമെന്നാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നതെന്നാണ്. അങ്ങനെയാണെങ്കിൽ നല്ല ഭാഷയിൽ പറയുന്നതാണ് നമുക്കാവശ്യം. അതുകൊണ്ട് ഐറം 12-ൽ പറഞ്ഞിരിക്കുന്ന ഫണ്ട് ലിറ്റിഗേഷൻ മാറിയെടുക്കേണ്ടതാവശ്യമായിട്ടുണ്ട്. ബില്ലിൽ fund litigation involving issues affecting a large body of women; എന്നാണ് പറഞ്ഞിരിക്കുന്നത്. അത് വളരെ മോശമായ പ്രയോഗമാണ്. അതിനകത്ത് എന്തെങ്കിലും അർത്ഥമുണ്ടോയെന്ന് എനിക്കറിഞ്ഞുകൂടാ. അതുകൊണ്ട് ഫണ്ട് ലിറ്റിഗേഷനുപകരം "provide fund for litigation" എന്നു ചേർക്കണം, അതാണ് ഉദ്ദേശിക്കുന്ന സംഗതി. അത് അങ്ങനെയാക്കി തീർത്തെങ്കിൽ മാത്രമേ ആ വകുപ്പ് വ്യക്തമാകുകയും അതിന് അർത്ഥമുണ്ടാകുകയും ചെയ്യുകയുള്ളൂ. അതുകൊണ്ട് ഞാൻ ഈ ഭേദഗതികൾ അവതരിപ്പിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : Welfare എന്നുള്ളത് കുറച്ചുകൂടി വിപുലമാണ്. 'Social' എന്ന് വേണ്ട Social എന്ന വാക്ക് can be deleted. പിന്നെ "empower the director to" എന്നുള്ളത് എടുത്തു കളയേണ്ട കാര്യമില്ല. അത് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിക്കുന്നില്ല.—"undertake investigation enquiry into the conditions of the working....എന്ന ഭേഗതി ആവശ്യമില്ല. യു. എൻ. സ്ത്രീകളെ സംബന്ധിച്ച് പാസ്സാക്കിയിട്ടുള്ള റെസല്യൂഷൻ നടപ്പിലാക്കി അവർക്ക് കിട്ടേണ്ടതായിട്ടുള്ള അവകാശങ്ങൾ കിട്ടാൻ നടപടി എടുക്കും. അതുകൊണ്ട് അത് പ്രത്യേകമായിട്ട് എഴുതി ചേർക്കേണ്ട ആവശ്യമില്ല. അതിനുള്ള വകുപ്പുകൾ പറഞ്ഞിട്ടുണ്ട്. പിന്നെ add the words date of in between the words "from the" and "placing" എന്ന ഭേഗതി അംഗീകരിക്കാം. പിന്നെ The Commission shall as soon as may be after making an enquiry or investigation under clauses (i) and (ii) of sub section (1) or any recommendation under clauses (iv) to (xv) of that sub section cause a report thereon be forworded to the Government എന്ന 242-ാം നമ്പർ ഭേഗതിയും സ്വീകാര്യമല്ല. 'Fund litigation എന്നതിനുപകരം provided fund for litigation' എന്ന ഒരു ഭേഗതി ഉണ്ട്. അത് അവരുടെ ബഡ്ജറ്റിൽ കൊള്ളിച്ചാൽ മതി. The Commission shall perform all or any of the following functions namely : എന്ന് കഴിഞ്ഞിട്ടു To fund litigation involving issues affecting a large body of women ; എന്ന് ആക്കാം. to provide fund എന്ന് പറഞ്ഞാൽ that can be included in the budget also.

ശ്രീ. റ്റി. എം. ജേക്കബ് : നമ്മൾ ഇപ്പോൾ വായിക്കുമ്പോൾ The Commission shall perform all or any of the following functions, namely : എന്നു പറഞ്ഞിട്ട് (xii) fund litigation involving issues affecting a large body of women ; അതിന്റെ അർത്ഥമെന്താണ് സർ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ഇതിൽ എല്ലാത്തിലും 'to' ചേർക്കേണ്ടിവരും. അതാണോ ഇതിൽ എഴുതിയിരിക്കുന്നത് The Commission shall perform all or any of the following fanctions, namely : inquire into. അങ്ങനെ വേണ്ടിവരും. cause investigations to be made by the Director.....ഇതിൽ വേണമെങ്കിൽ to fund എന്നാക്കാം. 'to provide' എന്നു പറഞ്ഞാൽ വിഷമമാണ്. 15 (1) (iv) (a) inspect or cause to be inspected, by the Director or any Officer of the Commission authorised by the director in that behalf, prisons, police stations, lock-ups, sub-jails, rescue homes or other places of custody where women are kept as prisoners or other wise, or shelters for women or other places run by the Government or any of its agencies including agencies receiving and from the Government for the purpose of offering rescue or shelter to women, or hostels intended for women or girls run by any person and such other places....." എന്നതിൽ Such other places ആണ്. ഇന്ന് സ്ത്രീകളെ കൊണ്ട് വന്ന് നമുക്ക് പറയാൻ കഴിയാത്ത വിധത്തിൽ നശിപ്പിക്കുന്ന സ്ഥാപനങ്ങളുണ്ട്, തിരുവനന്തപുരത്തുണ്ട്. അവിടെ കയറി നോക്കണ്ട എന്നാണോ നിങ്ങൾ പറയുന്നത്. brothel എന്നു പറയുന്നില്ല. അതിവിടെ നടക്കുന്നു. അത് പരിശോധിക്കണ്ട എന്നാണോ ?

ശ്രീ. വയലാർ രവി : റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസിനെ ഇതിൽ നിന്നും ഒഴിവാക്കുന്ന ഒരു പ്രൊവിസോ വച്ചുകൂടെയെന്നാണ് ചോദിച്ചത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരിഅമ്മ : റിലീജ്യിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നു ചേർക്കുന്നത് എന്തിനാണ് ? ട്രാന്സ്പോർട്ടേഷൻ ചെയ്തപ്പോൾ വിട്ടുപോയതാണ്. അത് കഴിഞ്ഞശേഷം നമ്മൾ ഡീറെയിൽഡായിട്ട് ഡിസ്ക്കസ് ചെയ്തു. സ്ത്രീകളെ കൊണ്ടുവന്ന് അവരുടെ പരാധീനത ചൂക്ഷണം ചെയ്ത് സ്ത്രീകളെ ഉപയോഗിക്കുന്ന സ്ഥാപനങ്ങളുണ്ട്. അത് പരിശോധിക്കണം. കുറ്റക്കാർ ഉണ്ടെങ്കിൽ പിടിക്കണം. കുറ്റക്കാരാണെന്നുകണ്ടാൽ അവരെ ശിക്ഷിക്കാൻ നടപടി എടുക്കണം. ഞങ്ങൾ ചർച്ച ചെയ്തതിനുശേഷം എഴുതി ഉണ്ടാക്കിയതാണ്. നല്ല കാര്യങ്ങൾ ചെയ്യുന്ന റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസിൽ എന്തിനാണ് പരിശോധിക്കുന്നത്. പെണ്ണുങ്ങളെ കൊണ്ടുപോയി കുരുതി കൊടുക്കുന്ന റിലീജ്യിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ഉണ്ടെങ്കിൽ അവിടെ പോയി പരിശോധിക്കണ്ടെ ?

ശ്രീ. വയലാർ രവി : മന്ത്രി പറയുന്നത് സദുദ്ദേശമാണ്. നമ്മൾ എപ്പോഴും നിയമമുണ്ടാക്കുമ്പോൾ സദുദ്ദേശം മാത്രമല്ലല്ലോ നോക്കുന്നത്. ദുരുദ്ദേശപരമായി ഉപയോഗപ്പെടുത്തുന്നതിനെ പ്രിവന്റ് ചെയ്യുന്നതിനുള്ള കടമ നമുക്കല്ലേ ? അതുമാത്രമേ പറഞ്ഞുള്ളൂ. ഒരു പ്രൊവിസോ ചേർത്താൽ അത് മാറി കിട്ടുമെന്നുമാത്രമേ ഞാൻ പറഞ്ഞുള്ളൂ.

ശ്രീമതി കെ. ആർ. ഗൗരിഅമ്മ : ഒരു ഭീതിയും ആർക്കുമില്ല. നിങ്ങൾ ഭീതി ഉണ്ടാക്കുകയാണ്.

ശ്രീ. റ്റി. എം. ജേക്കബ് : തൊടുപുഴ ഒരു പള്ളി ജപ്തി ചെയ്യാൻ നോട്ടീസ് അയച്ചു. അത് നമ്മൾ ഒരിക്കലും ഉദ്ദേശിക്കുന്നതല്ല. റവന്യൂ റിക്കവറി ആക്ട് പ്രകാരം ആരാധനാലയം ജപ്തി ചെയ്യാൻ നമ്മൾ ഒരിക്കലും ഉദ്ദേശിച്ചിട്ടില്ല. പക്ഷെ ഒരുദ്യോഗസ്ഥൻ അത് ചെയ്തു. തഹശീൽദാർക്ക് അതിന് അധികാരമുണ്ട്. അയാൾ ഓർഡർ അയച്ചു. അങ്ങനെ ചിലപ്പോൾ സംഭവിക്കും. നന്നായി ചെയ്യുന്നവരുമുണ്ട്, ദോഷമായിട്ട് ചെയ്യുന്നവരുമുണ്ട്. അതാണ് ഞാൻ പറഞ്ഞത്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : ഒരുത്തൻ അങ്ങനെ ചെയ്താൽ പബ്ലിക് അയാൾക്കെതിരാവും. ഒരു പെൺകുട്ടിയെ കൊന്നാലെ ദേവി പ്രസാദിക്കുകയുള്ളൂവെന്നു പറഞ്ഞ് ഒരു സംഭവം തിരുവല്ലയിൽ നടന്നു. അമ്പലത്തിന്റെ പേരിലാണ് അത് നടന്നത്. കേരളത്തിലാണ് ഇത് നടന്നത്. വീട്ടിൽ വന്നിരിക്കുന്ന രോഗങ്ങൾ മാറണമെങ്കിൽ ഇതുപോലെ ചെയ്യണം. നൂറ് ശതമാനം സാക്ഷരതയുള്ള കേരള സംസ്ഥാനത്താണ് ഇത് നടന്നത്.

മി. സ്പീക്കർ : ഇപ്പോൾ ഈ നാട്ടിൽ ഒരു പ്രാക്ടീസുണ്ട്. ആണോ പെണ്ണോ എന്ന് പ്രസവത്തിനുമുമ്പ് ഗർഭകോലത്തുതന്നെ തിരിച്ചറിയാം. പെണ്ണാണെങ്കിൽ അതിനെ നശിപ്പിക്കുന്നു. ഇത് കമ്മീഷന്റെ പരിധിയിൽ വരുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : അങ്ങനെ ഡീറെയിൽഡായിട്ട് നോക്കണ്ട. പെണ്ണാണെന്ന് കണ്ടതുകൊണ്ടുമാത്രം കൊല്ലുന്നു എന്നു വന്നാൽ അത് ഡിസ്ക്രിമിനേഷനാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു പരിഷ്കൃത സംസ്ഥാനമാണ് എന്നുള്ള നിലയിൽ ഇപ്പോൾ ഇവിടെ നടക്കുന്നുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : കേരളത്തിൽ സ്ത്രീകൾതന്നെയാണ് കൂടുതൽ. സ്ത്രീകളുടെ ജനസംഖ്യ ഏറ്റവും കൂടുതലുള്ളത് കേരളമാണ് അല്ലാതെ വേറൊരു സംസ്ഥാനത്തുമില്ല.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : പത്രത്തിൽ രാജസ്ഥാനിൽ നടത്തുന്നു എന്നാണ് വന്നത്. കേരളത്തിൽ നടക്കുന്നതായിട്ട് പറഞ്ഞിട്ടില്ല. റിലീജ്യസ് ഇൻസ്റ്റിറ്റ്യൂഷൻസായിരിക്കും പൂവർഹോംസ് നടത്തുക. ചിലപ്പോൾ അവർ ഗവൺമെൻറിൽ നിന്നും ഗ്രാൻറ് വാങ്ങി നടത്തും. അതുകൊണ്ട് അവിടെ പരിശോധനയ്ക്ക് പോകും. പരിശോധിക്കാതിരിക്കുകയില്ല. അതുകൊണ്ട് ആ വിധത്തിൽ റെസ്ട്രിക്ഷൻസ് വേണ്ട എന്നാണെൻറെ അഭിപ്രായം. ശ്രീ. ടി. എം. ജേക്കബ് എഴുതിതന്നത്. "for the words" "authorised by the director" substitute the words "authorised by the Commission ;

(iv) cause to be inspected, by the Dircetor or any Officer of the Commission authorised by the director in that behalf, എന്നതിൻപ്രകാരം കമ്മീഷനെ ഡയറക്ടറെക്കൊണ്ട് അന്വേഷിപ്പിക്കാം. ഡയറക്ടർക്ക് കമ്മീഷനിൽ അയാളുടെ താഴെയുള്ള മറ്റു ഉദ്യോഗസ്ഥൻമാരെക്കൊണ്ട് അന്വേഷിപ്പിക്കാം..... for the purpose of offering rescue or shelter to women, or hostels intended for women or girls run by any person and such other places wherein unfair practice to women is complained of and cause further inquiries to be made about the treatment that women and girls are subjected to at such places and to report to the Government for taking remedial action. അതിൽ (iv) (a) Director' എന്നുള്ളത് കമ്മീഷൻ തന്നെ വേണമോ എന്നതാണ്. പ്രശ്നം. ഡയറക്ടർക്കു കാര്യങ്ങൾ ചെയ്യാനുള്ള ഉദ്യോഗസ്ഥനാണ്.

ശ്രീ. ടി. എം. ജേക്കബ് : സർ, ഒരു പ്രധാനപ്പെട്ട ഫംഗ്ഷൻ എന്നുള്ള നിലയിൽ കമ്മീഷൻ തന്നെ ചെയ്യുന്നതാണ് നല്ലത്.

ശ്രീമതി കെ. ആർ. ഗൗരി അമ്മ : അത് ചെയ്തോട്ടെ. വിരോധമില്ല. അത് അംഗീകരിച്ചേക്കാം. അതിനുവേണ്ടി ശ്രീ. ടി. എം. ജേക്കബ്ബിൻെറ 15 (1) (iv) (a) യ്ക്കുള്ള ഭേദഗതിയിലെ 'for the words "authorised by the Director" substitute the words "authorised by the Commission" എന്ന ഭാഗം മാത്രം എടുത്തു ഞാൻ ഒരു വാക്കാൽ ഭേദഗതി അവതരിപ്പിക്കാം. Clause 15 (1) (iv) (a) for the words "authorised by the director" substitute the words "authorised by the Commission". സബ്ജയിൽ സൊന്നും ഡിലീറ്റ് ചെയ്യേണ്ട. അതൊക്കെ അവിടെ കിടന്നോട്ടെ. സ്ത്രീകളെ എവിടെ കൊണ്ടുപോയി ആക്ഷേപിച്ചാലും വിടില്ല. ആ വിധത്തിൽ അതൊക്കെ അവിടെ കിടക്കണമെന്നാണ് എനിക്കുള്ള അഭിപ്രായം. അതുകൊണ്ടു അത് അംഗീകരിക്കുന്നില്ല. State Public Service Corporations എന്നുള്ളത് State Publice Undertakings". എന്നാക്കണം. അതിനുള്ള ഒരു ഓറൽ അമൻമെൻറ് ഞാൻ അവതരിപ്പിക്കുന്നു.

In item (iii) (c) of subclause (1) of clause 15, for the words State Public Service Corporations substitute the words "State Public Undertakings". 3 ബി-ൽ for the words "enforcement" add the words 'such'.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : ഈ നിയമപ്രകാരം സ്ത്രീകളെ ബാധിക്കുന്ന നിയമങ്ങൾ മാത്രമേ മോണിറ്ററിംഗ് ചെയ്യാനുള്ള അവകാശം കൊടുക്കുന്നുള്ളു. സ്ത്രീകൾക്കും പുരുഷൻമാർക്കും കോമണായിട്ട് ബാധകമാകുന്ന നിയമങ്ങളുണ്ട്. അത് പരിശോധിച്ചതിനുശേഷം അതിനകത്ത് സ്ത്രീകൾക്കെതിരായിട്ട് എന്തെങ്കിലും വിവേചനമുണ്ടായിട്ടുണ്ടെങ്കിൽ അത് കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഇപ്പോൾ അധികാരമില്ല. അതിനകത്തു മറ്റു നിയമങ്ങളോടൊപ്പം തന്നെ.....

ശ്രീമതി കെ. ആർ. ഗൗരി അമ്മ : ഞാനിതൊന്നു വായിച്ചുകേൾപ്പിച്ചു തരാം. 'the lacunae, inadequacies, or shortcomings in the laws in force which affect the constitutional right to equality and fair treatment of women and also on the remedial legislative measures to be taken to meet the situation; അത് ഏത് നിയമത്തിലും വരും. ട്രേഡ് യൂണിയൻ നിയമത്തിൽ ഇന്നിപ്പോൾ സ്ത്രീകൾക്ക് ഏതെങ്കിലും വിധത്തിൽ വന്നിട്ടുണ്ടെങ്കിൽ..... അല്ലെങ്കിൽ മറ്റുള്ള നിയമങ്ങളിലുണ്ടെങ്കിൽ അതെല്ലാം എടുക്കാം. ക്രിസ്ത്യൻ നിയമത്തിൽ ഈക്വൽ ട്രീപാപ്പർട്ടി റൈറ്റ് വന്നിട്ടില്ല. മുസ്ലീം നിയമത്തിൽ ആറിലൊന്നു മാത്രമേയുള്ളു. വടക്ക് എന്താണെന്ന് എനിക്കറിഞ്ഞുകൂടാ. സ്ത്രീകൾക്ക് ഭരണഘടനാപരമായി തുല്യത പറഞ്ഞിരിക്കുന്നു. ഏത് കാര്യത്തിലും വന്നിരിക്കുന്ന ലാക്കുണയും മറ്റും ചൂണ്ടിക്കാണിച്ച് അതിനാവശ്യമായിട്ടുള്ള ശുപാർശ ചെയ്യാം.

ബില്ലിൽ 15 (2)-ൽ ഇപ്പോൾ പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്.

(2) The government shall cause the recommendations of the Commission under sub-section (1) to be placed before the legislative Assembly during its next session and cause action to be taken thereon by the authority concerned within two months from the placing of such recommendations.

ഇതിനു പകരം ഞാൻ താഴെ പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

"The Government shall lay the recommendations of the Commission under sub-section (1) before the Legislative Assembly during its next session and action to be taken by the authority concerned within two months from the date of laying such recommendations."

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 236-ാം നമ്പർ ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ. ജെ. തോമസ് അവതരിപ്പിച്ച 237, 243 എന്നീ നമ്പർ ഭേദഗതികളും സഭ വോട്ടിനിട്ട് അംഗീകരിക്കുകയും 239,240 എന്നീ നമ്പർ ഭേദഗതികളും സഭയുടെ അനുമതിയോടെ പിൻവലിക്കുകയും ചെയ്തു.

ശ്രീ. വയലാർ രവി അവതരിപ്പിച്ച 241-ാം നമ്പർ ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ടി. എം. ജേക്കബ് ജേക്കബ് അവതരിപ്പിച്ച 242-ാം നമ്പർ ഭേദഗതിയും വാക്കാൽ ഭേദഗതികളും സഭ വോട്ടിനിട്ട് നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേഗതികളും സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേഗതി ചെയ്ത പ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേഗതി ചെയ്ത പ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

16-ാം വകുപ്പ്

Shri K. C. Joseph : Sir, I move the following amendments.

247. 'In item 16 (1) for the words "alleging that she has been subjected to " substitute the words for any other person on behalf of another women alleging that she or another women has been subjected to".

249. After sub clause (2) of clause 16 add the following sub clauses, namely :—

"(2A) on the completion of the preliminary enquiry where it is found that the allegations contained in the complaint is frivolous or not substantiated the Director may report to the commission accordingly.

(2B) when the report of the preliminary enquiry by the Director received by the Commission it may either accept it or reject the report and the commission itself may conduct the preliminary enquiry.

(2C) Where the complaint is found substantiated as result of the preliminary enquiry by the Director or the Commission, the Commission may hold a detailed enquiry in such manner as may be prescribed.

(2D) For thee nquiry under sub section (2B) the Commission, may repuire the assistance of any person or agency as it deems fit.

(2E) No decision on the complaint shall be taken unles the person on whom the allegations are raised is provided a reasonable opportunity for the complaint being cross examined and another opportunity for being heard.

(2F) If the Commission arrives at a finding that the allegationsare proved and the complaint orany other person has been subjected to unfair practice it shall make such recommendation to the Government as it may deem fit.

(2G) The Government shall take a decision on the recommendation of the Commission within such time as may be prescribed and intimate it to the commission soon after the decision is taken'"

16(1) (എ)-ൽ പറയുന്നത് 'on receiving a written complaint from any woman allaging that she has been subjected to any unfair practice or on a similar complaint from any

LIBRARY ARCHIVES Kerala Legislative Assembly

registered women's organisation ; എന്നാണ്. പരാതിക്ക് രണ്ട് മാർഗ്ഗമാണ് ഒന്ന് ഒരു സ്ത്രീ പരാതി കൊടുക്കണം. അല്ലെങ്കിൽ ഒരു രജിസ്റ്റേർഡ് വിമൻസ് ഓർഗനൈസേഷൻ പരാതി കൊടുക്കണം. അൺ ഷെയർ പ്രാക്ടീസിന് വിധേയയായ ഒരു സ്ത്രീ അങ്ങനെ ഒരു പരാതി കൊടുക്കാൻ നിവൃത്തിയില്ലാതെയുള്ള അവസ്ഥയിലാണെങ്കിൽ എന്തു ചെയ്യും സർ ? ആ പ്രദേശത്ത് രജിസ്റ്റേർഡ് സംഘടനകളില്ല. അങ്ങനെ വരുമ്പോഴും പരാതി കൊടുക്കാനുള്ള അവസരമുണ്ടാകുന്നില്ല. എന്റെ അമെൻറ്മെന്റിൽ പറയുന്നത് "on receiving a written complaint from that any woman or any other person in behelf of anther women alleging she or another woman has been subjected to" എന്നാണ്. ഞാൻ പറയുന്നത് അൺഫെയർ പ്രാക്ടീസിന് വിധേയയായ സ്ത്രീ പരാതി കൊടുക്കാൻ നിവർത്തിയില്ലാത്ത അവസ്ഥയിലാണെങ്കിൽ മൂന്നാമത് ഒരാൾക്ക് പറയാനുള്ള അവസരം വേണം. അങ്ങനെ കൊടുത്തില്ലെങ്കിൽ ഈ കമ്മീഷന്റെ പ്രവർത്തികളും വൃഥാവിലാകും. ആ സാഹചര്യം ഒഴിവാകുന്നതിനുവേണ്ടി ഒരു സ്ത്രീക്കോ അല്ലെങ്കിൽ മറ്റൊരാളിനോ പരാതിക്കുള്ള വ്യവസ്ഥ നിയമത്തിൽ കൊടുത്തില്ലെങ്കിൽ കമ്മീഷന്റെ തന്നെ ഉദ്ദേശലക്ഷ്യം പൂർത്തീകരിക്കില്ല. അതുകൊണ്ട് ഞാൻ എന്റെ അമെൻറ്മെൻറ് മൂവ് ചെയ്യുകയാണ്. അത് അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

249-ാം നമ്പർ ഭേദഗതിയെപ്പറ്റി ഞാൻ സംസാരിക്കുന്നില്ല.

ശ്രീ. ടി. എം. ജേക്കബ് : സർ, താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

248. After sub clause (1) of clause 16 add the following :—

"(1A) The form and manner in which in the complaint is to be raised shall be sueh as may be prescribed" എനിക്ക് ഇത് സംബന്ധിച്ച് കൂടുതലായി ഒന്നും പറയാനില്ല.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ) : അതിൽ സപ്പോമോട്ടോ കൂടെ വേണമെങ്കിൽ നമുക്ക് ചേർക്കാം. ഇതിൽ ഉള്ളത് ഞാൻ വായിക്കാം.

The Commission shall enquire into unfair practice—

(a) on receiving a written complaint from any woman alleging that she has been subjected to any unfair practice or on a similar complaint from any registered womens organisation ;
(b) in its own knowledge or information ;
(c) on any request from the Government ; .....

ഇതെല്ലാം സെൽഫ് കണ്ടയിൻഡ് ആണ്. ഒരു സ്ത്രീയെ, അല്ലെങ്കിൽ മറ്റേ സ്ത്രീക്ക് എതിരായി, അങ്ങനെയൊന്നും പറയണമെന്നില്ല. ഒരു സ്ത്രീക്ക് കൊടുക്കാം : ആതൈസേഷൻ കൊടുക്കാം ; അവർക്ക് സുപ്പോമോട്ടോ ആയിട്ട് എടുക്കാം ; ഗവൺമെൻറ് കംപ്ലയിൻറ് കൊടുത്താലും ആകാം. അതുകൊണ്ട് വേറൊന്നും ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 247, 249 എന്നീ നമ്പർ ഭേദഗതികളും സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 248-ാം നമ്പർ ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

16-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്

ശ്രീ. ടി. എം. ജേക്കബ് : സർ, 17-ാം വകുപ്പായിട്ട് മന്ത്രിയുടെ ഒരു ഭേദഗതിയുണ്ട്. അത് വരുമ്പോഴേക്കും എല്ലാം റീനമ്പർ ചെയ്തു വരും. ബില്ലിലെ പതിനേഴ് പതിനെട്ടാകും.

Minister for Industries and Social Welfare (**Smt. K.R. Gouri Amma**) : I move (269) After clause 16, the following new clause shall be inserted as clause 17 and the existing clauses 17 to 26 shall be renumbered as clauses 18 to 27, namely :—

"17. *Initation of prosecutcon* .—If, after investigation, into any complaint, the Commission is satisfied that a person has committed any criminal offience and that he should be prosecuted in a court of law for such offience, then it may pass an order to that effect and initiate prosecution of the person concerned, if there is no necessity for prior sanction, and if prior sanction of any authority is required for such prosecution, then, notwithstanding anything contained in any law, such sanction shall be granted by that authority within thirty days of the request by the Commission and if such sanction is not granted within the said period such sanction shall be deemed to have been granted by that authority". ഇതൊരു ക്രിമിനൽ ഒഫൻസ് ആണെന്നു കണ്ടാൽ—കൺസ്യൂമർ പ്രൊട്ടക്ഷൻ നിയമത്തിനേതുപോലെതന്നെ, കമ്മിഷന് പ്രോസിക്യൂഷൻ ഇനിഷ്യേറ്റ് ചെയ്യാനുള്ള അവകാശം കൊടുക്കുന്നതാണ്. അതിൽ ഗവൺമെന്റ് ഉദ്യോഗസ്ഥനാണെങ്കിൽ അപ്രോപ്രിയേറ്റ് അതോറിറ്റിയുടെ സാംഗ്ഷൻ വേണം. അതുകൊണ്ടാണ് സാംഗ്ഷൻ വേണമെന്നുള്ള നിലയിൽ എഴുതിയത്. വിത്തിൻ ദി പീരീഡിൽ സാംഗ്ഷൻ കൊടുത്തില്ലെങ്കിൽ (30 ദിവസമാണ് വച്ചിട്ടുള്ളത്) സാംഗ്ഷൻ കിട്ടിയതായി കണക്കാക്കും.

ശ്രീ. ടി. എം. ജേക്കബ് : ഇക്കാര്യത്തിലുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്നില്ല. പ്രോസിക്യൂഷൻ ഇനിഷ്യേറ്റ് ചെയ്യാനുള്ള അവകാശം വേണം. അതാണ് മന്ത്രി ഉദ്ദേശിച്ചിട്ടുള്ളത്. ഒരു നല്ല അർത്ഥത്തിൽ കൊണ്ടുവന്നതാണ്. പക്ഷേ ഇതിനകത്തുള്ള ഒരു പ്രശ്നമെന്താണെന്നു വച്ചാൽ, ഇന്നലെ ബഹുമാനപ്പെട്ട ഗൗരിഅമ്മ ഇവിടെ പറഞ്ഞതിനുശേഷം ഞാൻ ഇതു പരിശോധിക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തുതന്നെ പ്രാക്ടീസ് ചെയ്യുന്ന വളരെ പ്രഗൽഭരായ വക്കീലൻമാരുമായി സംസാരിച്ചു ഈ നിയമത്തിന്റെ 15-ാം വകുപ്പിൽ കമ്മിഷന്റെ ഫംഗ്ഷനെ സംബന്ധിച്ച് പറയുന്നുണ്ട്. അതിനകത്ത് താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ച് അവർക്ക് അന്വേഷിക്കാം, അന്വേഷണം നടത്തി ഗവൺമെന്റിലേക്ക് റിപ്പോർട്ട് കൊടുക്കാം. ഗവൺമെന്റാണ് പിന്നീട് ആക്ഷൻ എടുക്കേണ്ടതെ. ഇവിടെ പറഞ്ഞിരിക്കുന്നതനുസരിച്ച്, 15-ാം വകുപ്പുപ്രകാരം കമ്മീഷന്റെ ഫംഗ്ഷൻസ് റക്കമെന്റേറ്ററി നേച്ചറാണ്. റക്കമെന്റേറ്ററി നേച്ചറുള്ള ഒരു സംഗതിയെ സംബന്ധിച്ച് പ്രോസിക്യൂഷൻ ഇനിഷ്യേറ്റ് ചെയ്യാൻ എങ്ങനെ സാധിക്കും ? നമ്മൾ നിയമം ഉണ്ടാക്കിയിട്ട്, ഇന്ന ആക്ട് ഇന്ന ആം

LIBRARY ARCHIVES Kerala Legislative Assembly

ലംഘിച്ചാൽ അത് നടപടിക്ക് വിധേയമാണ്, പെനാൽറ്റിയോ ഇംപ്രിസൺമെന്റോ എന്താണെന്നു വച്ചാൽ അതു പറയാം. മന്ത്രിയുടെ ആത്മാർത്ഥതയെ ഞാൻ ചോദ്യം ചെയ്യുന്നില്ല. അതിന്റെ നിയമപരമായ വശം ചൂണ്ടിക്കാണിക്കുകയാണ്. റക്കമെന്റേറ്റിറി നേച്ചറിലുള്ള ഒരു വകുപ്പ് നമ്മൾ 15-ാം വകുപ്പായി എഴുതിച്ചേർത്തിരിക്കുന്ന സാഹചര്യത്തിൽ മന്ത്രി കൊണ്ടുവന്നിരിക്കുന്ന ഇപ്പോഴത്തെ 17-ാം വകുപ്പ് നിലനിൽക്കത്തക്കതല്ല. ഇത് പാസ്സാക്കുന്നതിൽ ബുദ്ധിമുട്ടൊന്നുമില്ല. ഒന്നുകൂടി ഞാനും എടുത്തു പറയുകയാണ്, മന്ത്രിയുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്നില്ല. പക്ഷേ നിയമത്തിനകത്ത് ഇത് എഴുതിച്ചേർത്തതുകൊണ്ട് യാതൊരു പ്രയോജനവും വരാൻ പോകുന്നില്ല. അത് ചൂണ്ടിക്കാണിക്കേണ്ടത് ആവശ്യമാണ്.

ശ്രീമതി കെ. ആർ. ഗൗരി അമ്മ : വളരെ സ്പെസിഫിക് ആയിട്ട് എഴുതിയതാണ്. ക്രിമിനൽ ഒഫൻസ് വരുമല്ലോ. അങ്ങനെ ഒഫൻസ് ആണെന്നു കാണുന്നത്, ഇന്നയിന്ന നിയമം, ഇന്നയിന്ന ആക്ട്, ഇന്നയിന്ന സെക്ഷൻ അതാണ് കമ്മിറ്റി ചെയ്യുന്നതെങ്കിൽ that is an office. പീനൽ കോഡ് പ്രകാരം അത് ഒഫൻസ് ആണ്. ആ ഒഫൻസ് ആണ് കമ്മിറ്റി ചെയ്യുന്നതെന്നുകണ്ടാൽ പ്രോസിക്യൂട്ട് ചെയ്യാം. അതുകൊണ്ടാണ് ഞാൻ നേരത്തേ പറഞ്ഞത്, ഇതൊരു തർക്കമാണ്. ക്രിമിനൽ ഒഫൻസ് ആണെങ്കിൽ അതുമാത്രം പ്രോസിക്യൂഷൻ നടത്തുന്നതിനുള്ള അവകാശം മാത്രമേ കൊടുത്തിട്ടുള്ളു.

ശ്രീ. ടി. എം. ജേക്കബ് : ശ്രീമതി ഗൗരി അമ്മയ്ക്കും നിയമം അറിയാം. ഇതൊരു ഓറൽ അമൻഡ്മെന്റ് ആണ്. അത് സർക്കുലേറ്റ് ചെയ്തു. ഞങ്ങളും അതു നോക്കി. അതിനകത്ത് വന്നിരിക്കുന്ന നിയമപരമായ ഒരു തടസ്സം എന്താണെന്നു ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ശ്രീമതി ഗൗരി അമ്മയ്ക്ക് നിയമം അറിയാം. സദുദ്ദേശത്തോടുകൂടിയാണ് മന്ത്രി ഇത് കൊണ്ടുവന്നിട്ടുള്ളത് പക്ഷേ അത് നിലനിൽക്കത്തക്ക സാഹചര്യമല്ല അതിനകത്തുള്ളത്. അതാണ് ചൂണ്ടിക്കാണിച്ചത്.

ശ്രീ. ഇ. അഹമ്മദ് : പ്രോസിക്യൂഷൻ നടത്തണമെങ്കിൽ ഇങ്ങനെയൊരു സെക്ഷൻ ആവശ്യമുണ്ടെന്നാണ് തോന്നുന്നത്. അങ്ങനെയാണെങ്കിൽ എനിക്ക് മന്ത്രിയോട് അപേക്ഷിക്കുവാനുള്ളത് "If, after investigation into any complaint" insert the words "under Section 16" എന്നുകൂടി ചേർക്കണം. കാരണം പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ നടക്കുന്നത് സെക്ഷൻ 16 പ്രകാരമാണ്. ആ സെക്ഷനിൽ പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ എന്നു മാത്രമേപറഞ്ഞിട്ടുള്ളു. അതുകൊണ്ട് ഇവിടെ ആഫ്റ്റർ ഇൻവെസ്റ്റിഗേഷൻ എന്നു പറഞ്ഞിട്ട് അണ്ടർ സെക്ഷൻ 16 എന്നുകൂടി ചേർക്കുകയാണെങ്കിൽ അത് കുറച്ചുകൂടി സഹായകരമായിരിക്കും.

Mr. Speaker : Now they are giving a prosecution power to the Commission. Let if be there.

ശ്രീമതി കെ. ആർ. ഗൗരി അമ്മ : അതു കിടക്കട്ടെ, കിടക്കണം.

ശ്രീ. ഇ. അഹമ്മദ് : പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ എന്നാണ് സെക്ഷൻ 16-(2)-ൽ പറഞ്ഞിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീമതി കെ. ആർ. ഗൗരി അമ്മ : ശ്രീ. ഇ. അഹമ്മദ് ഒരു ഭേദഗതി ഇങ്ങോട്ടു കൊടുത്തയച്ചു. അതിൽ പറയുന്നത് ഞാൻ വായിക്കാം. Amendment to new clause 17 proposed by the Minister. After the words "after investigation into any complain" insert in words "under section 16" ഇത് 16-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പിനുള്ളതാണ്. ഇനി പറയുന്നത് 16-ാം വകുപ്പിനുള്ളതാണ്.

Section 16 :—(a) on receiving a written complaint from any women alleging that..... ....
(2) Where the complaint has been made under clause (a) of sub section (1), the Commission may, before the issue of any process to the person complained against, cause a preliminary investigation to be made by the Director in such manner as it may deems fit, for the purpose of satisfying itself that the complaint requires to be enquired into.

(3) Where the person against whom the complaint has been made, appears and showcause or fails to appear on the day appointed for that purpose, the commission may proceed to inquire into the matter in the complaint and take a dicision thereon and if the Commission finds that there is unfair practice, it shall recommend to the Government the action to be taken or initiate prosecution.

16 (3)-നുള്ള ഭേദഗതി സ്വീകരിക്കണമെങ്കിൽ വകുപ്പ് 16 വീണ്ടും തുറക്കണം.

മി. സ്പീക്കർ : 16-ാം വകുപ്പ് വീണ്ടും തുറക്കാം. 16-ാം വകുപ്പിനു ശേഷമുള്ള പുതിയ വകുപ്പിന്റെ പരിഗണന മാറ്റി വയ്ക്കാം.

(16-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പിന്റെ പരിഗണന മാറ്റി വച്ചു.)

16-ാം വകുപ്പ്

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ) : സർ, ഞാൻ താഴെ പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

"In clause 16 (3) after the word "thereon" add the following words, namely :—

"Or initiate prosecution".

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി തീർന്നു.

16-ാം വകുപ്പിനുശേഷം ഉള്ള പുതിയ വകുപ്പ് (തുടർച്ച)

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി അമ്മ) : ശ്രീ. അഹമ്മദിന്റെ നിർദ്ദേശവും സ്വീകരിക്കുന്നതിൽ വിരോധമില്ല.

2/836/92/V.

LIBRARY ARCHIVES Kerala Legislative Assembly

'If after investigation into any complaint എന്നത് കഴിഞ്ഞിട്ട് "Under Section 16" എന്നുകൂടി ചേർത്തുകൊണ്ട് എന്റെ 269-ാം നമ്പർ ഭേദഗതി ഞാൻ വീണ്ടും അവതരിപ്പിക്കാം. After clause 16, the following new clause shall be inserted as clause 17 and the existing clauses 17 to 26 shall be re-numbered as clauses 18 to 27, namely :—

"17. *Initiation of Prosecution* .—If, after investigation into any complaint under section 16 the Commission is satisfied that a person has committed any criminal offence and that he should be prosecuted in a court of law for such offence, then it may pass an order to that effect and initiate prosecution of the person concerned, if there is no necessity for prior sanction, and if prior sanction of any authority is required for such prosecution, then, notwithstanding anything contained in any law, such sanction shall be granted by that authority within thirty days of the request by the Commission and if such sanction is not granted within the said period such sanction shall be deemed to have been granted by that authority".

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി അവതരിപ്പിച്ച 269-ാം നമ്പർ ഭേദഗതി സഭ വോട്ടിനിട്ട് അംഗീകരിച്ചു.

16-ാം വകുപ്പിനു ശേഷമുള്ള പുതിയ ബില്ലിന്റെ 17-ാം വകുപ്പായി സഭ വോട്ടിനിട്ട് അംഗീകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

17-ാം വകുപ്പ് (റീ നമ്പർ ചെയ്ത പ്രകാരമുള്ള 18-ാം വകുപ്പ്)

ശ്രീ. റെനി. എം. ജേക്കബ് : സർ, ഞാൻ എന്റെ 253-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

"In clause 17" delete "for not less than fourteen days".

ബില്ലിലെ പഴയ 17-ാം വകുപ്പിൽ പറയുന്നത് Annual report to be laid before the Legislative Assembly :—The annual report submitted to the Government by the Commission in accordance with clause (iii) of sub section (1) of section 15 shall be laid, before the Legislative Assembly, for not less than 14 days, as soon as may be after the report is received by the Government എന്നാണ്. ഇതിലെ for not less than 14 days എന്നുള്ളത് വേണ്ട. കാരണം റൂൾസ് ആണെങ്കിൽ ഇവിടെ ലെ ചെയ്തു കഴിഞ്ഞാൽ മെമ്പർമാർക്ക് അമൻറ്മെൻറ് കൊടുക്കണം. ഇത് റിപ്പോർട്ട് ആണ്. എത്രയോ ആനുവൽ റിപ്പോർട്ടുകൾ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു. ഷെഡ്യൂൾ ചെയ്തിട്ട് ഇന്ന ഫൈറം പ്രകാരം വയ്ക്കുന്നു. 14 ദിവസം വയ്ക്കണമെന്ന് പറയുന്നത് നിരർദ്ധകമാണ്. ഇതൊരബദ്ധമായിരിക്കും. ഇത് റൂൾസ് അല്ല, റിപ്പോർട്ട് ആണ്. റൂൾസ് ആണെങ്കിൽ 14 ദിവസം വേണം. റിപ്പോർട്ട് എന്തിനാണ് നിയമസഭയിൽ 14 ദിവസം വയ്ക്കുന്നത്. ആ റിപ്പോർട്ട് നമുക്ക് മോഡിഫൈ ചെയ്യാൻ ഒക്കുകയില്ല. അമൻറ് ചെയ്യാൻ ഒക്കുകയില്ല. നമുക്ക് അതിനുള്ള യാതൊരവകാശവുമില്ല. അവകാശമില്ലാത്തിടത്തോളം കാലം ആവശ്യമില്ലാതെ.....14 days എന്നുള്ളത് എടുത്തുകളയണം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : 14 days വേണോ ?

ശ്രീ. ടി. എം. ജേക്കബ് : അല്ല സർ, റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വച്ചാൽ പോരേ ? 14 days എന്നുള്ളതിനകത്ത് എന്ത് അർത്ഥമാണിരിക്കുന്നത് ? റൂംസ് ആണെങ്കിൽ വയ്ക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിഅമ്മ) : നിയമസഭാ പ്രൊസീഡിംഗ്സ് വച്ച് എത്ര ദിവസം ആണ് പ്രാബല്യമുള്ളത് എന്ന് നോക്കണമെന്ന് പറഞ്ഞിരുന്നു എനിക്ക് നിർബന്ധമില്ല.

ശ്രീ. ടി. എം. ജേക്കബ് : ശ്രീമതി ഗൗരിഅമ്മക്ക് ഇത്രയും കാലമായി .....

ശ്രീമതി കെ. ആർ. ഗൗരി അമ്മ : ഇല്ലെങ്കിൽ വേണ്ട. എനിക്ക് നിർബന്ധമില്ല. ഇല്ലെങ്കിലും നിയമസഭാ പ്രൊസീഡ്യുവർ, ഉള്ളപ്പോഴത്തെ നമ്മുടെ മേശപ്പുറത്ത് വച്ചാൽ അത് വരും. ഇതൊന്നുമില്ലെങ്കിൽ തന്നെ റൂംസ് ഒക്കെ വരുന്ന കൂട്ടത്തിൽ ഇതുംകൂടി വേണമെങ്കിൽ ചേർക്കാം.

Shri T. M. Jacob : ..... laid before the Legislative Assembly as soon as may be after the report is received by the Government. അനുമതി, for not less than 14 days എന്നുള്ളത് എടുത്ത് കളയാം. ഇതിൽ യാതൊരർത്ഥവുമില്ല.

മി. സ്പീക്കർ : കിട്ടിയാൽ കൈയിൽ വച്ചിരിക്കുന്നത് എന്തിനാ ? 14 ദിവസത്തിനകം ഇവിടെ തന്നേനേ.

ശ്രീ. ടി. എം. ജേക്കബ് : ഇല്ല സർ, അങ്ങ് അത് ശ്രദ്ധിക്കാഞ്ഞിട്ടാണ്. നിയമസഭയുടെ മേശപ്പുറത്തു 14 ദിവസം വയ്ക്കണമെന്നാണ് പറയുന്നത്. റൂംസ് ആണെങ്കിൽ വേണ്ടില്ല. റൂംസിനു വേറെ വരുന്നുണ്ട്. ഇത് ആനുവൽ റിപ്പോർട്ട് ആണ്. അവർക്ക് റിപ്പോർട്ട് സഭയിൽ വച്ച് കഴിഞ്ഞാൽ നമുക്ക് പരിശോധിക്കാമല്ലോ.

ശ്രീമതി കെ. ആർ. ഗൗരിഅമ്മ : അതൊന്ന് ക്ലാരിഫൈ ചെയ്യണം. പോലീസിന്റെ excess-നെ സംബന്ധിച്ച് ഒരു കമ്മീഷൻ എൻക്വയറി നടത്തിയിട്ട് ഒരു റിപ്പോർട്ട് തന്നാൽ അതിനെപ്പറ്റി ചർച്ച ചെയ്യാൻ പിന്നീട് അവകാശമുണ്ടല്ലോ. How many days ആണ്. കൊടുക്കേണ്ടത്. അത് മാത്രമേ ഇതിനകത്ത് ബാധകമായിട്ടുള്ളു. അതുകൊണ്ടാണ് 14 ദിവസം എന്ന് പറഞ്ഞത്.

Mr. Speaker : For not less than 14 days.

Shri T M. Jacob : The annual report submitted to the Government by the Commission in accordance with clause (iii) of sub-section (1) of section 15 shall be laid, before the Legislative Assembly, as soon as may be after the report is received by the Government. അതാണ് ശരി.

Mr. Speaker : 'for' എന്നതിനു പകരം 'is not less than 14 days' എന്നാക്കാം.

ശ്രീ. ടി. എം. ജേക്കബ് : അത് വേണ്ട.

മി. സ്പീക്കർ : 14 ദിവസത്തിനകം ശ്രദ്ധിക്കണം. ഗവൺമെന്റിനു കിട്ടിയാൽ.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : അങ്ങേക്ക് അത് അറിയാവുന്നതാണ്. ഞാൻ ചോദിക്കുന്നത്, റൂൾസ് ആണെങ്കിൽ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കാം. ഗവൺമെന്റിന് സമർപ്പിക്കുന്ന ഏത് റിപ്പോർട്ട് അമൻറ് ചെയ്യാൻ നോട്ടീസ് കൊടുക്കാൻ പറ്റും ? റിപ്പോർട്ട് മേശപ്പുറത്ത് വച്ചാൽ നമുക്ക് അത് പരിശോധിക്കാം, ചർച്ച ചെയ്യാം. കുഴപ്പമില്ല. റൂൾസ് ആണെന്നുള്ള ധാരണയിലാണ് 14 days എഴുതിച്ചേർത്തത്. അതിന്റെ ആവശ്യമില്ല. വെറുതെ നിയമത്തിനകത്ത് അബദ്ധം എഴുതി വയ്ക്കരുത്.

മി. സ്പീക്കർ : For not less than 14 days എന്നുള്ള ഭാഗം ഡിലീറ്റ് ചെയ്യുക. Do you accept it ?

ശ്രീമതി കെ. ആർ. ഗൗരിഅമ്മ : ധൃതിയായിട്ട് ഞാൻ നോക്കിയതായിരുന്നു. അങ്ങിനെയായിക്കോട്ടെ.

മി. സ്പീക്കർ : നമ്മുടെ സെക്രട്ടേറിയറ്റ് എന്ത് പറയുന്നു ? We will delate the words "for not less than 14 days".

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 253-ാം നമ്പർ ഭേഗതി സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേഗതി ചെയ്തപ്രകാരമുള്ള 17-ാം വകുപ്പ് സഭബില്ലിന്റെ 18-ാം വകുപ്പായി സഭ വോട്ടിനിട്ട് അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

18-ാം വകുപ്പ് (റീ നമ്പർ ചെയ്ത പ്രകാരമുള്ള 19-ാം വകുപ്പ്)

Shri Vayalar Ravi :—Sir, I move my amendments

255. The clause 18 (1) shall be recast as follows :— "the Commission shall hold sitting ordinarily at Thiruvananthapuram, provided to enquire into any unfair practice, it may with notice to parties, hold sittings at any other place in the state".

256. In clause 18 (1) delete the words from "to enquire into any unfair practice but it may with notice to the parties. ....state".

ബഹുമാനപ്പെട്ട മന്ത്രിതന്നെ വകുപ്പ് 18 ഒന്ന് വായിച്ചാൽ തരക്കേടില്ല. ഇപ്പോഴെ എഴുതിയിരിക്കുന്നതിന്റെ അർത്ഥം അങ്ങേക്ക് മനസിലായിട്ടുണ്ടോ ; എന്താ പറഞ്ഞിരിക്കുന്നത് ?

"The Commission shall hold sittings ordinarily at Thiruvananthapuram to enquire into any unfair practice but it may, with notice to the parties, hold sittings at any other place in the State. നോട്ടീസ് കൊടുക്കാതെ ഒരിക്കലും കൂട്ടാൻപറ്റുകയില്ല. എൻകൈയറി നടത്തണമെങ്കിൽ തിരുവനന്തപുരത്തായാലും മറ്റെവിടെയായാലും നോട്ടീസ് കൊടുക്കണം. കൊടുക്കാതെ കൂട്ടാൻ പറ്റുമോ ? അത് മാത്രമല്ല, അതൊരു മോശമായ ഡ്രാഫ്റ്റിങ്ങ് ആണ്. അതുകൊണ്ടാണ്. ഞാൻ അതിനെ വിശദീകരിക്കാൻ പോകുന്നില്ല. തിരുവനന്തപുരത്താണ് അതിന്റെ സിറ്റിങ്ങ് നടക്കേണ്ടത്. അത് എൻകൈയർ ചെയ്യാൻ ഇവിടെ മാത്രമാണോ ? എൻകൈയറി മാത്രമേയുള്ളോ സിറ്റിങ്ങ്. സിറ്റിങ്ങ് എന്തെല്ലാം തരത്തിലുണ്ട്. കമ്മീഷൻ

LIBRARY ARCHIVES Kerala Legislative Assembly

ഇടയ്ക്കിടയ്ക്ക് കൂടിക്കൊണ്ടിരിക്കണം. ഈ ഡ്രാഫ്റ്റിംഗിൽ പറഞ്ഞിരിക്കുന്നത് കമ്മീഷന്റെ സിറ്റിങ്ങ് for the enquiry into some unfair practice എന്നാകും. അത് ശരിയല്ല. അതുകൊണ്ടാണ് ആ ഡ്രാഫ്റ്റിങ്ങ് മാറണമെന്ന് പറഞ്ഞത്. ആ ഡ്രാഫ്റ്റിങ്ങിന്റെ അർത്ഥംതന്നെ ശരിയല്ല. അത് യാതൊരു തരത്തിലും ആ നിയമത്തിന് കൊള്ളാവുന്ന ഡ്രാഫ്റ്റിങ്ങ് അല്ല. അതുകൊണ്ട് ഞാൻ ഒരു ഡ്രാഫ്റ്റിങ്ങ് കൊണ്ടുവന്നിട്ടുണ്ട്. അത് അംഗീകരിക്കണമെന്നില്ല. പക്ഷേ ഈ ഡ്രാഫ്റ്റ് മാറണം. I move like this. "The Commission shall hold sitting ordinarily at Thiruvananthapuram, to enquire into any unfair practice. It may with notice to parties, hold sitting at any other place in the State". അങ്ങനെ ഏതെങ്കിലും തരത്തിൽ അത് മാറുന്നില്ലെങ്കിൽ ഈ സിറ്റിംഗിന്റെ പർപ്പസ് എൻക്വയറി മാത്രമാണ് എന്നുവരും. അങ്ങനെ ലിമിറ്റ് ചെയ്യാൻ പാടില്ല. അതുകൊണ്ട് ആ ഡ്രാഫ്റ്റിംഗ് തന്നെ തിരുത്തണം. ഞാൻ പറഞ്ഞ രീതിയിൽ തന്നെ വേണമെന്നില്ല. പക്ഷേ അത് മാറണമെന്നാണ് എന്റെ അഭിപ്രായം.

Shri T. M. Jacob :—Sir, I move my amendments.

257. In clause 18 (1) delete the words "to enquire into any unfair practice" and the words "with notice to the parties".

262. For clause 18 (2) substitute "the Commission shall observe such procedure for transacting the business at its meeting as may be prescribed".

264. For sub clause (3) of clause 18 substitute the following, namely :—

"(3) the Commission may constitute such committees consisting of one or more members and assign any specific work of the Commission to that sub committee :

Provided that any report of the sub committee shall be placed before the Commission for its approval and on such approval by the Commission the report shall be deemed to be the report of the Commission".

ഇതിനകത്ത് ഇപ്പോഴും എഴുതി വച്ചിരിക്കുന്നതനുസരിച്ച് unfair practice അന്വേഷിക്കാൻ തിരുവനന്തപുരത്ത് കൂടണം എന്ന് പറഞ്ഞാൽ ബാക്കി കാര്യങ്ങൾക്ക് മറ്റ് വല്ല സ്ഥലത്തും കൂടണമെന്നാണ് അർത്ഥം. അത് ശരിയായ രൂപത്തിലുള്ള ഒരു കാര്യമല്ല. 18 (2)-ന്റെ ഡ്രാഫ്റ്റിംഗ് വളരെ shabby ആണ്. ഈ കമ്മീഷന്റെ നടപടിക്രമം മാറുന്നതിന് പുറപ്പെടുവിക്കുന്നതാണ് നല്ലത്. അതിനുവേണ്ടിയാണ് ഞാൻ ആ ഭേദഗതി നിർദ്ദേശിച്ചിരിക്കുന്നത്. 264-നകത്ത് വിശദമായിട്ട് ഞാൻ കാര്യം പറഞ്ഞിട്ടുണ്ട്.

Shri K. J. Thomas :—Sir, I move my amendment.

263. The clause 18 (3) shall be recast as follows, namely :—

"(3) the chairperson any, with the approval of the Commission assign any function of the chairperson to any other member of the Commission". ഈ ബില്ലിൽ

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്. The chairperson may, with the approval of the Commission assign any function of the chairperson or of the Commission to any other member or members of the Commission എന്നാണ്. കമ്മീഷന്റെ ചെയർപേഴ്സന് ചെയർപേഴ്സന്റെ ചുമതലകളോ അല്ലെങ്കിൽ കമ്മീഷന്റെ ചുമതലകളോ മുഴുവനായോ കമ്മീഷന്റെ ഏതെങ്കിലും ഒരംഗത്തേയോ ഒന്നിൽ കൂടുതൽ അംഗത്തേയോ ഏൽപ്പിച്ചുകൊടുക്കാനുള്ള അധികാരമാണ് ഈ വകുപ്പ് കൊടുക്കുന്നത്. ഇത് ശരിയല്ല എന്നാണ് എന്റെ അഭിപ്രായം. ഇതിന്റെ അർത്ഥം കമ്മീഷന്റെ മുഴുവൻ ചുമതലകളും ഒരു മെമ്പറിൽ കേന്ദ്രീകരിക്കുക എന്നുള്ളതാണ്. അതുകൊണ്ട് ഒരംഗം കമ്മീഷനായി പ്രവർത്തിക്കാനുള്ള സാദ്ധ്യത മാറ്റിക്കളയണം. The chairperson may, with the approval of the Commission assign any function of the chairperson to any other member of the Commission എന്നാക്കി മാറ്റണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ ഗൗരി അമ്മ) : The Chairperson, may with the approval of the Commission എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് കമ്മീഷൻ ഇല്ലാത്തപ്പോഴും പ്രവർത്തനം നടക്കണമെന്നതാണ്. കമ്മീഷൻ എന്നും കൂടി എന്നു വരികയില്ല. കമ്പനികളിൽ എം.ഡി യെ നിയമിക്കുന്നതുപോലെ The whole power is vested in the Board but Managing Director acts when the Board is not sitting or functioning. ചെയർപേഴ്സനും ചില അവകാശങ്ങളും ഉണ്ടാകും. കമ്പനീസ് ആക്ട് പ്രകാരം നടത്തുന്നതുപോലെയുള്ളു. ഈ കമ്മീഷന്റെ പ്രവർത്തനത്തിന് തടസം വരാതിരിക്കാൻ വേണ്ടിയാണിത്. The Commission shall hold sittings ordinarily at Thiruvananthapuram, to enquire into unfair practice but it may, with notice to the parties, hold sittings at any other place in the state എന്നാണ് പറഞ്ഞിരിക്കുന്നത്. ആളുകളെ വരുത്തണ്ടേ? With notice to the parties, holder sitting at any other place in the State. ഡ്രാഫ്റ്റിംഗ് മോശമായാലും ഉദ്ദേശം, ഇതുതന്നെയാണ്. Unfair practice-നെപ്പറ്റി അന്വേഷിക്കാൻ സാധാരണ കമ്മീഷൻ തിരുവനന്തപുരത്തായിരിക്കും കൂടുക. എന്നാൽ പാർട്ടികൾക്ക് നോട്ടീസ് കൊടുത്തുകൊണ്ട് വേറെ സ്ഥലത്തും കൂടാം.

മിസ്റ്റർ സ്പീക്കർ : "With notice to the parties" എന്നു വേണ്ട. കമ്മീഷന്റെ സിറ്റിംഗിൽ ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് അയയ്ക്കണമെന്നുള്ളത് It is a procedural matter. അത് എഴുതണ്ട. അത് മാറ്റണം.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : അത് ഇല്ലാതെ മതിയോ ?

മി. സ്പീക്കർ : മതി. I give you the assurance. It is a natural justice. So we will delete that portion. It is fundamental, whenever you deal with a matter, the parties concerned should be given notice.

ശ്രീമതി കെ. ആർ. ഗൗരിയമ്മ : എന്നാൽ ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞ പ്രകാരം താഴെ പറയുന്ന വാക്കുകൾ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

In clause 18 (1) delete the words "with notice to the parties".

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വയലാർ രവി : സർ, എൻകയറിക്ക് മാത്രമല്ലാതേയ്യും കമ്മീഷൻ കൂട്ടേണ്ടിവരും. സാധാരണയായിട്ട് തിരുവനന്തപുരത്തു തന്നെ കൂടാൻ പറയുകയും എൻകയറിക്കുവേണ്ടി മറ്റുള്ള സ്ഥലങ്ങളിൽ കൂടുകയും വേണം. ആ രീതിയിൽ ഭേദഗതി വരുത്തുന്നതല്ലേ നല്ലത്? എൻകയറിക്കു തിരുവനന്തപുരത്തു കൂടാം. അപ്പോഴാ സാധാരണ കൂടുന്നത് എവിടെയാണ്?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : അതൊക്കെ റൂളിൽ ഉണ്ടാകും.

ശ്രീ. വയലാർ രവി അവതരിപ്പിച്ച 255, 256 എന്നീ നമ്പർ ഭേദഗതികളും സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 257, 262, 264 എന്നീ നമ്പർ ഭേദഗതികളും സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ.ജെ. തോമസ് അവതരിപ്പിച്ച 263-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ വോട്ടിനിട്ടു അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ 19-ാം വകുപ്പായും സഭ വോട്ടിനിട്ട് അംഗീകരിച്ചു. 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി തീർന്നു.

19-ാം വകുപ്പ് (റീനമ്പർ ചെയ്ത പ്രകാരമുള്ള 20-ാം വകുപ്പ്)

Shri T. M. Jacob : Sir, I move my amendment. In clause 19 delete the words beginning from "or of such other officer..... ....". ബില്ലിൽ പറഞ്ഞിരിക്കുന്നത് ഇതാണ്. "Authentication of orders, etc., of the Commission:— All orders and decisions of and all other proceedings or instruments, if any, issued by the Commission shall be authenticated by the signature of the Director or of such other Officer as may be authorised by the Commission in this behalf". കമ്മീഷന്റെ ഉത്തരവ് authorised by the Commission in this behalf". കമ്മീഷന്റെ ഉത്തരവ് authenticate ചെയ്യുന്നത് ഒന്നിലധികം മെമ്പർമാർ ഉണ്ടാകുന്നത് ശരിയല്ല. അതൊരു മൽസരത്തിനും വിശ്വാസത്തകർച്ചയ്ക്കും ഇടയാകും. അതുകൊണ്ട് ഈ ഭേദഗതി സ്വീകരിക്കുന്നതാണ് നല്ലത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : All orders and decision of and all other proceedings or instruments, if any, issued by the Commission shall be authenticated by the signature of the Director or such other Officer as may be authorised by the Commission in this behalf എന്നതുകൊണ്ട് ദോഷമൊന്നുമില്ല. ഭേദഗതി സ്വീകരിക്കുന്നില്ല.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 265-ാം നമ്പർ ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ, 20-ാം വകുപ്പായി സഭ വോട്ടിനിട്ട് അംഗീകരിച്ചു. 20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

LIBRARY ARCHIVES Kerala Legislative Assembly

20-ാം വകുപ്പ് (റീ നമ്പർ ചെയ്ത പ്രകാരമുള്ള 21-ാം വകുപ്പ്)

20-ാം വകുപ്പ് ബില്ലിന്റെ 21-ാം വകുപ്പായി സഭ വോട്ടിനിട്ട് അംഗീകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

21-ാം വകുപ്പ്

(റീ നമ്പർ ചെയ്ത പ്രകാരമുള്ള 22-ാം വകുപ്പ്)

21-ാം വകുപ്പ് ബില്ലിന്റെ 22-ാം വകുപ്പായി സഭ വോട്ടിനിട്ട് അംഗീകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

ശ്രീ. വയലാർ രവി : ഈ കമ്മീഷൻ എന്തിനാണ് സംഭാവന പിരിക്കുന്നത്. അതേപ്പറ്റി മന്ത്രി വിശദീകരണം തരണം. ആ ക്ലാസ് പിൻവലിക്കണം.

മി. സ്പീക്കർ : പാസായിക്കഴിഞ്ഞ ക്ലാസിനെക്കുറിച്ച് പറഞ്ഞിട്ട് ഇനി യാതൊരു കാര്യവുമില്ല. മാത്രവുമല്ല, with the previous sanction of the Government. ഗവൺമെന്റിന്റെ അനുവാദം ഉണ്ടെങ്കിൽ മാത്രമേ കമ്മീഷൻ വാങ്ങാവൂ. സർക്കാർ അനുവദിച്ചിട്ടില്ലെങ്കിൽ കമ്മീഷൻ വാങ്ങിച്ചുകൂടാ. That provision is there.

22-ാം വകുപ്പ്

(റീ നമ്പർ ചെയ്ത പ്രകാരമുള്ള 23-ാം വകുപ്പ്)

ശ്രീ. ടി. എം. ജേക്കബ് : സർ, 266-ാം നമ്പർ ഭേദഗതി ഞാൻ മൂവ് ചെയ്യുകയാണ്.

In clause 22, delete the words "when acting or purporting to act in pursuance of any of the provisions of this Act". ഇതിനകത്ത് ഒരിക്കൽ മെമ്പറായാൽ ആ മെമ്പർക്ക് രണ്ട് കപ്പാസിറ്റി ഉണ്ടാകുന്നത് ശരിയല്ല. മെമ്പറായിട്ട് ഒരു വ്യക്തിത്വവും അല്ലാതെ വേറൊരു വ്യക്തിത്വവും ഉണ്ടാകുന്നത് ശരിയല്ല. എന്തെങ്കിലുമൊരു കുഴപ്പം കാണിച്ചിട്ട് കമ്മീഷൻ മെമ്പറെന്ന നിലയിലല്ല എന്നു പറഞ്ഞിട്ട് ഒഴിഞ്ഞു മാറാനുള്ള സൗകര്യമുണ്ടാക്കാൻ പാടില്ല. അതിനു വേണ്ടിയാണ് ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നത്.

2 p. m.]

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : സർ, കമ്മീഷൻ മെമ്പർ ഓഫീസറാണോ അല്ലയോ എന്നുള്ളത് റൂളിൽ ചേർക്കാവുന്നതേയുള്ളു. അല്ലാതെ ഇപ്പോഴ നിർബന്ധിക്കേണ്ട. കമ്മീഷൻ മെമ്പേഴ്സെല്ലാം ഗവൺമെന്റ് ഓഫീസറായാൽ പിന്നെ വേറെ പവർ വേണമെങ്കിൽ അത് റൂളിൽ ചേർക്കാവുന്നതേയുള്ളു.

ശ്രീ. ടി. എം. ജേക്കബ് അവതരിപ്പിച്ച 266-ാം നമ്പർ ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ 23-ാം വകുപ്പായി സഭ വോട്ടിനിട്ട് അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

23-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിത്തീർന്നു.

ശ്രീ. ടി. എം. ജേക്കബ്: റിസർവ്വേഷനെ സംബന്ധിച്ചിടത്തോളം പിന്നോക്ക വിഭാഗങ്ങൾക്കും, ഷെഡ്യൂൾഡ് കാസ്റ്റ്, ഷെഡ്യൂൾഡ് ട്രൈബ് വിഭാഗങ്ങൾക്കും റിസർവ്വേഷൻ കൊടുക്കണമെന്ന് പറഞ്ഞിരിക്കുന്നു. അതിനുവേണ്ടി ഒരു അമൻറ്മെൻറ് മൂവ് ചെയ്തിരിക്കുകയാണ്. മിനിസ്റ്റർ പറഞ്ഞു അതവസാനം എടുക്കാമെന്ന്, എടുക്കുന്നുവെങ്കിൽ ഇവിടെ ചേർക്കേണ്ടതാണ്.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: 11-ാം വകുപ്പ് കഴിഞ്ഞിട്ട് ചേർക്കണം.

23, 24, 25, 26 എന്നീ വകുപ്പുകൾ

(പി നമ്പർ ചെയ്ത പ്രകാരമുള്ള 24, 25, 26, 27 എന്നീ വകുപ്പുകൾ)

23, 24, 25, 26 എന്നീ വകുപ്പുകൾ യഥാക്രമം ബില്ലിന്റെ 24 25, 26, 27 എന്നീ വകുപ്പുകളായി സഭ വോട്ടിനിട്ട് അംഗീകരിച്ചു.

24, 25, 26, 27 എന്നീ വകുപ്പുകൾ ബില്ലിന്റെ ഭാഗമായിത്തീർന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിത്തീർന്നു.

മി. സ്പീക്കർ: 11-ാം വകുപ്പിൽ appointment of staff-ന്റെ കാര്യം പിന്നീട് നോക്കാമെന്ന് പറഞ്ഞിരുന്നു. അതനുസരിച്ച് 11-ാം വകുപ്പിന്റെ പരിഗണന വീണ്ടും ആവശ്യമായിവന്നിരിക്കുന്നു.

11-ാം വകുപ്പ് (തുടർച്ച)

ശ്രീമതി കെ. ആർ. ഗൗരിയമ്മ: Qualifications term of appointment and other conditions of service of Director shall be such as may be prescribed എന്നാണ് ബില്ലിൽ പറഞ്ഞിരിക്കുന്നത്. അതിനുശേഷം ഒരു വകുപ്പ് ചേർക്കണം. അത് ഇതാണ്. "The officers can be appointed by deputation and by direct recruitment in the case of direct recruitment Sections 14, 15, 16 and 17 of the Kerala State Subordinate Service Rules, 1958 will apply".

Mr. Speaker: Now the Minister is moving an oral amendment regarding the appointment of staff.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: ഇത് മൂന്നാമത്തെ sub-clause ആയിട്ട് കൊടുത്താൽ മതി. അതിന് ഞാൻ ഒരു വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

(3) "The officers can be appointed by deputation from service or by direct recruitment and in the case of direct recruitment sections 14, 15, 16 and 17 of the Kerala State Subordinate Service Rules, 1958 will apply".

2/836/92.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : പതിനൊന്നാം വകുപ്പിന്റെ പുതിയ സബ് ക്ലാസായിട്ട് ചേർക്കണം. ഒന്നും രണ്ടും സബ് ക്ലാസ് ഉണ്ട്. മൂന്നാമത്തെ സബ് ക്ലാസായിട്ട് ചേർക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി തീർന്നു.

2-ാം വകുപ്പ് (തുടർച്ച)

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : സർ, രണ്ടാം വകുപ്പിൽ നേരത്തെ വരുത്തിയതിലും കൂടുതലും മാറ്റം ആവശ്യമില്ല. അതുകൊണ്ട് രണ്ടാം വകുപ്പ് പാസ്സാക്കാവുന്നതാണ്.

ശ്രീ. ടി. എം. ജേക്കബ് : അവതരിപ്പിച്ച 77, 79 എന്നീ നമ്പർ ഭേദഗതികളും സഭ വോട്ടിനിട്ട് അംഗീകരിക്കുകയും 76-ാം നമ്പർ ഭേദഗതി വോട്ടിനിട്ട് നിരാകരിക്കുകയും ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി തീർന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : സർ, 1990-ലെ കേരള വനിതാ കമ്മീഷൻ ബിൽ അവസാനമായി പാസാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ) : സർ, ഞാൻ പിൻതാങ്ങുന്നു.

ശ്രീ. എ. വി താമരാക്ഷൻ : സർ, കേരളത്തിലെ ജനസംഖ്യയിൽ ഭൂരിപക്ഷം വരുന്ന വനിതകൾക്ക് എതിരെയുള്ള പീഡനങ്ങൾക്ക് അറുതി വരുത്തുന്നതിനും സമൂഹത്തിൽ വനിതകളുടെ അന്തസ് ഉയർത്തിപ്പിടിക്കുന്നതിനും സഹായകരമായ ഒരു നിയമമാണ് ഈ ഗവൺമെന്റ് ഇപ്പോൾ പാസാക്കിയിരിക്കുന്നത്. ഈ നിയമം കേരളത്തിന്റെ സാമൂഹ്യ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം എഴുതിച്ചേർക്കുമെന്ന് ഞാൻ ആത്മാർത്ഥമായി പ്രതീക്ഷിക്കുന്നു. തീർച്ചയായിട്ടും ഈ നിയമം തയ്യാറാക്കിയ ശ്രീമതി ഗൗരിയമ്മയ്ക്ക് ഏറ്റവും കൂടുതൽ അഭിമാനിക്കാൻ വകയുണ്ട്. കേരളത്തിന് വെളിയിൽ മനുഷ്യമനഃസാക്ഷിയെ ഞെട്ടിപ്പിക്കുന്ന തരത്തിൽ സ്ത്രീകൾക്കെതിരായിട്ടുള്ള പീഡനങ്ങൾ ദൈനംദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇന്ത്യയിലാദ്യമായി കേരളത്തിലാണ് ഇത്തരത്തിലൊരു നിയമം പാസാക്കിയത്. ഈ നിയമം തയ്യാറാക്കുകവഴി ഇന്ത്യയിലെ പ്രഥമ വനിതയെന്ന ബഹുമതിക്ക് ശ്രീമതി ഗൗരിയമ്മ അർഹയായിരിക്കുന്നുവെന്ന് പറയാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. ഈ നിയമം പാസായതുകൊണ്ടു മാത്രം കാര്യമുണ്ടാകുമെന്ന് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

കരുതുന്നില്ല. ഇത് പൂർണ്ണമാകണമെങ്കിൽ നമ്മുടെ സമൂഹത്തിൽ മനുഷ്യ മനഃസാക്ഷി ഉണർന്നുപ്രവർത്തിക്കണം. സ്ത്രീധന നിരോധന നിയമ മുണ്ടെങ്കിൽപോലും സ്ത്രീധനത്തിന്റെ പേരിൽ നടക്കുന്ന നരഹത്യ നാം കണ്ണു തുറന്നു കാണേണ്ടതാണ്. അതുകൊണ്ട് ഈ നിയമമുണ്ടെങ്കിൽ പോലും സമൂഹത്തിന്റെ മനഃസാക്ഷി ഉണർന്നുവെങ്കിൽ മാത്രമേ സ്ത്രീ കൾക്ക് എതിരെയുള്ള പീഡനങ്ങൾക്ക് അറുതി വരുത്താനും അവരുടെ അന്തസ് ഉയർത്തിപ്പിടിക്കാനും കഴിയുകയുള്ളു. ഈ നിയമം പാസാ ക്കുന്ന കാര്യത്തിൽ അങ്ങും വളരെയേറെ താൽപ്പര്യമെടുത്തിട്ടുണ്ട്. രാവിലെ എട്ടര മണി മുതൽ ഒരു തുള്ളി വെള്ളംപോലും കുടിക്കാതെ സഭയിലിരുന്നുകൊണ്ട് ഈ നിയമം പാസാക്കുന്നതിനുവേണ്ടി അങ്ങ് എടുത്ത ത്യാഗമനോഭാവവും ഞാൻ വിസ്മരിക്കുന്നില്ല.

ഇന്ന് എട്ടാം കേരള നിയമസഭ അവസാനിക്കുകയാണ്. തീർച്ച യായിട്ടും അങ്ങേക്ക് വളരെ അഭിമാനത്തോടുകൂടി പിരിഞ്ഞു പോകാൻ സാധിക്കും. കേരളത്തിന്റെ ചരിത്രത്തിന് എട്ടാം കേരള നിയമസഭ വലിയ സംഭാവനകൾ ചെയ്ത ഒന്നാണ് എന്ന് ചൂണ്ടിക്കാണി ക്കാൻ ഞാനാഗ്രഹിക്കുന്നു. നിയമസഭാ മെമ്പർമാരുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട്, സഭയുടെ അന്തസ് ഉയർത്തിപ്പിടിച്ചുകൊണ്ട് ആ രംഗത്ത് ശോഭിക്കാൻ അങ്ങേക്ക് കഴിഞ്ഞിട്ടുണ്ട്. നിയമസഭക്കെതിരായിട്ട് അവകാശങ്ങൾക്കെതിരായിട്ട്, എക്സിക്യൂട്ടീവായിരുന്നാലും ജുഡീഷ്യറി യായിരുന്നാലും നീങ്ങിയപ്പോൾ അതിനെയെല്ലാം ധീരമായി നേരിടാൻ അങ്ങേക്ക് കഴിഞ്ഞിട്ടുണ്ട്. അസംബ്ലിയുടെ ലെജിസ്ലേച്ചറിന്റെ അവകാശ ങ്ങൾ രക്ഷിക്കുന്ന കാര്യത്തിൽ അങ്ങ് വിട്ടുവീഴ്ച അനുവദിച്ചിട്ടുണ്ട്. ഇന്ത്യയിലെ നിയമസഭാ സ്പീക്കർമാരുടെ കൂട്ടത്തിൽ അറിയപ്പെടുന്ന ഒരു പേരാണ് ശ്രീമാൻ വർക്കല രാധാകൃഷ്ണൻ. അതു മാത്രമല്ല, കോമൺവെൽത്ത് പാർലമെന്ററി സമ്മേളനത്തിന് അങ്ങ് പോയി. ഞാൻ അതിന്റെ പ്രൊസീഡിംഗ്സ് എല്ലാം വായിക്കുകയുണ്ടായി കോമൺവെൽത്ത് രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികളുടെ കൂട്ടത്തിൽ മറ്റാർക്കും കിട്ടാത്ത ഒരു ബഹുമതിയാണ്, അങ്ങേക്ക് ലഭിച്ചിട്ടുള്ളത്. ഈ സഭയുടെ അന്തസ്സാകെ ഉയർത്തിപ്പിടിച്ചുകൊണ്ട് മുന്നോട്ടു പോകാൻ കഴിഞ്ഞ അങ്ങയ്ക്ക് തീർച്ചയായിട്ടും അഭിമാനിക്കാൻ കഴിയും. ഈ ബിൽ കേരളത്തിന്റെ സാമൂഹ്യചരിത്രത്തിൽ ഒരു വഴിത്തിരിവായി രിക്കുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു.

ശ്രീ. പി. സീതിഹാജി : സർ, ഈ ബിൽ കൊണ്ട് കേരളത്തിലെ എല്ലാ വനിതകളെയും സംരക്ഷിക്കാമെന്നുള്ള അന്ധവിശ്വാസമൊന്നും എനിക്കില്ല. ഈ ബിൽ ഒരു ഇലക്ഷൻ പ്രചരണമെന്നുള്ളതിൽ കവിഞ്ഞ് വേറൊന്നുമല്ല. കാരണം, ഇതൊരു അഡ്വൈസറി ബോർഡാണ്. ഇതിന് ഒരധികാരവുമില്ല. വേണമെങ്കിൽ രാഷ്ട്രീയ പകപോക്കലിനുവേണ്ടി ആളുകളെ കരിവാരി തേയ്ക്കാൻ പറ്റിയ ചില വകുപ്പുകളും ഇതിലുണ്ട്. ഏതെങ്കിലുമൊരു സ്ത്രീയുടെ മുഖത്ത് ഞാൻ നോക്കിയാൽ ശ്രീമതി ഗൗരിയമ്മയുടെ മുഖത്ത് നോക്കിയാൽ ശ്രീമതി ഗൗരിയമ്മക്ക് ദേഷ്യമുണ്ടെങ്കിൽ കമ്മിഷന്റെ മുമ്പിൽ കൊണ്ടുപോകാം. നമ്മുടെ രാഷ്ട്രീയം അങ്ങനെയാണല്ലോ ? ഇതും ഇപ്പോൾ അങ്ങനെയാണല്ലോ ? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഡൽഹിയിൽ പോയതിന് അഴിമതി നിരോധന കമ്മീഷൻ ബഹുമാനപ്പെട്ട വിശ്വനാഥമേനോന്റെ മകന് ജോലി കൊടുത്തതിന് വേറൊരു കമ്മിഷൻ. ഇതൊക്കെ ഉണ്ടാക്കി വച്ചിട്ട് വെറുതെ വിന വരുത്തിവയ്ക്കരുത്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ സ്ത്രീകളെ സംരക്ഷിക്കുന്ന ഒരു ഗവൺമെന്റ് ആണിതെന്ന് പറയുന്നതിൽ എനിക്ക് വിശ്വാസമൊന്നുമില്ല. ഇവർ സ്ത്രീകൾക്കുവേണ്ടി എന്താണ് ചെയ്തത് ? ശ്രീമതി ഇന്ദിരാഗാന്ധിയെ കോൺഗ്രസ്സാണ് അതിന്റെ പ്രസിഡന്റാക്കിയത്. ഇപ്പോൾ പഞ്ചായത്തുകളിലും ഡിസ്ട്രിക്ട് കൗൺസിലുകളിലുമൊക്കെ സ്ത്രീകളെ കൊണ്ടുവരാൻ കഴിഞ്ഞത് എങ്ങനെയാണ് ? സ്ത്രീകൾക്ക് പ്രാതിനിധ്യം കൊടുത്തത് ശ്രീ. രാജീവ് ഗാന്ധിയാണ്. ഇവർ കൊണ്ടുവന്നതല്ല. അതിന്റെ ചുവട് പിടിച്ചുകൊണ്ടാണ് ഇവർ വന്നത്. പിന്നെ അങ്ങയെ പ്രശംസിക്കാൻ ഞാനില്ല. പക്ഷെ അങ്ങ് ഒരു കാര്യം ചെയ്തിട്ടുണ്ട്. കേരളത്തിൽ വലിയ സ്പീക്കർമാരുണ്ടായിട്ടും അങ്ങ് ചെയ്ത റൂളിംഗും അങ്ങ് ചെയ്ത പ്രസ്താവനകളുംപോലെ റേഡിയോവിലും പത്രങ്ങളിലും ഇത്രയധികം വന്നിട്ടുള്ള അനുഭവം മുമ്പ് കേരളത്തിൽ ഉണ്ടായിട്ടില്ല. അന്ന് മെമ്പർമാരെക്കാളും മന്ത്രിമാരെക്കാളും ഒക്കെ ഏറ്റവും വലിയ റൂളിംഗും പ്രസ്താവനകളും ചെയ്തു എന്നുള്ള ക്രെഡിറ്റുണ്ട്. അങ്ങ് ഞങ്ങളോട് നീതികേട് കാണിച്ചു എന്നല്ല. ഇന്നത്തെ കമ്മറ്റിനവർ നോക്കിയാൽ ഭരണകക്ഷിയിൽ നിന്നുള്ള എത്ര ചോദ്യം വന്നു ? അതുകൊണ്ട് അങ്ങയെ ഞാൻ 'ഇന്ദ്രനോടൊക്കും ഭവാൻ ചന്ദ്രനോടൊക്കും ഭവാൻ' എന്നു പറയുന്നില്ല. കാരണം നാളെ നമ്മളൊക്കെ പിരിഞ്ഞുപോവുകയാണല്ലോ ? പക്ഷെ അങ്ങ് ഇന്ന് ചെയ്ത 'ചരമപ്രസംഗം' വലിയ ബേജാറായിപ്പോയി. ഇവിടെ അങ്ങ് ഒരു അനുശോചന പ്രസംഗമാണ് ചെയ്തത്. ഏത് ഗവൺമെന്റാണ് ഇവിടെ ബിൽ പാസ്സാക്കത്തത് ? ഏത് ഗവൺമെന്റാണ് മാറു കാര്യങ്ങൾ ചെയ്യാത്തത്.? ഈ ഗവൺമെന്റ് മാത്രമല്ലല്ലോ ? അങ്ങ് പറയുന്നത് കേട്ടാൽ തോന്നും ആകെ ഇടതുപക്ഷ മുന്നണി ഗവൺമെന്റാണ് ഈ രാജ്യത്ത് ബില്ലൊക്കെ പാസ്സാക്കുന്നത് എന്ന്. ഈ രാജ്യത്ത് പല ബില്ലുകളും പാസ്സാക്കിയിട്ടുണ്ട്. അങ്ങ് അതൊന്നും പറയാതെ, പിൽക്കാലത്തേക്കൊന്നും നോക്കാതെയാണ് ഇതൊക്കെ പറഞ്ഞത്. മുസ്ലീങ്ങളെ സംബന്ധിച്ചിടത്തോളം ഈ ബില്ലൊന്നും വേണ്ട, സ്ത്രീകൾക്ക് പൂർണ്ണ സംരക്ഷണം കൊടുക്കുന്നതാണ് ഇസ്ലാം മതം. സ്ത്രീകളെ ജോലി ചെയ്യാൻ അയയ്ക്കുവാൻ പാടില്ല, നിയമമുണ്ട്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിയമം ലംഘിക്കുന്നവർ എത്രയുണ്ട് ? ഒരു കാറില്ലാതെ നടക്കാൻ വയ്യ ; കള്ള് കുടിക്കരുത്. എന്ന് പറഞ്ഞിട്ട് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടിക്കാർ കള്ളുകുടിക്കും. ഏതെങ്കിലും ഒരാൾ എന്തെങ്കിലും ചെയ്താൽ അത് മതത്തിനേറ്റതാക്കി മാറ്റാൻ പാടില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം നാലു പെണ്ണു കെട്ടാം എന്നൊക്കെ പറഞ്ഞാൽ അതിന് കടിഞ്ഞൂൽ പ്രസവത്തിന്റെ പ്രയാസമുണ്ട്. ശ്രീമതി നബീസാ ഉമ്മാളിനോട് ചോദിച്ചാൽ അറിയാം, ഞങ്ങൾ എങ്ങനെയാണ് രണ്ടാമത് കല്യാണം കഴിക്കുന്നത് എന്ന്. ഇവിടെ ചർച്ചയിൽ ഒരു ബഹുമാനപ്പെട്ട മെമ്പർ ഞങ്ങളെ കരിവാരിതേച്ച പ്രസംഗം നടത്തിയതിന് ബഹുമാനപ്പെട്ട മന്ത്രി മാപ്പു പറഞ്ഞതിൽ ഞാൻ സന്തോഷിക്കുയാണ്. ഞങ്ങൾ അങ്ങനെ സ്ത്രീകളെ ദ്രോഹിക്കുന്നവരല്ല. സ്ത്രീകൾക്ക് എല്ലാവിധ സംരക്ഷണവും കൊടുക്കുന്നുണ്ട്. അതേസമയം എത്ര മാന്യൻമാരുടെ ഭാര്യമാർ ഭർത്താക്കൻമാരെ വഞ്ചിച്ച് പോയിട്ടുണ്ട്. വലിയ ആളുകളുടെ, ജനപ്രതിനിധികളുടെ ഭാര്യമാർ വരെ അങ്ങനെ പോയിട്ടുണ്ട്. അതിനെപ്പറ്റിയൊന്നും ഈ ബില്ലിൽ പറഞ്ഞിട്ടില്ല. മുസ്ലീങ്ങൾ എല്ലാം നാല് പെണ്ണു കെട്ടുന്നു, ഇസ്ലാം ഈ രാജ്യത്തെ സ്ത്രീകൾക്കെതിരാണ് എന്നൊക്കെ പറയുന്നത് തെറ്റാണ്. ഈ രാജ്യത്തെ മറ്റു സമുദായങ്ങളിൽ നടക്കുന്ന അനാചാരങ്ങളൊന്നും ഞാൻ പറയുന്നില്ല. ഞങ്ങളെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

ഒരു കല്യാണം കഴിച്ചുകൊണ്ടുവന്നാൽ ആ സ്ത്രീയെ സംരക്ഷിക്കേണ്ടത് ഒരു ഉത്തരവാദിത്വമാണ്. ഞങ്ങളുടെ സ്വത്തു സംരക്ഷണത്തിൽ അങ്ങനെയുണ്ട്. അതുകൊണ്ട് ഈ ബില്ലുകൊണ്ട് ഈ രാജ്യത്തെ എല്ലാ വനിതകൾക്കും ക്ഷേമം കിട്ടുമെന്ന വിശ്വാസം ഒന്നും ഞങ്ങൾക്കില്ല. ഇതുമായി നമുക്ക് കുരുക്ഷേത്രത്തിൽ പോകാം. അങ്ങ് എവിടെയാണ് മൽസരിക്കുന്നത് എന്നു പറഞ്ഞാൽ ഞാൻ അങ്ങയെ എതിർക്കാൻ വന്ന് അവിടെവച്ച് നമുക്ക് ഇത് പറയാം. അതുകൊണ്ട് അങ്ങ് ഞങ്ങളോട് കാണിച്ച എല്ലാ നല്ല കാര്യത്തിനും നന്ദി പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി റോസമ്മാ പുന്നൂസ് : സർ, സ്ത്രീ പീഡനത്തിനെതിരായി, സ്ത്രീകൾക്കെതിരെയുള്ള വിവേചനത്തിനെതിരായി, സമൂഹത്തിൽ സ്ത്രീകൾക്ക് ഉന്നതസ്ഥാനം കൈവരിക്കുന്നതിന് ഉതകത്തക്ക വിധത്തിൽ ഈ ഗവൺമെന്റ് വനിതാ കമ്മിഷൻ നിയമം പാസ്സാക്കിയതിൽ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണ്. ഇവിടെ ചർച്ചാവേളയിൽ ബഹുമാനപ്പെട്ട ടി.എം.ജേക്കബ് പറഞ്ഞു, ഈ നിയമം ഇവിടെയല്ല, ബീഹാറിലോ യു.പി.യിലോ ശ്രീമതി ഗൗരിയമ്മ കൊണ്ട് പോയി നടപ്പിലാക്കണമെന്ന്. ഇവിടെ ഇതെല്ലാം പൂർണ്ണമായി നടപ്പിലാക്കി എന്നുള്ള വിധത്തിലാണ് ഇത് പറഞ്ഞത്. ഇവിടെ സ്ത്രീധന നിരോധന നിയമമുണ്ട്. ഹിന്ദു സമുദായത്തിലെ പെൺകുട്ടികൾക്ക് സ്വത്തിൽ തുല്യാവകാശം നൽകുന്നുണ്ട്. ഞാൻ ശ്രീ. ടി. എം. ജേക്കബ്ബിനോട് ചോദിക്കുന്നു, ഇന്ന് ക്രസ്ത്യൻ സമുദായത്തിൽ എത്ര വീടുകളിൽ പെൺകുട്ടികൾക്ക് സ്വത്തിൽ തുല്യ അവകാശം കൊടുക്കുന്നുണ്ട് ? ഇന്ന് സ്ത്രീധന സമ്പ്രദായം നിലവിലില്ലേ ? സ്ത്രീധനം വിലപേശി വാങ്ങിക്കുന്ന സമ്പ്രദായമാണുള്ളത്. സ്ത്രീധന നിരോധന നിയമത്തിനെതിരായിട്ട്, വിലപേശി എട്ടും പത്തും ലക്ഷം രൂപ വാങ്ങിക്കുന്ന സമ്പ്രദായമാണ് നിലവിലുള്ളത്. അതുപോലെ സ്ത്രീകൾക്ക് പുരുഷൻമാരോടൊപ്പം തുല്യ അവകാശം കൊടുക്കാനുള്ള സ്ഥലത്ത് കൊടുക്കുന്നില്ല. അങ്ങനെയുള്ള പാരമ്പര്യം നിലവിൽ വന്ന നിലയ്ക്ക് തീർച്ചയായും ഈ കമ്മിഷൻ അതെല്ലാം പരിഗണനയ്ക്കെടുക്കുന്നതും അങ്ങനെയുള്ള നിയമം കർശനമായി പാലിക്കുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്. ഒന്നാം കേരള നിയമസഭയിലും എട്ടാം കേരള നിയമസഭയിലും പ്രധാനപ്പെട്ട രണ്ട് ബില്ലുകളാണ് അവതരിപ്പിച്ച് പാസ്സാക്കിയത്. ഒന്നാം കേരള നിയമസഭയിൽ കാർഷികബന്ധ ബിൽ പാസ്സാക്കി. അത് വലിയ കോളിളക്കമുണ്ടാക്കിയ ബില്ലാണ്. അതുകൊണ്ട് ആ ഗവൺമെന്റുതന്നെ പോകേണ്ടിവന്നു. ഏതായാലും കാർഷികബന്ധ ബിൽ അന്നത്തെ കുടികിടപ്പുകാർക്കും, അന്നത്തെ ജൻമിത്വം അവസാനിപ്പിക്കുന്നതിനും കുടിയാൻമാർക്ക് അവകാശം കൊടുക്കുന്നതിനും ഉതകിയ ആദ്യത്തെ പ്രധാനപ്പെട്ട ബില്ലാണ്. അത് രണ്ടും പാസ്സാക്കിയതിന് ബഹുമാനപ്പെട്ട ഗൗരി അമ്മയെ ഞാൻ അഭിനന്ദിക്കുന്നു. തീർച്ചയായും ഇതുമൂലം സ്ത്രീകൾക്ക് സമൂഹത്തിൽ ഉന്നത നേട്ടം ഉണ്ടാക്കുന്നതിന് കഴിയുന്നതാണ്. ഇത്രയും പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. എം. ജേക്കബ് : സർ, വനിതാ കമ്മിഷൻ ബിൽ ഇന്ന് പാസ്സാക്കുകയാണ്. ഇന്നു രാവിലെ അങ്ങ് ഈ നിയമസഭ പാസ്സാക്കിയ നിയമങ്ങളെ സംബന്ധിച്ചും നടപടിക്രമങ്ങളെ സംബന്ധിച്ചും പറയുകയുണ്ടായി. ഇതിനകത്ത് ഒരു കാര്യം തീർച്ചയായും ഗവൺമെന്റ് അംഗീകരിക്കേണ്ടതായിട്ടുണ്ട്. അത് പ്രതിപക്ഷത്തുനിന്നും നിയമം പാസ്സാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി ഞങ്ങൾ നൽകിയിട്ടുള്ള സഹകരണമാണ്. ഏഴാം കേരള നിയമസഭയും എട്ടാം കേരള നിയമസഭയും തമ്മിലുള്ള വ്യത്യാസം പരിശോധിച്ചാൽ ഏഴാം നിയമസഭയിൽ ഞങ്ങൾ ഭരണപക്ഷത്തും ഇപ്പോൾ അവിടെയിരിക്കുന്നവർ പ്രതിപക്ഷത്തുമായിരുന്നു. ആ നിയമസഭയിൽ നിയമം പാസ്സാക്കുന്നതിന് പ്രതിപക്ഷത്തുനിന്നും ഞങ്ങൾക്ക് ഏൽക്കേണ്ടിവന്ന തടസ്സങ്ങൾ ചെറുതൊന്നുമല്ല. നിയമസഭയിൽ നിയമങ്ങൾ ചർച്ച ചെയ്യാനുള്ള അവസരങ്ങൾ കൊടുക്കുമ്പോൾ ചെറിയ അമൻറുമെൻറുകൾക്കുപോലും ദിവസങ്ങളോളം ചർച്ച ചെയ്ത അനുഭവം ഞാൻ ഓർക്കുന്നുണ്ട്. ഇവിടെ പ്രധാനപ്പെട്ട പല ബില്ലുകളെയും സംബന്ധിച്ച് ഗവൺമെൻറുതന്നെ സമയപരിധി നിശ്ചയിച്ച് പലപ്പോഴും പറയുന്നുണ്ട്. ഇവിടെ അങ്ങ് ഒരു നിയമത്തെ സംബന്ധിച്ച് സൂചിപ്പിച്ചു. ബഹുമാനപ്പെട്ട ഗൗരി അമ്മ തന്നെ ഇവിടെ അവതരിപ്പിച്ച, ചരിത്രം സൃഷ്ടിച്ച ഒരു ബിൽ. ഇവിടെയുണ്ട്. പൊതുപ്രവർത്തക അഴിമതി നിരോധന ബിൽ. നമ്മുടെ നിയമസഭയുടെ ചരിത്രത്തിൽ ഒരു നീണ്ട അദ്ധ്യായമാണെങ്കിലും എട്ടാം കേരള നിയമസഭയുടെ ഇതുവരെയുള്ള നടപടി ക്രമങ്ങളിൽ ഒരു കറുത്ത അദ്ധ്യായമായിരുന്നു ആ ദിവസം. കാരണം ഞങ്ങളെ ഈ നിയമസഭയിൽ ഒരു ശനിയാഴ്ച പുലർച്ചെ വരെ ഇരുത്താൻ പ്രേരിപ്പിച്ച ഒരു നിയമനിർമ്മാണമാണ് അത്. അന്ന് ഞങ്ങൾ സഹകരിച്ചു. വളരെ വേദനയോടുകൂടി ഞാൻ ഒരു കാര്യം ഓർമ്മിക്കുന്നു. ഞങ്ങൾ അതിൽ പ്രതിഷേധിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ എഴുന്നേറ്റു പറഞ്ഞു ഇഷ്ടമില്ലെങ്കിൽ ഇറങ്ങിപ്പോക്കോട്ടെ എന്ന്. അങ്ങ് തന്നെ അത് സഭാ രേഖകളിൽനിന്നും നീക്കംചെയ്തു. ഒരിക്കലും പ്രതിപക്ഷത്തോട് അങ്ങനെ പറയാൻ പാടില്ല. ജനാധിപത്യ ഭരണക്രമത്തിൽ നിയമ നിർമ്മാണ കാര്യത്തിൽ പ്രതിപക്ഷത്തെ പരിഗണനയിൽ എടുത്തുകൊണ്ടുതന്നെ അവരുടെ ഭാഗത്തുനിന്ന് പറയുന്ന ക്രിയാത്മക നിർദ്ദേശങ്ങളുണ്ടെങ്കിൽ അത് സ്വീകരിച്ചുകൊണ്ട് നിയമനിർമ്മാണം നടത്തുകയാണ് ഏറ്റവും അനിവാര്യമായിട്ടുള്ള കാര്യം. അതുകൊണ്ട് ഈ നിയമസഭയിൽ ഇത്രയും നിയമങ്ങൾ പാസ്സായെങ്കിൽ, ഈ നിയമസഭയ്ക്ക് ഇത്രയും നിയമങ്ങളുമായി മുന്നോട്ടു പോകാൻ കഴിഞ്ഞെങ്കിൽ അതിൽ ഞങ്ങളുടെ കോൺട്രിബ്യൂഷൻ ചെറുതൊന്നുമല്ല. കഴിഞ്ഞ ദിവസംതന്നെ ഇവിടെ സ്റ്റാമ്പ് ആക്ട് കൊണ്ടുവന്നു. അത് ഗവൺമെൻറ് ചർച്ചചെയ്ത വിഷയമാണ്. അതിനും ഞങ്ങൾ സഹകരിച്ചു. ബഹുമാനപ്പെട്ട റവന്യൂ മിനിസ്റ്റർ ടൂറിസം ബിൽ കൊണ്ടുവന്നു. അത് പാസ്സാക്കാൻ ഞങ്ങൾ സഹകരിച്ചു. അതുപോലെ കാർഷികാദായ നികുതി നിയമം കൊണ്ടുവന്നു. അതിൽ വളരെയേറെ ഭേദഗതികൾ ഉണ്ടായിരുന്നു. ആ സിറിംഗിനെ സംബന്ധിച്ച് ധാരാളം പ്രതിഷേധമുണ്ടായി. എന്നിട്ടും അത് പാസ്സാക്കാൻ ഞങ്ങൾ അനുവദിച്ചു. ഇത് സൂചിപ്പിച്ചത്, ഞാൻ അടിവരയിട്ടു പറയുന്നു, കേരള നിയമസഭയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ ക്രിയാത്മകമായ സഹകരണം നൽകിയ പ്രതിപക്ഷം എട്ടാം കേരള നിയമസഭയുടേതായിരുന്നുവെന്ന് ചരിത്രം രേഖപ്പെടുത്തും. ഇവിടെ കാർഷികാദായ നികുതി നിയമം വന്നപ്പോൾ വാസ്തവത്തിൽ പ്രതിപക്ഷത്ത് ആളുകൾ വളരെ കുറവായിരുന്നു. അതിൽ കുറെ ഭേദഗതികൾ ഒക്കെ അംഗീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ നടപടി ക്രമങ്ങളിൽ പ്രതിപക്ഷത്തുനിന്നും കാണിച്ചിട്ടുള്ള സഹകരണം കുറച്ചുകാണിക്കാൻ സാധ്യമല്ല. കുറച്ചു കാണിക്കുകയുമരുത്. ഞങ്ങൾക്ക് വേദനയുള്ള നിരവധി അനുഭവങ്ങൾ അങ്ങേ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ആ അനുഭവങ്ങൾ ഞാൻ ഓർമ്മിക്കുകയാണ്. അങ്ങ് ഇന്ന്

LIBRARY ARCHIVES Kerala Legislative Assembly

രാവിലെ അവ പരാമർശിച്ചതുകൊണ്ട് അത് പറയാതെ പോകുന്നത് ശരിയല്ല. ഈ നിയമം എട്ടാം കേരള നിയമസഭയുടെ അവസാനത്തെ നിയമമാണ്. ഈ നിയമം കുറെയൊക്കെ നമ്മുടെ സമൂഹത്തിലെ സ്ത്രീകൾക്ക് പ്രയോജനം ചെയ്യും. ഇല്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷെ ഈ നിയമത്തിൽ സ്ത്രീകളെ സഹായിക്കത്തക്ക നിലയിൽ കുറച്ചുകൂടി പവേഴ്സ് വരുത്തുക നിലയിൽ നമുക്ക് ചെയ്യാൻ കഴിയുമായിരുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ ഈ കമ്മീഷന്റെ പ്രധാനപ്പെട്ട ജോലിയെന്ന് പറയുന്നത് പല കാര്യങ്ങളെ സംബന്ധിച്ച് അന്വേഷിക്കുകയും ശുപാർശ ഗവൺമെന്റിലേക്ക് സമർപ്പിക്കുകയും ചെയ്യുകയാണ്. ഗവൺമെന്റ് അതിന് നടപടി സ്വീകരിക്കണം. എന്നാലും ബഹുമാനപ്പെട്ട ഗൗരി അമ്മയിൽ ഒരു വ്യത്യാസം ഞാൻ കണ്ടു. പൊതു പ്രവർത്തക അഴിമതി നിരോധന നിയമം അവതരിപ്പിച്ചപ്പോൾ കണ്ട ഗൗരി അമ്മയല്ല ഇന്ന് വനിതാകമ്മീഷൻ ബിൽ അവതരിപ്പിച്ചപ്പോൾ നിയമ സഭയിൽ കണ്ടത്. ഞങ്ങളോട് വളരെ സൗഹാർദ്ദപരമായ സമീപനം സ്വീകരിച്ചു. ഞങ്ങളും ആ സമീപനം സ്വീകരിച്ചിട്ടുണ്ട്. പക്ഷെ അന്ന് ആ നിയമം അവതരിപ്പിച്ചപ്പോൾ ഇങ്ങനെയായിരുന്നില്ല. പല ഭേദഗതികളും അംഗീകരിക്കാൻ ബഹുമാനപ്പെട്ട ഗൗരി അമ്മ സൗമനസ്യം കാണിച്ചില്ല. ഞങ്ങൾ നിർദ്ദേശിച്ച ഭേദഗതിതന്നെ, ഡൽഹിയിൽ പോയി തിരിച്ച് വന്ന് ഗൗരി അമ്മയ്ക്ക് കൊണ്ടുവരേണ്ടതായി വന്നു. അതുകൊണ്ട് ഈ ബില്ലിന്റെ അവതരണ സമയത്തും ഇതിന്റെ ചർച്ചാവേളയിലും ബഹുമാനപ്പെട്ട ഗൗരി അമ്മ പ്രകടിപ്പിച്ച സൻമനസ്സിനെ പ്രത്യേകമായിട്ട് ഞങ്ങൾ അംഗീകരിക്കുകയാണ്.

ഒരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത് ഈ ബിൽ ഇപ്പോൾ പാസ്സാക്കാൻ പോകുന്നു. ഈ ബിൽ പാസ്സായാൽ ഇതിന് റൂൾസ് ഉണ്ടാകണം. എനിക്ക് ഒരു നിർദ്ദേശം ഗവൺമെന്റിന്റെ മുമ്പിൽ വയ്ക്കാനുള്ളത് നമ്മൾ ഒരു ഇലക്ഷനിലേക്ക് പോവുകയാണ്. ഒരു തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അടുത്ത 18-ാം തീയതിയോ മറ്റോ നോമിനേഷൻ കൊടുക്കാനുള്ള ദിവസം വരാൻ പോവുകയാണ്. അതുകൊണ്ട് അടുത്ത ഗവൺമെന്റ് മാത്രമേ ഈ കമ്മീഷൻ രൂപീകരിക്കാവൂ. ധൃതികൂട്ടി റൂൾസ് ഉണ്ടാക്കി ഒരു കമ്മീഷൻ രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിക്കരുത്. മേയ് മാസം 20-ാം തീയതിയോടുകൂടി അല്ലെങ്കിൽ 22-ാം തീയതിയോടുകൂടി ഇലക്ഷൻ നടക്കും. പുതിയ ഗവൺമെന്റ് വരും. കഷ്ടിച്ച് രണ്ടു മാസം മാത്രമേ അവശേഷിക്കുന്നുള്ളൂ. നിയമം പാസ്സായത് അവിടെ ഇരിക്കട്ടെ. അതിന് റൂൾസ് ഉണ്ടാക്കണം, മറ്റു കാര്യങ്ങൾ ചെയ്യണം. പക്ഷേ കമ്മീഷന്റെ രൂപീകരണം, അടുത്ത മന്ത്രിസഭ ആരുടേതെങ്കിലും ആകട്ടെ, അടുത്തമന്ത്രിസഭ വന്നതിനുശേഷം, അടുത്ത ഗവൺമെന്റ് വന്നതിനുശേഷം അവർക്ക് വേണം അവസരം കൊടുക്കാൻ. അതിനുമുമ്പ് മുൻകൂട്ടി, ധൃതിപിടിച്ച് കമ്മീഷനെ നിയമിക്കുന്ന നടപടിയിലേക്ക് പോകാൻ പാടില്ല. അത് പ്രത്യേകമായിട്ട് ഈ ബില്ലിന്റെ മൂന്നാം വായനയിൽ പറയാൻ ഞാനാഗ്രഹിക്കുകയാണ്.

അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്ത് സ്ത്രീകൾക്ക് നൽകേണ്ട പരിരക്ഷയെക്കുറിച്ച് ശ്രീമതി റോസമ്മ പുന്നൂസ് ഒരു കാര്യം പറഞ്ഞു. ഇവിടെ എല്ലാ വിഭാഗത്തിലും സ്ത്രീകളോട് അനീതിയായി പെരുമാറുന്നവരുണ്ട്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. ഇവിടെ എല്ലാം കുറ്റമറ്റതാണെന്ന് നമ്മൾ ആരെങ്കിലും അഭിമാനിക്കുന്നുണ്ടോ ? മറ്റ് പല പ്രദേശങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ കേരളത്തിൽ സ്ത്രീ പീഡനം വളരെ കുറവാണ്. മറ്റു സ്റ്റേറ്റുകളിൽ സ്ത്രീധനത്തിന്റെ പേരിൽ ആളുകളെ കൊല്ലുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സ്വയം ആത്മഹത്യ ചെയ്യുന്നു. എന്തുമാത്രം സ്ത്രീ പീഡനകേസ് നടക്കുന്നു. ഇവിടെ അതില്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഇൻഡ്യയിലെ മറ്റു സ്റ്റേറ്റുകളുമായി താരതമ്യം നടത്തുമ്പോൾ നമ്മൾ അങ്ങേയറ്റം ഉയർന്ന സ്ഥാനത്താണ് ഈ രംഗത്ത് നിൽക്കുന്നത്. ഈ നിയമം വന്നതു കൊണ്ടു മാത്രം സ്ത്രീ പീഡനങ്ങൾ മുഴുവൻ അവസാനിക്കാൻ പോകുന്നുണ്ടോ? നിയമത്തിന്റെ അപര്യാപ്തത ഉണ്ടോ ? ഇപ്പോൾതന്നെ ഡൗറി പ്രൊഹിബിഷൻ ആക്ട് ഉണ്ട്. സ്ത്രീധന നിരോധന നിയമം ഉണ്ടായിട്ട് അങ്ങേ ഭാഗത്തിരിക്കുന്ന മെമ്പറൻമാരുടെ മക്കളുടെ കല്യാണത്തിന് സ്ത്രീധനം വാങ്ങിക്കുന്നില്ലേ, കൊടുക്കുന്നില്ലേ ? സ്ത്രീധന നിരോധന നിയമം പാസ്സാക്കിയ ആളുകൾതന്നെ സ്ത്രീധന നിരോധന നിയമം ഈ രാജ്യത്ത് ലംഘിക്കുന്നു. ഈ കാര്യത്തെക്കുറിച്ച് നമുക്ക് അങ്ങോട്ടുമിങ്ങോട്ടും അറിയാം. വിവാഹങ്ങൾ നടക്കുമ്പോൾ സ്ത്രീധനം കൊടുക്കുന്നുണ്ട്, സ്ത്രീധനം വാങ്ങുന്നുണ്ട് സ്ത്രീധന നിരോധന നിയമം ഈ രാജ്യത്ത് നിലവിലുണ്ട്. അപ്പോൾ നിയമത്തിന്റെ കുറവുകൊണ്ടാണ് ഇവിടെ പ്രശ്നങ്ങൾ ഉണ്ടാകുന്നത് എന്നുള്ളത് ആരും ധരിക്കേണ്ടതില്ല. വനിതാ കമ്മീഷൻ നിയമം നമ്മൾ പാസ്സാക്കിയതുകൊണ്ട് കേരളത്തിലെ സ്ത്രീകളുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടുവെന്ന് ബഹുമാനപ്പെട്ട ഗൗരിയമ്മപോലും പറയുമെന്ന് തോന്നുന്നില്ല. ഈ ബിൽവഴി ആ രംഗത്ത് നമുക്ക് കുറച്ച് കാര്യങ്ങൾ ചെയ്യാൻ കഴിയുന്നു എന്നുള്ള കാര്യം ഞാൻ സമ്മതിക്കുന്നു. പക്ഷേ നിയമത്തിന്റെ അപര്യാപ്തതകൊണ്ട് ഈ രാജ്യത്ത് കുറവുകളൊന്നും സംഭവിച്ചിട്ടില്ല. ഒരാളെ കൊന്നാൽ ക്യാപ്പിറ്റൽ പണിഷ്മെന്റ് ഉണ്ട്. അയാളെ തൂക്കി കൊല്ലും. ഇത് അറിഞ്ഞിട്ടും ഈ രാജ്യത്ത് എത്രയോ കൊലപാതകങ്ങൾ നടക്കുന്നു, രാഷ്ട്രീയ കൊലപാതകങ്ങൾ നടക്കുന്നു. അപ്പോൾ നിയമത്തിന്റെ കുറവല്ല ഈ കാര്യത്തിൽ. മനുഷ്യന്റെ മനസ്സിൽ ഉണ്ടാകേണ്ട മാറ്റമാണ് പ്രധാനപ്പെട്ട സംഗതി. അതുകൊണ്ട് സാമൂഹ്യമായ ഒരു പരിവർത്തനം നമുക്ക് ആവശ്യമായിട്ടുണ്ട്. നമ്മുടെ സമൂഹത്തിന് എന്തുകൊണ്ട് അങ്ങനെയുള്ള കാര്യങ്ങൾ കുറഞ്ഞുവരുന്നു. ഇവിടത്തെ വിദ്യാഭ്യാസവും നമ്മുടെ സംസ്കാരവുമാണ് കാരണം. അതിനകത്ത് നിങ്ങൾക്ക് മാത്രമല്ല നമുക്ക് എല്ലാവർക്കും പങ്കുണ്ട്. നമ്മുടെ കേരളത്തിൽ ഇത്രയും മാറ്റങ്ങളുണ്ടായെങ്കിൽ, സാമൂഹ്യമായ മാറ്റമുണ്ടായെങ്കിൽ അതിൽ നമുക്ക് ഒരുമിച്ച് അഭിമാനിക്കാം. അതിൽ രാഷ്ട്രീയം നോക്കേണ്ട കാര്യമൊന്നുമില്ല. ആ സാംസ്കാരിക ബോധവും സാംസ്കാരികമായ വളർച്ചയുമാണ് വാസ്തവത്തിൽ കേരളത്തെ ഇന്ന് ഉയർന്ന സ്ഥാനത്തേക്ക് എത്തിച്ചിരിക്കുന്നത്. ഞാൻ അവസാനിപ്പിക്കുകയാണ്. ഈ നിയമത്തെ സംബന്ധിച്ചിടത്തോളം ഈ നിയമത്തിന്റെ വകുപ്പുകൾ കുറേക്കൂടി ഭംഗിയായിട്ട് ചേർക്കേണ്ടതായിട്ടുണ്ട്. കുറെ ഭേദഗതികളൊക്കെ ഞങ്ങൾ നിർദ്ദേശിച്ചത് അംഗീകരിച്ചു. അതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. അങ്ങും വളരെ താൽപ്പര്യമെടുത്തിരിക്കുന്നു. അങ്ങ് ഇത്രയും സമയം അവിടെത്തന്നെ ഇരുന്നു. ഏതായാലും ഇങ്ങനെ ഒരു നിയമം നമുക്ക് പാസ്സാക്കി എടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ റൂൾസ് ഉണ്ടാക്കുന്ന സമയത്ത് ഈ ആക്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ പരാമർശിക്കാത്ത ചില സംഗതികളുണ്ട്. ആക്ടിൽ പറയേണ്ടത് പലതും ആക്ടിൽ പറയാതെ റൂൾസിൽ പറയുമെന്ന് പറയും. റൂൾസിൽ പറയേണ്ടത് പലതും ആക്ടിൽ പറയും. അങ്ങുതന്നെ ഒരു കാര്യം ചൂണ്ടിക്കാണിച്ചല്ലോ. അത് റൂൾസിൽ മതി. റൂൾസിൽപോലും ഇല്ലെങ്കിലും കുഴപ്പമില്ല. ഇങ്ങനെയുള്ള പ്രശ്നങ്ങളൊക്കെ ഉണ്ട്. അതെല്ലാം പരിഗണനയിലെടുത്തുകൊണ്ട് ഇതിന്റെ റൂൾസ് ഉണ്ടാക്കുമ്പോൾ കുറച്ചുകൂടി ഭംഗിയായ നിലയിൽ റൂൾസ് ഡ്രാഫ്റ്റ് ചെയ്താൽ കുറച്ചെങ്കിലും പ്രയോജനം നമുക്ക് സ്ത്രീകൾക്ക് ചെയ്യാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഇത് എട്ടാം കേരള നിയമസഭയുടെ അവസാനത്തെ നിയമമാണല്ലോ. നമുക്ക് ഒരു സങ്കൽപ്പമുണ്ട്. ഞാൻ ലാ ഡിപ്പാർട്ടുമെന്റിനെ കുറ്റം പറയുകയല്ല. ലാ ഡിപ്പാർട്ടുമെന്റ് ഡ്രാഫ്റ്റ് ചെയ്തു കൊണ്ടുവന്നാൽ അതെല്ലാം ഫെർഫക്ട് ആണെന്നുള്ള ഒരു ധാരണയിൽ പോകുന്നുണ്ട്. അത് ഒരിക്കലും ശരിയല്ല. ഡ്രാഫ്റ്റിംഗിൽ മിസ്റ്റേക്ക് അവർക്കും പറ്റാം. അത് ചൂണ്ടിക്കാണിച്ചാൽ അംഗീകരിക്കാൻ തയ്യാറാകണം. എന്തായാലും ഈ നിയമം പാസ്സാക്കാൻ അങ്ങേയറ്റം ആത്മാർത്ഥമായ സഹകരണം ഞങ്ങൾ നൽകിയിട്ടുണ്ട്. നിയമത്തെ ഞങ്ങൾ അനുകൂലിക്കുകയാണ്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : സർ, ഈ വനിതാ കമ്മീഷൻ ബിൽ പാസ്സാക്കി എടുക്കാൻ കഴിഞ്ഞതിൽ ഈ സഭയ്ക്ക് അഭിമാനമുണ്ട്. ഇൻഡ്യയിൽ പാർലമെന്റ് ഇത്രയും ഒരു ബിൽ പാസ്സാക്കിയിട്ടുണ്ടെങ്കിലും അതിനേക്കാൾ വിപുലമായ അധികാരങ്ങളും സമത്വ സംരക്ഷണ നടപടികളും ഉൾക്കൊള്ളിക്കാൻ ഈ ബില്ലിൽ കഴിഞ്ഞിട്ടുണ്ട്. ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്ന സമയത്ത് വനിതകളുടെ വിവേചനത്തിനെതിരെ എടുക്കുന്ന നടപടികൾക്കാണ് മുൻതൂക്കം കൊടുത്തിരുന്നതെങ്കിൽ ഇതിപ്പോൾ പാസ്സാക്കുന്ന ഘട്ടം വന്നപ്പോൾ ഇത് വനിതകളുടെ അവകാശ സംരക്ഷണം മാത്രമല്ല വനിതകൾക്കെതിരെയുള്ള പീഡനത്തിന് പരിഹാരം കാണാനുള്ള സംവിധാനംകൂടി ഈ ബില്ലിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് എടുത്തു പറയത്തക്ക ഒരു പ്രത്യേകതയാണ്. ഈ ബില്ലിന്റെ സെലക്ട് കമ്മിറ്റിയിൽ ഒരംഗം ആയിരിക്കാൻ അവസരം ലഭിച്ച എനിക്ക്, ഈ ബില്ലിന് അവസാന രൂപം കൊടുക്കുന്നതിൽ കേരളത്തിലെ വനിതാ സംഘടനകളുടെ പ്രവർത്തകർ നൽകിയിട്ടുള്ള മിക്കവാറും എല്ലാ പ്രധാനപ്പെട്ട നിർദ്ദേശങ്ങളും, അതിൽ ഉൾക്കൊള്ളിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് കാണാൻ സാധിക്കും. അങ്ങനെ നോക്കുമ്പോൾ പൊതുവായ ഒരു ബഹുജനാഭിപ്രായത്തിന്റെ പിന്തുണ ഈ ബില്ലിലെ വ്യവസ്ഥകൾക്ക് ഉണ്ടാക്കാൻ കഴിഞ്ഞു എന്നുള്ളതാണ് ഈ ബിൽ പാസ്സാക്കുന്നതിൽ ശ്രീമതി ഗൗരിയമ്മയ്ക്ക് നൽകാൻ കഴിഞ്ഞിട്ടുള്ള ഏറ്റവും വലിയ സംഭാവന.

നേരത്തെ ശ്രീ. ടി. എം. ജേക്കബ് പറഞ്ഞതുപോലെ ഈ നിയമം പാസ്സാക്കിയതുകൊണ്ട് ഇവിടെ വനിതകളോടുള്ള വിവേചനം അവസാനിക്കുമെന്ന് ഇതിന് അർത്ഥമില്ല. പക്ഷെ വനിതകളുടെ നേരെയുള്ള വിവേചനം അവസാനിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്താവുന്ന ഒട്ടേറെ ഫലപ്രദമായ വ്യവസ്ഥകൾ ഈ ബില്ലിനകത്തുണ്ട്. വനിതകളെ പീഡിപ്പിക്കുന്നവർക്കെതിരെ നടപടി എടുക്കാവുന്ന ഒട്ടേറെ വ്യവസ്ഥകൾ ഇതിനകത്തുണ്ട്. ഈ വ്യവസ്ഥകൾകൂടി പ്രയോജനപ്പെടുത്തിയാൽ തീർച്ചയായും സ്ത്രീകളെ സംബന്ധിച്ചിടത്തോളം സാമൂഹ്യസമത്വം പ്രായോഗികമാക്കുന്നതിൽ കനത്ത സംഭാവന ഈ ബില്ലിന് നൽകാൻ കഴിയുമെന്ന് എടുത്തു പറയേണ്ടതുണ്ട്. മറ്റ് പല കാര്യങ്ങളിലും ഇൻഡ്യയ്ക്ക് അങ്ങേയറ്റം മാതൃകയായിട്ടുള്ള കേരള നിയമസഭ സാമൂഹ്യസമത്വത്തിലും സ്ത്രീ സമത്വത്തിലും സ്ത്രീകളുടെ അവകാശം സംരക്ഷിക്കുന്ന കാര്യത്തിലും മാതൃകയാകാൻ കഴിഞ്ഞു എന്നുള്ളതിലും നമുക്ക് അഭിമാനമുണ്ട്. അഴിമതി നിരോധന നിയമത്തിനു നേതൃത്വം കൊടുക്കാൻ കഴിഞ്ഞ ശ്രീമതി ഗൗരിയമ്മയ്ക്ക് വനിതാ വിമോചനത്തിൽ ഏറ്റവും നിർണ്ണായകമായ പങ്ക് വഹിക്കാൻ കഴിയുന്ന ഈ നിയമം പാസ്സാക്കി എടുക്കുന്നതിലും നേതൃത്വം കൊടുക്കാൻ കഴിഞ്ഞു എന്നുള്ളതിൽ

LIBRARY ARCHIVES Kerala Legislative Assembly

അവരെ അഭിനന്ദിക്കുകയും ഈ പൊതുവായി ബില്ലിനോട് യോജിക്കുന്ന തിൽ പ്രതിപക്ഷം കാണിച്ച സഹകരണത്തിന് അവരോട് നന്ദി പറയുകയും ചെയ്തുകൊണ്ട് ഈ ബിൽ കഴിയുന്നത്ര നേരത്തെ നിയമമാക്കി എടുക്കുന്നതിനും റൂൾസ് ഉണ്ടാക്കി കഴിയുന്നത്രവേഗം നടപ്പിലാക്കുന്നതിനും തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീമതി നബീസാ ഉമ്മാൾ : സർ, ഈ വനിതാകമ്മീഷൻ ബില്ലിനെ ഞാൻ മുക്തകണ്ഠം പ്രശംസിക്കുകയും ശ്രീമതി കെ. ആർ. ഗൗരിയമ്മയെ അനുമോദിക്കുകയും ചെയ്യുകയാണ്. സ്ത്രീകളെക്കുറിച്ച് പറയുമ്പോൾ അവർ അബലകളാണ്, ചപലകളാണ് എന്നൊക്കെ പറയാറുണ്ട്. വീട്ടിൽ അമ്മമാർ തന്നെ ഇലയും മുള്ളും എന്നുള്ള ഉപമ ഉപയോഗിച്ചിട്ട്, ഇല മുള്ളിൽ വീണാലും മുള്ള് ഇലയിൽ വീണാലും ഇലയ്ക്കാണ് കേട് എന്നും പറഞ്ഞു പരത്താറുണ്ട്. അതുപോലെതന്നെ കവികളും കലാകാരൻമാരുമൊക്കെ സ്ത്രീകളെ വർണ്ണിച്ച് വർണ്ണിച്ച് ഇരുപ്പുറപ്പിച്ചിട്ടമാക്കിത്തീർത്തിട്ടുണ്ട്. ഉടുരാജമുഖി എന്നും മൃഗരാജകടി എന്നും ഗജരാജവിരാജിത എന്നും മന്ദഗതി, യത്രസാഹസയേ വസതി ഹോജപഹ ഹോതപഹ എന്നൊക്കെ അവർ പറഞ്ഞിട്ടുണ്ട്. പക്ഷേ സ്ത്രീയുടെ പരാധീനത, ബലഹീനത എന്താണെന്ന് മനസ്സിലാക്കിക്കൊണ്ടു തന്നെ പ്രബലയായ ഒരു വനിത ഇവിടെ ഈ ബിൽ അവതരിപ്പിച്ചതിൽ എനിക്ക് വളരെയേറെ സന്തോഷമുണ്ട്. റൂൾസ് കൊണ്ടുവരുന്ന സന്ദർഭത്തിലെങ്കിലും, അമിതമായ മദ്യപാനാസക്തി യാണ് കൂടുതലും സ്ത്രീകൾക്ക് കുഴപ്പമുണ്ടാക്കി വയ്ക്കുന്നത് എന്നുള്ള കാര്യംകൂടി ബഹുമാനപ്പെട്ട മന്ത്രി കണക്കിലെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ ബിൽ പാസ്സാക്കിയതുകൊണ്ട് നിയമപരമായിട്ട് നമുക്ക് ചെന്ന് കാര്യങ്ങൾ പറയാവുന്ന ഒരു അത്താണി കിട്ടിയിരിക്കുന്നു എന്നുള്ള വിശ്വാസമാണ് എനിക്കുള്ളത്. ഇവിടെ രണ്ടും നാലും കെട്ടുന്ന കാര്യങ്ങളെക്കുറിച്ചൊക്കെ പറഞ്ഞു. തുല്യമായി കൊടുത്തുപോറ്റാൻ കഴിവുള്ളവർ മാത്രം ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കണമെന്നാണ് നബിസ്സല്ലള്ളാഹു അലൈഹിവസ്സല്ലം പറഞ്ഞത്. പക്ഷെ കൊടുത്തു പോറ്റാൻ കഴിവില്ലാത്തവർ പോലും നടന്നു പെണ്ണ് കെട്ടുന്ന ദുരവസ്ഥ നിലവിലുണ്ട്. അതിന്റെ നേർക്കാണ് വാസ്തവത്തിൽ ഇവിടെ വിരൽ ചൂണ്ടിയത്. ദശരഥമഹാരാജാവിനു പോലും മൂന്ന് ഭാര്യമാരേയും ഒരുപോലെ നോക്കാൻ കഴിഞ്ഞില്ല. കൊച്ചു ഭാര്യ കൈകേയിയെയാണ് കൂടെ കൊണ്ടുനടന്നത് എന്നുള്ള കാര്യം നമുക്കറിയാം. സ്ത്രീ വളരെയേറെ പീഡിപ്പിക്കപ്പെടുന്നു. സ്ത്രീയുടെ അവകാശം ധ്വംസിക്കപ്പെടുന്നു. അവർക്ക് നിയമത്തിന്റെ പരിരക്ഷ ഉണ്ടെങ്കിലും വിദഗ്ദ്ധമായി അത് വ്യാഖ്യാനിക്കുന്ന പുരുഷന്മാർ പഴുതുകളിലൂടെ രക്ഷപ്പെടുകയും സ്ത്രീ പീഡിപ്പിക്കപ്പെടുകയുമാണ് ചെയ്യുന്നത്. ഈ ഒരു സാഹചര്യത്തിൽ സ്ത്രീയെ പ്രത്യേകം കണക്കിലെടുക്കണം. അവരും സത്വഗുണം, തമോഗുണം, രജോഗുണം എന്നിവ ചേർന്നുള്ള ഒരു ത്രിവേണി സംഗമമാണ്. സത്വഗുണപ്രധാനയായിരിക്കുമ്പോൾ ഇവർ പറയും ശീലാവതിയാണ്, വെള്ള താമരയാണ് എന്നൊക്കെ. രജോഗുണപ്രധാനി ആയിരിക്കുമ്പോൾ പറയും കിയോപാട്ര യാണെന്ന്. തമോഗുണപ്രധാനിയായിരിക്കുമ്പോൾ കൂടെ കൊണ്ടുനടക്കാനേ കൊള്ളരുതാത്തവളാണെന്ന് പറയും. സ്ത്രീകൾ നടത്തിയിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

കൊലപാതകങ്ങളും പരിശോധിച്ചു നോക്കിയാലറിയാം അടുക്കള ഉപകരണങ്ങളല്ലാതെ വേറെ എന്തെങ്കിലും കൊണ്ട് അവർ ഒരു കൊലപാതകം നടത്തിയിട്ടുള്ളതായിട്ട് നമുക്ക് കണ്ടുപിടിക്കാൻ സാദ്ധ്യമല്ല. തീരെ പൊറുതി മുട്ടുമ്പോഴാണ് അങ്ങനെ ചെയ്യുന്നത്.

സർ, ഇപ്പോഴും സ്ത്രീയെ ജനിക്കാൻ അനുവദിക്കുന്നില്ല. Amino synthesis test ഉണ്ട്. ഭ്രൂണത്തിന് എന്തെങ്കിലും അംഗഭംഗം ഉണ്ടോയെന്ന് പരിശോധിക്കാൻവേണ്ടിയാണ് ഈ ടെസ്റ്റ് നടത്തുന്നത്. പക്ഷേ, ഇപ്പോഴും ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽ കുട്ടി പെണ്ണാണോ ആണാണോയെന്ന് കണ്ടുപിടിക്കാൻവേണ്ടി ഉപയോഗിക്കുന്നു. സ്ത്രീ ആണെങ്കിൽ തട്ടിയേരെ എന്നു പറയുന്നു. you can save Rs. 5 lakhs later as dowry എന്ന് പരസ്യം വരെ എഴുതിവയ്ക്കുന്നുണ്ട്. അപ്പോഴും ജനിക്കാൻ അനുവദിക്കുന്നില്ല. ജനിച്ചാൽ ജീവിക്കാൻ അനുവദിക്കുന്നില്ല. ജീവിച്ചാൽ എന്തെങ്കിലും പറഞ്ഞ് അവളെ ഹിംസിക്കുകയും പീഡിപ്പിക്കുകയുമൊക്കെ ചെയ്യുന്നു. കൂടുതൽ സ്ത്രീകളും സ്ത്രീകൾക്ക് ദോഷം ചെയ്യുന്നുണ്ട്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. എന്നിരുന്നാലും പരാധീനത നിറഞ്ഞ സാഹചര്യങ്ങളിൽ സ്ത്രീക്ക് ഒരു ശാശ്വതഭൂമി കണ്ടുപിടിച്ച് കൊടുക്കാനാണ് ശ്രീമതി ഗൗരിഅമ്മ ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. സ്ത്രീ അബല അല്ല, ചപല അല്ല, പ്രബലയാണ് എന്ന് ഒരു മാന്യമഹിള ഇവിടെ തെളിയിച്ചിരിക്കുകയാണ്. അതിൽ വളരെയധികം അഭിമാനവും അഭിനന്ദനവുമുണ്ട്. ഞാൻ ഈ ബില്ലിനെ സർവ്വാത്മനാ പുകഴ്ത്തുകയാണ്.

ശ്രീ. പി. ജെ. ജോസഫ് : സർ, രണ്ടു കാര്യങ്ങളാണ് ഇവിടെ ചർച്ച ചെയ്യുന്നത്. ഒന്ന്, അങ്ങ് രാവിലെ ഈ 8-ാം നിയമസഭയെ കുറിച്ച് പറഞ്ഞ കാര്യങ്ങളാണ്. അതുകൂടി പരാമർശിച്ചുകൊണ്ട് ഈ ബില്ലിനെപ്പറ്റി രണ്ട് വാക്ക് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ നിയമസഭയുടെ തുടക്കത്തിൽ അങ്ങ് കുറെയെല്ലാം വിവാദങ്ങളുണ്ടാക്കിയിരുന്നുവെങ്കിലും ഒടുവിൽ ആയപ്പോഴും പ്രതിപക്ഷത്തിനും ഭരണകക്ഷിക്കും ഒരുപോലെ അങ്ങ് സ്വീകാര്യനായി. ആ നിലയിൽ ഈ സഭയുടെ കാര്യത്തിൽ അങ്ങ് എടുക്കുന്ന താല്പര്യം വളരെയേറെ ആണ്. എത്രയോ പ്രസ്താവനകളും, വളരെ പ്രധാനപ്പെട്ട റൂളിങ്ങുകളും അങ്ങ് നൽകിയിരിക്കുന്നു. ഏതായാലും ഈ നിയമസഭയെ സംബന്ധിച്ച് ഇതുപോലെ വിശദമായ ഒരു അവലോകനം വേറെ സ്പീക്കർമാർ ആരും ഇതിനുമുമ്പ് നടത്തിയിട്ടില്ല. ഏതായാലും നിയമനിർമ്മാണത്തിന്റെ കാര്യത്തിൽ ഈ സഭ റിക്കാർഡ് ഉണ്ടാക്കിയിരിക്കുന്നു എന്ന് പറഞ്ഞതിനോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. വളരെ നിർണ്ണായകമായ അനേകം നിയമങ്ങൾ ഇവിടെ പാസാക്കിയിരിക്കുന്നു. ഈ സഭയിൽ തന്നെ കാർഷികാദായ നികുതി ബിൽ പാസാക്കി. ഇപ്പോഴും വനിതാകമ്മീഷനെ സംബന്ധിച്ചുള്ള ബിൽ പാസാക്കാൻ പോകുന്നു. ഇവിടെ വനിതകൾക്ക് പീഡനം ഉണ്ടാകുന്നതിന്റെ ഒരു പ്രധാന കാരണം സ്ത്രീധന സമ്പ്രദായമാണെന്നാണ് പറയുന്നത്. സമൂഹത്തിൽ സ്ത്രീധനത്തോടുള്ള സമീപനത്തിന് ഒരു മാറ്റം വരണം. നമുക്ക് കിട്ടുന്ന വിത്തം എങ്ങനെ എന്നുള്ളതിനെപ്പറ്റി പണ്ടേ പറഞ്ഞു വച്ചിരിക്കുന്നു.

"ഉത്തമം സ്വാർജ്ജിതം വിത്തം
മദ്ധ്യമം ജനകാർജ്ജിതം
അധമം സോദരദ്രവ്യം
സ്ത്രീ വിത്തം അധമാധമം"

LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീ വിത്തം അധമാധമം ആയിട്ടാണ് കണക്കാക്കിയിരിക്കുന്നത്. ആ ഒരു സമീപനം നമുക്കുണ്ടെങ്കിൽ ഈ സ്ത്രീധനത്തിന് ഇങ്ങനെ ആളുകൾ നടക്കുകയില്ല. സ്ത്രീവിത്തം അധമാധമം എന്നുള്ള ഒരു ചിന്താഗതി ഉണ്ടാകേണ്ടിയിരിക്കുന്നു. ഏതെങ്കിലും കാരണം പറഞ്ഞ്, ഏതെങ്കിലും സ്ഥാനം പറഞ്ഞ് പണം വാങ്ങിച്ച് കൂട്ടുക എന്നുള്ള ഒരു സമീപനം തെറ്റാണെന്ന് സമൂഹത്തിൽ ധാരണയുണ്ടാകണം. നിയമത്തിന്റെ കുറവല്ല കുഴപ്പങ്ങൾക്ക് കാരണം. നിയമം ആവശ്യമാണ്. എന്നാൽ സ്ത്രീയെന്ന് പറയുമ്പോൾ സ്ത്രീയെ ആദ്യം നമ്മൾ അമ്മയായി കാണുന്നു, ഒരാളിന്റെ ജീവിതത്തിൽ സഹോദരിയായി കാണുന്നു, പിന്നെ ഭാര്യ ആയി കാണുന്നു. ഇവിടെയെല്ലാം സ്നേഹം അടിസ്ഥാനപരമായ കാര്യമാണ്. അമ്മയോടുള്ള സ്നേഹം, സഹോദരിയോടുള്ള സ്നേഹം, ഭാര്യയോടുള്ള സ്നേഹം. ഈ സ്നേഹം ഉണ്ടെങ്കിൽ അധികം പ്രശ്നങ്ങൾ ഉണ്ടാവുകയില്ല. അതുകൊണ്ട് സമൂഹത്തിൽ തീർച്ചയായിട്ടും അടിസ്ഥാനപരമായി നമ്മുടെ സമീപനത്തിൽ മാറ്റമുണ്ടാകണം. ഭാരതാംബേ എന്നാണ് നമ്മൾ പറയുന്നത്. ആ അമ്മ ശക്തിയുടേയും സ്നേഹത്തിന്റേയും പ്രതീകമാണ്. സഹോദരിയെ നമുക്ക് സഹോദരിയായി കാണാൻ കഴിയണം. ആ നിലയിൽ സ്ത്രീകൾക്ക് സമൂഹത്തിൽ നിലനിൽക്കുന്ന ഏറ്റവും വലിയ സ്ഥാനം നമ്മൾ ഉണ്ടാക്കിക്കൊടുക്കണം. അത് ലംഘിക്കാൻ ആരെങ്കിലും ശ്രമിച്ചാൽ അതിന് വിരുദ്ധമായി പ്രവർത്തിച്ചാൽ നിയമപരമായി നടപടിയുണ്ടാകണമെന്നുള്ളതും ആവശ്യമാണ്. അതിന് ഉതകുന്ന ഒരു ഒന്നാംതരം ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. ഇതിൽ ഒരു കാര്യം കൂടി ഞാൻ പറയട്ടെ. ഈ അടുത്ത കാലത്ത് ഒരു കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടു. ഏത് രാജ്യത്ത് നടക്കുന്ന കാര്യവും നമ്മൾ ശ്രദ്ധിക്കണം. ജർമനിയിൽ മെറ്റേർണിറ്റി ലീവ് 6 മാസമായിരുന്നു. അത് ഈ അടുത്തകാലത്ത് ഒരു കൊല്ലമാക്കി ഉയർത്തിയിരിക്കുന്നു. കാരണം പറഞ്ഞത് കുട്ടികളെ വളർത്തേണ്ടത് അമ്മമാരാണ് എന്നതാണ്. സ്ത്രീകളിൽ ബഹുഭൂരിപക്ഷവും ജോലിക്ക് പോയിക്കൊണ്ടിരിക്കുന്നതുകൊണ്ട് കുട്ടികൾക്ക് ശരിയായ ശ്രദ്ധ കിട്ടണമെങ്കിൽ അമ്മയ്ക്ക് അതിനുള്ള സമയമുണ്ടാകണം എന്നതാണ്. ഈ മൂന്നുമാസത്തെ മെറ്റേർണിറ്റി ലീവ് വളരെ കുറവാണ്. ചുരുങ്ങിയത് ആറുമാസമായിട്ടെങ്കിലും ഉയർത്തണം. കുട്ടികളെ സംരക്ഷിക്കുകയെന്നത് സമൂഹത്തിന് ഏറ്റവും ആവശ്യമായ ഒരു സേവനമാണ്. നമ്മുടെ സമൂഹത്തിൽ സ്ത്രീകൾ കൂടുതലായി ജോലിക്ക് പോയിക്കൊണ്ടിരിക്കുന്നു എന്നുള്ളതുകൊണ്ട് മെറ്റേർണിറ്റി ലീവ് ചുരുങ്ങിയത് ആറ് മാസമാക്കി ഉയർത്തുന്നതിനെക്കുറിച്ചുകൂടി ആലോചിക്കേണ്ടതാണ് എന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഈ വനിതാ കമ്മീഷൻ ബിൽ എത്രയുംവേഗം നിയമമാക്കണം. ഇത് കൊണ്ടുവരാൻ സന്മനസ് കാണിച്ച, സമയം ഇല്ലാതിരുന്നിട്ടും എങ്ങനെയെങ്കിലും ഇത് പാസാക്കണമെന്ന് വളരെയധികം നിർബന്ധബുദ്ധിയോടുകൂടി പ്രവർത്തിച്ച ബഹുമാനപ്പെട്ട ഗൗരിഅമ്മയെ അഭിനന്ദിച്ചുകൊണ്ട് ഈ ബിൽ എത്രയുംവേഗം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഇതിന് എല്ലാവിധ പിന്തുണയും നൽകുന്നു.

ശ്രീ. എം.എം. ഹസ്സൻ: സർ, ഞാൻ ശ്രീമതി ഗൗരി അമ്മയെ ഔദ്യോഗികമായി മാത്രമേ അനുമോദിക്കുന്നുള്ളൂ. പൂർണ്ണമായി അനുമോദിക്കുമായിരുന്നു. ഒരു രണ്ട് വർഷം മുമ്പ് ഇതുപോലൊരു നിയമം നിയമസഭയിൽ കൊണ്ടുവന്ന് പാസാക്കി, കമ്മീഷനെ കൂടുതൽ തെളിച്ചെടുത്ത് മഹിളാ സംഘടനകളുടെ അഭിപ്രായമൊക്കെ സ്വരൂപിച്ച് ഒരു വനിതാ കമ്മീഷൻ രൂപീകരിച്ചിരുന്നുവെങ്കിൽ ഇവിടെ പ്രൊഫസർ നബീസാ ഉമ്മാൾ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതുപോലെ അബല അല്ല, ചപല അല്ല, ധീരയായ മന്ത്രിയാണെന്ന് പൂർണ്ണമനസ്സോടെ പറയാൻ എനിക്ക് അവസരം കിട്ടുമായിരുന്നു. ഈ നിയമം ഈ സഭയിൽ എങ്ങനെ ചർച്ചയ്ക്ക് വന്നുവെന്ന് അങ്ങേയ്ക്കും അറിയാം ഞങ്ങളിൽ ചിലർക്കുമൊക്കെ അറിയാം. ഗവൺമെൻറ് പറഞ്ഞിട്ടല്ല. ഈ നിയമം അവസാനമായി എങ്ങനെ വന്നുപെട്ടുവെന്ന് അറിയാമോ ? ശ്രീമതി ഗൗരി അമ്മയെപോലുള്ള ഒരു മന്ത്രി, അവരുടെ വാശിയും, അവരുടെ ചില പ്രത്യേകതകളുംകൊണ്ടാണ് ഈ ബിൽ സ്ഥാനം പിടിച്ചതെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ. ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ നടന്ന ചർച്ചകൾ ഇവിടെ പറയേണ്ട കാര്യമില്ല. ഇതുതന്നെ വളരെ പെട്ടെന്നാണ് വന്നത്. എന്റെ സുഹൃത്തുക്കളായ ശ്രീ. ജേക്കബും, ശ്രീ. സീതിഹാജിയും പറഞ്ഞതുപോലെ ഈ നിയമസഭ പിരിയുന്നതിന് മുമ്പ് ഇങ്ങനെ ഒരു ബിൽ പാസാക്കി എന്നുള്ള ഖ്യാതി രാഷ്ട്രീയമായ ആവശ്യത്തിനുവേണ്ടി ശ്രീമതി ഗൗരി അമ്മയ്ക്ക് വേണമെങ്കിൽ ഞങ്ങളം കൊടുക്കാൻ തയ്യാറാണ്. അതിനു യാതൊരു വിരോധവുമില്ല. എന്നാലും ബിൽ പാസാകുന്നു ഈ ബിൽ പാസാക്കുന്നതിന് എല്ലാ വിട്ടുവീഴ്ചയും പ്രതിപക്ഷം ചെയ്തു. ഓർഡിനൻസ് ഭരണംകൊണ്ട് കേരളത്തിലെ നിയമ നിർമ്മാണ സഭയെ കരുണാകരൻ സർക്കാർ തകർത്തുവെന്ന് പറഞ്ഞ് ആക്ഷേപിച്ച ബഹുമാന്യരായ വ്യക്തികളാണ് മുൻനിരയിലിരിക്കുന്ന മന്ത്രിമാർ. അനാഥപ്രേതങ്ങളെപ്പോലെ ചില ഓർഡിനൻസുകളം നാളെ മുതൽ ഈ നിയമസഭയിൽ അശരീരിയുണ്ടാക്കിക്കൊണ്ട് അലഞ്ഞുതിരിയാൻ പോവുകയാണ്. ആ ഓർഡിനൻസുകളം റീപ്ലെയ്സ് ചെയ്യാതെ മാറി വച്ചിട്ടാണ് എല്ലാ തത്വാധിഷ്ഠിതമായ സമീപനങ്ങളും മാറിവച്ചു കൊണ്ടാണ് ഇവിടെ ഈ വനിതാ കമ്മീഷൻ ബിൽ എടുക്കുന്നത് എന്നതിൽ ഞങ്ങൾക്കാർക്കും പരിഭവമില്ല. അങ്ങനെയാണ് എടുക്കേണ്ടി വന്നത് എന്നുള്ള കാര്യം മറക്കരുത്. ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുന്നതിൽ ആരും സംശയിക്കരുത്. ഒരു തെരഞ്ഞെടുപ്പ് വരാൻ പോകുന്ന സമയത്ത് വനിതാ കമ്മീഷൻ ബിൽകൂടി പാസാക്കിയാണ് ഞങ്ങൾ പിരിഞ്ഞതെന്ന് വരുത്താനല്ലാതെ ഇത് നടപ്പിലാക്കാൻ സാദ്ധ്യമല്ലല്ലോ. എന്റെ സുഹൃത്ത് ജേക്കബ് ആവശ്യപ്പെട്ടതുപോലെ ഞാനും ആവശ്യപ്പെടുകയാണ്. ബിൽ പാസായിക്കഴിഞ്ഞാൽ പുതിയതായി അധികാരത്തിൽ വരാൻപോകുന്ന ഗവൺമെൻറായിരിക്കണം വനിതാ കമ്മീഷനെ നിയോഗിക്കേണ്ടത്. ദൈനംദിന കാര്യങ്ങൾ ചെയ്യാൻ കെയർ ടേക്കർ മന്ത്രിസഭയായി തുടരുന്ന നാണംകെട്ട നടപടിയിലേക്കാണ് നിങ്ങൾ നീങ്ങുന്നതെന്ന് ഞങ്ങൾക്ക് സംശയമുണ്ട്. ഇവിടെ ഇന്ന് രാവിലെ ഞങ്ങൾക്ക് അത് പറയാൻപോലും അവസരം കിട്ടിയില്ല. എം. എൽ. എ.മാർ അല്ലാതായിത്തീരുന്ന, നിയമസഭ പിരിച്ചു വിടുന്ന ഒരു സാഹചര്യത്തിൽ നിങ്ങളും ഞങ്ങളുമെല്ലാം ഒരുപോലെയാണ്. നാളെ മുതൽ മുൻ എം. എൽ. എ.മാരാണ്. ജനങ്ങളുടെ പിന്തുണയില്ലാതെ, ജനങ്ങളുടെ അംഗീകാരമില്ലാതെ മന്ത്രിമാരായി പിടിച്ചുതൂങ്ങാൻ പോകുന്ന നിങ്ങൾക്ക് ഒരു വനിതാ കമ്മീഷനെ നിയോഗിക്കാനുള്ള ധാർമ്മികമായ അവകാശമില്ലെന്ന് ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ വനിതാ കമ്മീഷൻ നടപ്പിലാക്കേണ്ടി വരുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ട് എന്താണ് ? 15-ാമത്തെ വകുപ്പിൽ functions of Commission എഴുതിയിട്ടുണ്ട്. വളരെ ഉദാത്തമായിട്ടുള്ള ഫംഗ്ഷൻസ് ആണ്. വളരെ ബൃഹത്തായ പദ്ധതികളാണ്. അത് നടപ്പിലാക്കണമെങ്കിൽ ബഡ്ജറിൽ പണം ഉൾക്കൊള്ളിക്കണം. അതിന് പ്രൊവിഷൻ വേണം. പണമില്ലാതെ ഒരു കാര്യവും നടക്കുകയില്ല. അതുകൊണ്ട് അതിനാവശ്യമായ പണം ഉൾക്കൊള്ളിക്കണം. മാത്രമല്ല ശ്രീ. സീതിഹാജി പറഞ്ഞതുപോലെ ഇതിനൊരു അഡ്വൈസറി നേച്ചർ കൊടുക്കുകയാണ് അതിനെറെയൊക്കെ രൂപത്തിൽ മാറ്റം

LIBRARY ARCHIVES Kerala Legislative Assembly

വരണം. ഏതായാലും നമ്മുടെ വനിതകൾക്ക് സ്ത്രീസമത്വം അല്ലെങ്കിൽ സമൂഹത്തിൽ മാന്യമായ സ്ഥാനം കൊടുക്കുന്നതിന് ദീർഘകാലമായിട്ടുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. 'ന: സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്ന പഴഞ്ചൻ സങ്കൽപ്പം അടിച്ചുടച്ചുകൊണ്ട് എത്രയോ പുരോഗമനപരമായ മാറ്റങ്ങൾ ഇൻഡ്യയിൽ ഉണ്ടായിട്ടുണ്ട്, കേരളത്തിൽ ഉണ്ടായിട്ടുണ്ട്. സർ, ഇവിടെ തെരഞ്ഞെടുപ്പിൽ 30% സംവരണം സീറ്റുകളുടെ കാര്യത്തിൽ ഏർപ്പെടുത്തിയതിന്റെ പിതൃത്വം ആരും അവകാശപ്പെടേണ്ട. ശ്രീ. രാജീവ് ഗാന്ധിയുടെ കാലത്താണ് അതിനുവേണ്ട ശക്തമായ നടപടികളാരംഭിച്ചത്. അതിനുശേഷം അതിന്റെ ചുവടുപിടിച്ചുകൊണ്ടാണ് അത് നടന്നത്. സർ, എനിക്ക് ശ്രീമതി ഗൗരിയമ്മയുടെ കഴിവിനെയോ അവരുടെ സേവനത്തെയോ ഞാനൊട്ടും കുറച്ചു കാണുന്നില്ല. പക്ഷേ ഈ നിയമസഭയിൽ നാലുകൊല്ലക്കാലം ഭരിച്ച ഇടതുപക്ഷമുന്നണി സർക്കാർ ഒരു വനിതാകമ്മീഷൻ ബിൽ പാസാക്കുമ്പോൾ ഞങ്ങൾക്കതിൽ പൂർണ്ണമായ അഭിമാനമുണ്ടാകുമായിരുന്നു, എന്താണെന്നറിയാമോ ? ഇന്ദിരാഗാന്ധി ഇൻഡ്യയുടെ പ്രധാനമന്ത്രിയായത് അവരെ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് അതിന്റെ നേതാവാക്കി അതുകൊണ്ടാണ്.

ചരിത്രത്തിൽ അപൂർവ്വം ഉണ്ടാകുന്ന ഒരു മഹത്തായ സംഭവമാണ് ഒരു വനിത ഒരു രാഷ്ട്രത്തെ നയിക്കുകയെന്നത്. ഞങ്ങൾ ഈ സംസ്ഥാനത്ത്. .....(ബഹളം).....ഈ സംസ്ഥാനത്തെ നയിക്കാൻ അബലയല്ലാത്ത, ചപലയല്ലാത്ത, ധീരയായ ഒരു വനിത ഉണ്ടായിരുന്നിട്ട് അവർക്ക് അവസരം കിട്ടാതെപോയ ഒരു നിയമസഭയാണ് സർ ഈ സഭ. നാലുകൊല്ലക്കാലം ഭരിച്ചിട്ട് കേരളത്തിൽ ധീരയായ മുഖ്യമന്ത്രിയെ സൃഷ്ടിക്കാൻ കഴിഞ്ഞില്ല. അതിനുള്ള അവസരം നഷ്ടപ്പെട്ട ഒരു സംസ്ഥാനമാണ് ഇതെന്ന് ഈ സഭ പിരിയുമ്പോൾ പറയാതിരിക്കാൻ നിർവ്വാഹമില്ല സർ. വനിതയായ ശ്രീമതി കെ. ആർ. ഗൗരിയമ്മയെ കേരളത്തിന്റെ രേണാധികാരിയാക്കുമെന്ന് പറഞ്ഞുകൊണ്ട് അതിന്റെ ബലത്തിൽ വോട്ടുപിടിച്ചവരാണ് അപ്പുറത്തിരിക്കുന്ന ആളുകൾ. ഈ രാജ്യത്തെ സ്ത്രീകൾക്ക് സന്തോഷത്തോടുകൂടി, അഭിമാനത്തോടുകൂടി പറയാൻ അപൂർവ്വമായി രാഷ്ട്രീയ ചരിത്രത്തിൽ ഉണ്ടായ ഒരു വ്യക്തിയാണ് സർ ഗൗരിയമ്മ. മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റുപാർട്ടിയുടെ നേതാവാണ് ശ്രീമതി ഗൗരിയമ്മയെങ്കിലും അഭിമാനത്തോടുകൂടി പറയുന്നു, കേരളത്തിന്റെ ധീരവനിതയാണ് ഗൗരിയമ്മ, അതിൽ അഭിപ്രായവ്യത്യാസമില്ല. ആ ധീരവനിതയായ ഗൗരിയമ്മയെ കേരളത്തിന്റെ മുഖ്യമന്ത്രിയാക്കാൻ കഴിയാത്തതിൽ ദു:ഖിക്കേണ്ടവരാണ് ഇന്ന് ഈ ബിൽ അവർ കൊണ്ടുവന്നതിൽ അഭിമാനിക്കുന്നത്. അതുകൊണ്ട് വനിതാകമ്മീഷൻ വരുമ്പോൾ ഇത് പറയാതെ ഇവിടെനിന്നും കടന്നുപോകാൻ പറ്റുമോ സർ ? അതാണ് സ്ഥിതി. ഇന്ന് നിയമമാക്കുന്ന ഈ ബിൽ സെലക്ട് കമ്മിറ്റിയിൽ വന്നപ്പോഴും ഞങ്ങളെല്ലാം സഹകരിച്ചു, ഇതിനോട് അങ്ങേയറ്റം സഹകരിച്ചു. രാഷ്ട്രീയമായ മുതലെടുപ്പിന് ഈ നിയമം നിങ്ങൾക്ക് ഒരിക്കലും അവസരം നൽകുന്നില്ല. ഇത് പ്രതിപക്ഷവും ഭരണപക്ഷവും ഒരുമിച്ച് മെച്ചപ്പെട്ട ഒരു നിയമമാക്കണം. അത് അങ്ങനെ ആയിത്തീരട്ടെ. സ്ത്രീകളുടെ പദവി, സ്ത്രീകളുടെ പിന്നോക്കാവസ്ഥ, സ്ത്രീകൾ അനുഭവിക്കുന്ന പീഡനങ്ങൾ, അവരനുഭവിക്കുന്ന പ്രയാസങ്ങൾ അത് പരിഹരിക്കാൻ നിലവിലുള്ള നിയമം പലതും മതിയെങ്കിലും ഒരു

LIBRARY ARCHIVES Kerala Legislative Assembly

പുതിയ നിയമം ഇക്കാര്യത്തിൽ ആവശ്യമാണെന്ന് ഗവൺമെൻറിന് തോന്നിയാൽ സർ സർവ്വാത്മനാ പ്രതിപക്ഷം അതിനോട് സഹകരിക്കും. പക്ഷേ, ഇതിൻെറ പേരിൽ ഖ്യാതി അടിക്കാനും രാഷ്ട്രീയ മുതലെടുപ്പ് നടത്താനും നിങ്ങൾക്ക് അവകാശമില്ല.

സർ, എനിക്ക് ഒരുവാക്കുകൂടി അങ്ങയെക്കുറിച്ച് പറയാനുണ്ട്. അങ്ങയെക്കുറിച്ച് ഒരു വാക്ക് പറയാനുദ്ദേശിച്ചിരുന്നത് തിരക്കിനിടയിൽ വിട്ടുപോയി, അതുകൊണ്ട് അതുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. സർ, ഇവിടെ അങ്ങ് നിയമസഭാ സ്പീക്കറെന്നുള്ള നിലയിൽ ഇന്ന് നടത്തിയ പ്രസംഗം ഈ സഭയിൽ അങ്ങ് നടത്തിയ പ്രവർത്തനങ്ങളെ കുറിച്ച് പറയാനുള്ള ഒരു പഴുതാണ്. സർ, അങ്ങ് കേരള നിയമസഭയിൽ അപൂർവ്വമായിട്ട് കണ്ടിട്ടുള്ള ഒരു സ്പീക്കറാണ്. സ്പീക്കർ എന്ന പദം ആ പദത്തിൻെറ അക്ഷരാർത്ഥത്തിൽ നടപ്പിലാക്കിയ ആളാണ് അങ്ങ്. .....Always speaking speaker ആയിരുന്നു അങ്ങ്. ഇവിടെ ഇപ്പോൾ പി. ജെ. ജോസഫ് പറഞ്ഞു, അങ്ങിപ്പോൾ വിവാദപുരുഷനല്ലെന്ന്. ശ്രീ. പി. ജെ. ജോസഫിന് അങ്ങ് വിവാദപുരുഷനല്ലാതായതിൽ ഞങ്ങൾക്കൊക്കെ സന്തോഷമുണ്ട്. ഈ നിയമസഭയിൽ അങ്ങ് പ്രതിപക്ഷത്തെയും ഭരണപക്ഷത്തെയും എല്ലാം പല സന്ദർഭങ്ങളിലും കുത്തി നോവിപ്പിച്ചിട്ടുണ്ടെങ്കിലും ഈ സഭയിലെ അംഗങ്ങളായിട്ടുള്ളവർക്ക് അവസരം നൽകുന്നതിലും ഈ സഭ നടത്തിക്കൊണ്ടുപോകുന്നതിലും അങ്ങ് വഹിച്ച സേവനത്തെ ഒന്നും ഞങ്ങൾ കുറച്ച് കാണുന്നില്ല. അങ്ങ് ഏതായാലും കേരള നിയമസഭയ്ക്ക് ഒരു അപൂർവ്വ മാതൃകയായിരിക്കും. നിയമസഭാ സ്പീക്കർ എന്നുപറഞ്ഞാൽ സർവ്വതന്ത്ര സ്വതന്ത്രനാണെന്നുള്ള സങ്കൽപ്പത്തിന് അങ്ങ് മാറ്റം വരുത്തിയിട്ടുണ്ട്, കാരണം, എല്ലാ കാര്യങ്ങളെക്കുറിച്ചും അങ്ങ് അഭിപ്രായം പറയുന്നുണ്ട്. അങ്ങ് പറയുന്ന അഭിപ്രായങ്ങൾ സർ, ഭാവിയിൽ സ്പീക്കറുടെ മഹദ് വചനങ്ങളായി മാറട്ടെ എന്നുകൂടി ആശംസിച്ചുകൊണ്ട് ഞാൻ നിർത്തുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, സ്പീക്കർക്ക് തെറ്റാൻ പാടില്ല. എല്ലാവരക്കും സ്വീകാര്യനായ ഒരു സ്പീക്കർ ഉണ്ടാവില്ല. അത് ആദ്യം ഞാനങ്ങ് പറഞ്ഞേക്കാം. എല്ലാവർക്കും സ്വീകാര്യനായെങ്കിൽ എന്തോ സംതിങ്ങ് റോങ്ങ് ഉണ്ട്. അത് സ്പീക്കർ ആദ്യം മനസ്സിലാക്കണം. സംതിങ്ങ് റോങ്ങ്; എന്താ റോങ്ങ് എന്നൊന്നും എനിക്കറിയില്ല. അപ്പോൾ അത് കേട്ടിട്ട് സന്തോഷിക്കണ്ട. കാരണം സുധീരനെ അറിയാമല്ലോ, സുധീരൻ ഇവിടെ സ്പീക്കറായിരുന്നു. എല്ലാവരും അംഗീകരിച്ചാൽ മോശമാണ്. 7-ാം നിയമസഭ പോയി 8-ാം നിയമസഭ വന്നു, 8-ാം നിയമസഭയിൽ നിങ്ങൾ സഹകരണം തന്നു. എന്നാൽ 7-ാം നിയമസഭയിൽ ഇത്ര സഹകരണം തന്നില്ല, 8-ാം നിയമസഭയിൽ ഇത്രയും സഹകരണം ഞങ്ങൾ തന്നുവെന്ന് ജേക്കബ് ഇവിടെ പറഞ്ഞു. ഞാൻ ജേക്കബ്ബിനോട് ഒരൊറ്റക്കാര്യം ചോദിക്കട്ടെ, കഴിഞ്ഞ സഭയിൽ അഴിമതി നിരോധനബിൽ വയലാർ രവി അവതരിപ്പിച്ച സമയത്ത് ഞങ്ങൾ മൂവ് ചെയ്ത ഒരൊറ്റ അമെൻറ്മെൻറെങ്കിലും അന്ന് നിങ്ങൾ അക്സപ്റ്റ് ചെയ്തോ? ഇല്ല, പ്രതിപക്ഷത്തുനിന്ന് അന്ന് ഞങ്ങൾ കൊടുത്ത മുഴുവൻ അമെൻറ്മെൻറും തള്ളി, അതറിയില്ലേ? ഞങ്ങൾക്ക് അതറിയില്ലയോ? ഞങ്ങൾ പത്തു നൂറ് അമൻറ്മെൻറ്സ് കൊടുത്തിട്ട് അതിൽ ഒരെണ്ണമെങ്കിലും അന്ന് നിങ്ങൾ സ്വീകരിക്കാൻ തയ്യാറുണ്ടായിരുന്നോ? അന്ന് ഞങ്ങൾ കൊടുത്തതാണ് പത്തുനൂറു അമൻറ്മെൻറ്സ്. അത് സ്പീക്കർക്കും അറിയില്ലേ?

മി. സ്പീക്കർ : നൂറല്ല കൊടുത്തത്, ഞാൻ തന്നെ അന്ന് നൂറിലധികം അമെൻറ്മെൻറ് കൊടുത്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : കണ്ടോ, അപ്പോഴേ സ്പീക്കർ കൊടുത്തതാണ്. ഞാൻ പറഞ്ഞാൽ, നിങ്ങൾ സപ്പോർട്ട് ചെയ്യുമ്പോൾ സൂക്ഷിക്കണ്ടേ ? അപ്പോൾ അന്ന് ഒരൊറ്റ അമൻറ്മെൻറും അംഗീകരിച്ചില്ല, ജേക്കബ് അല്ല, ജേക്കബ്ബിൻെറ കക്ഷി അംഗീകരിച്ചില്ല. ജേക്കബ് ഇരിക്കട്ടെ, +2 വിൻെറ കാര്യമെടുക്കാം. എത്ര സമരം അന്ന് ഞങ്ങൾ പുറത്ത് നടത്തി ? ഇതിൻെറ ഉള്ളിൽ മാത്രമല്ല അന്ന് ഞങ്ങൾ സമരം നടത്തിയത്. എന്നിട്ട് ഒരിഞ്ച് നിങ്ങൾ അന്ന് കീഴടങ്ങിയോ ? കീഴടങ്ങാത്തതിൻെറ അടി എല്ലാം ഞങ്ങൾക്കറിയാം, നിങ്ങൾ കൈകാര്യം ചെയ്തതിനെപ്പറ്റിയെല്ലാം വിശദമായ വിവരം ഞങ്ങൾക്കുണ്ട്. പിന്നെ പ്രീ-ഡിഗ്രി ബോർഡിൻെറ കാര്യമെടുക്കാം. അതിനെക്കുറിച്ച് ഞങ്ങൾക്ക് വിശദമായ വിവരമില്ലേ ? നിങ്ങളെന്താണ് ചെയ്തതെന്ന് ഞങ്ങൾക്ക് നല്ല വിവരമുണ്ട്. എന്നിട്ട് ഇപ്പോൾ പറയുന്നു, ഞങ്ങൾക്ക് മുഴുവൻ സപ്പോർട്ട് നിങ്ങൾ തന്നുവെന്ന്. നിങ്ങൾ മുഴുവൻ സപ്പോർട്ട് ഞങ്ങൾക്ക് തരണോ വേണ്ടയോ എന്നാലോചിക്കണം. ന്യായമുള്ളത് ചെയ്താൽ മതി. ന്യായമുള്ളത് മാത്രം ചെയ്താൽ മതി.

ഇപ്പോൾ ഇവിടെ ഒരു നിയമം സ്ത്രീകൾക്കുവേണ്ടി കൊണ്ടുവന്നപ്പോൾ സീതിഹാജി അവിടെ നിന്നുകൊണ്ട് എന്തെല്ലാമാണ് പ്രസംഗിച്ചത് ? ന്യായമായിട്ടാണോ അവിടെനിന്നുകൊണ്ട് പ്രസംഗിച്ചത് ? ഈ ബില്ലിനെ പറ്റിയും സ്ത്രീകളെപ്പറ്റിയുമൊക്കെ എന്താണ് സീതിഹാജി അവിടെ നിന്നുകൊണ്ട് പ്രസംഗിച്ചത്.....(ബഹളം).....

ശ്രീ. പന്തളം സുധാകരൻ : പതിരാമണലിൽ പോയി സ്ത്രീകളെക്കുറിച്ച് പ്രസംഗിച്ചതോർമ്മയുണ്ടോ ; എന്താണ് പറഞ്ഞതെന്ന് ? (ബഹളം).....

ശ്രീ. ഇ. കെ. നായനാർ : സീതിഹാജി അവിടെ നിന്ന് പ്രസംഗിച്ചപ്പോൾ നിങ്ങളാരും എന്തേ മിണ്ടാത്തത് ? ഇപ്പോൾ ലീഗ് നേതാക്കൻമാർ അവിടെ ഇരുന്നുകൊണ്ട് ചിരിക്കുന്നു, എന്തേ ഇത്ര അപവാദകരമായിട്ട് ഒരു നേതാവ് പ്രസംഗിച്ചിട്ടുണ്ടോ ? സ്ത്രീകളെപ്പറ്റി എന്താണ് പറഞ്ഞത്.....(ബഹളം).....അല്ല, കുഞ്ഞാലിക്കുട്ടി അന്നേരം അതിന് മറുപടി പറയണമായിരുന്നു, ഇപ്പോൾ ഞാൻ പ്രസംഗിക്കുമ്പോളല്ല മറുപടി പറയേണ്ടത്. നിങ്ങൾ എന്തായാലും സ്ത്രീകളെ അപമാനിച്ചോ; നിങ്ങൾ എന്തുവേണമെങ്കിലും പറഞ്ഞുകൊള്ളിൻ, എനിക്കതിൽ ആക്ഷേപമൊന്നുമില്ല, ഞങ്ങൾ മറുപടി പറഞ്ഞുകൊള്ളാം.....(ബഹളം).....അപ്പോൾ നിങ്ങൾ അപ്പുറത്തിരുന്നുകൊണ്ട് സ്ത്രീകളെക്കുറിച്ച് അപമാനിച്ചുകൊള്ളിൻ എനിക്കതിൽ വിഷമമില്ല, പ്രയാസമില്ല. ഞാൻ അതിനെക്കുറിച്ച് പറയാം. ഞാൻ മറുപടി പറയാം. തീർച്ചയായും ഇതിനകത്ത് മാത്രമല്ല, പുറത്തും ഞങ്ങൾ പറയാൻ പോവുകയാണ്. ഒരു മഹിളാബിൽ ഇവിടെ കൊണ്ടുവന്നപ്പോൾ അതിനെപ്പറ്റി ഇത്രമാത്രം ക്രിട്ടിസിസം ഉണ്ടെങ്കിലും ഇത്തരത്തിൽ അപമാനകരമായിട്ടുള്ള ഒരു സമീപനം ലീഗിൻെറ നേതാക്കൻമാർ എടുക്കാൻ പാടുണ്ടോ ? അത് പാടുണ്ടോയെന്നു ഞാൻ ചോദിക്കുകയാണ്. അത് തെറ്റല്ലേ ? അത് ഞാൻ പറയുന്നു.....(ബഹളം).....നിങ്ങൾ ഇരിക്കൂ, ഞാൻ പറഞ്ഞുതരാം. ഈ ബില്ലിനെതിരായിട്ട് നിങ്ങൾക്ക് വിമർശിക്കാം.....(ബഹളം)..... .....ഒരു ബിൽ കൊണ്ടുവന്നാൽ അതിനെ വിമർശിക്കും, എനിക്കറിയാം. ഈ ബില്ലിനെപ്പറ്റി ശക്തിയായി അവർ അപ്പുറത്തിരുന്നുകൊണ്ട് വിമർശിക്കുമെന്ന് എനിക്കറിയാം.

ശ്രീ. കെ. പി. നൂറുദ്ദീൻ : അന്ന് പാതിരാമണലിൽപോയി സ്ത്രീകളെകുറിച്ച് പ്രസംഗിച്ചപ്പോൾ ഓർക്കണമായിരുന്നു. ഇപ്പോൾ ഇവിടെ വന്നിരിക്കുകയാണ് വേദാന്തവാക്യവുമായിട്ട്; സ്ത്രീകളുടെ കാര്യത്തിലുള്ള താല്പര്യംകൊണ്ട്.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ : എനിക്കറിയാം. നിങ്ങൾക്കിതൊന്നും സുഖിക്കില്ലെന്ന്. ഇവിടെ എന്തിനെയാണ് നിങ്ങൾ എതിർക്കാതിരുന്നിട്ടുള്ളത്. ഈ ബില്ലിനെ നിങ്ങൾ എതിർത്തില്ലേ ? എല്ലാറ്റിനെയും നിങ്ങൾ എതിർത്തിട്ടുണ്ട്. മാത്രമല്ല, കാർഷിക പരിഷ്ക്കരണ ബിൽ കൊണ്ടുവന്നപ്പോൾ അതിനെ വിമർശിച്ചവരാണ് നിങ്ങൾ. കർഷകത്തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കാൻവേണ്ടി ബിൽ കൊണ്ടുവന്നപ്പോൾ അതിനെ എതിർത്തവരും വിമർശിച്ചവരുമാണ് നിങ്ങൾ. അവരാണ്, ഇപ്പോൾ ഈ സ്ത്രീകളുടെ ബിൽ കൊണ്ടുവന്നപ്പോൾ എതിർക്കുന്നതും. എന്നിട്ട് അവസാനം ഒരു പരുങ്ങലാ.....(ബഹളം).....നമ്മുടെ ബഹുമാനപ്പെട്ട ഹസ്സൻ എന്താണ് ഇവിടെ പ്രസംഗിച്ചത് ? സ്ത്രീ ബില്ലിനെക്കുറിച്ച് നന്നായിട്ട് പ്രസംഗിച്ചത് ? ഗൗരിയമ്മയെ മുഖ്യമന്ത്രി ആക്കണമെന്ന്. നന്നായിട്ടാ പ്രസംഗിച്ചത് ? അപമാനമായിട്ടാണ് ഇവിടെ പ്രസംഗിച്ചത്.

*** *** *** ***

ആ ബിൽ തീർച്ചയായിട്ടും കേരളത്തിലെ സ്ത്രീകളുടെ അവകാശം നേടുന്നതിനുള്ള ഒരു കാൽവായ്പാണ്. സ്ത്രീകൾക്ക് അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് സഹായകമായ രീതിയിലുള്ള ഒരു ഫോർവേഡ് സ്റ്റെപ്പ് ആണ്. തീർച്ചയായിട്ടും അത് സ്വാഗതാർഹമായ ഒരു നിയമമാണ്. അതിൽ അപാകതകൾ ഉണ്ടാവാം. പക്ഷേ ആ രീതിയിൽ സഹകരണാത്മകമായ ഒരു സമീപനമല്ല ജേക്കബ് എടുത്തതെന്നാണ് ഞാൻ പറഞ്ഞത്. ഇവിടെ ക്രിട്ടിസിസം ആണ് നടത്തിയിട്ടുള്ളത്. 7-ാം നിയമ സഭയിൽ ഞങ്ങൾ ഒരു സഹകരണവും നൽകിയില്ല. 8-ാം നിയമസഭയിൽ അവർ മുഴുവൻ സഹകരണവും ഞങ്ങൾക്ക് നൽകി എന്നൊക്കെയല്ലേ പറഞ്ഞത് ? ഞാൻ ചോദിക്കട്ടെ, അന്ന് നിങ്ങൾ പ്രതിപക്ഷത്തുനിന്നും കൊണ്ടുവന്ന ഒരൊറ്റ അമെൻറ്മെൻറെങ്കിലും സ്വീകരിച്ചോ ? ഒരൊറ്റ അമെൻറ്മെൻറുപോലും അന്ന് സ്വീകരിച്ചിട്ടില്ല. എന്നിട്ടിവിടെ പറയുകയാണ്, അവർ സഹകരിച്ചുവെന്ന്. അന്ന് ഒരൊറ്റ അമെൻറ്മെൻറുപോലും അംഗീകരിക്കാൻ തയ്യാറാകാത്ത ടി. എം. ജേക്കബ്ബാണ് ഇപ്പോൾ ഇവിടെ നിന്നുകൊണ്ട് സഹകരണത്തിൻറെ കാര്യം പറയുന്നത്.....(ബഹളം).....

ശ്രീ. ടി. എം. ജേക്കബ് : അതിപ്പോൾ ഗൗരിയമ്മ പറയുകയില്ല.

ശ്രീ. ഇ. കെ. നായനാർ : ഇതിപ്പോൾ പറഞ്ഞില്ലേ നിങ്ങൾ ? അപ്പോൾ ഞാൻ പറയുന്നു, ഈ സഹകരണം മുഴുവൻ നൽകിയെന്ന് പറഞ്ഞത് 7-ാം നിയമസഭയെ താരതമ്യപ്പെടുത്തിയിട്ടാണ്. ഇവിടെ അന്ന് ഞങ്ങൾ കൊണ്ടുവന്ന ഒരൊറ്റ അമെൻറ്മെൻറുപോലും അംഗീകരിക്കാത്ത ജേക്കബ്ബാണ് ഇപ്പോൾ ഇത് പറയുന്നത്. അതാണ് വിചിത്രം. പ്രീ-ഡിഗ്രി ബോർഡിനെ പറ്റി ശ്രീ. ജേക്കബ് നടത്തിയത് നമ്മൾക്ക് അറിയില്ലേ ? ഞങ്ങളല്ലേ അന്ന് സമരം നടത്തിയത് ? എന്നിട്ടാണ് ഇപ്പോൾ പറയുന്നത് ഞങ്ങൾ സഹകരണം നൽകിയെന്ന്. നിങ്ങൾ സഹകരണം നൽകിയിട്ടുണ്ടോ ? എങ്കിൽ അതിന് സ്വാഗതം. എന്നാൽ നിങ്ങൾ എതിർത്തിട്ടുമുണ്ട്. അതും പറയുന്നു. അതും നിങ്ങളുടെ ഭാഗം ശരിയാണോ എന്ന് നിങ്ങൾക്കറിയാമല്ലോ ; നിങ്ങൾ എതിർത്തതിൽ തെറ്റില്ല. ഞങ്ങൾ ഫൈറ് ചെയ്യും, നിങ്ങൾ എതിർത്താൽ.

*** ബഹു : സഭാദ്ധ്യക്ഷൻറെ നിർദ്ദേശപ്രകാരം സഭാ നടപടികളിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

അതിനെതിരെ ഞങ്ങൾ ഫൈറ്റ് ചെയ്യും. അത് രണ്ടും പറയുന്നു. എന്നാൽ ഞാൻ പറയുന്നു. ഇവിടെ ഈ വനിതാബില്ലിൽ കൊണ്ടുവന്നതിനെ കുറിച്ച് അതിനെ അപമാനിച്ച് പറയരുത്. രണ്ടും പറയണം. നിങ്ങളുടെ മുഴുവൻ സഹകരണവും കിട്ടിയതുകൊണ്ട് ഇതൊന്നും പാസ്സാവുകയില്ല. അത് അറിഞ്ഞോ ? അത് പാസ്സാവുകയില്ല എന്ന് എനിക്കറിഞ്ഞുകൂടേ ? അവസരവാദത്തിൽ നമ്പർ-വൺ അല്ലേ പലരും. അതേ, അവസരവാദത്തിൽ നമ്പർ വൺ ആണ് പലരും. അപ്പുറത്തിരിക്കുന്നത്. ഇവിടെ പാസ്സാവുമോ, ഞാൻ ചോദിക്കട്ടെ, നിങ്ങളുടെ സഹകരണം കിട്ടിയാൽ ഇവിടെ പാസ്സാകുമോ ?പ്രൊഫസർ മുണ്ടശ്ശേരി കൊണ്ടുവന്ന വിദ്യാഭ്യാസ ബില്ലിനെ ആരാണ് എതിർത്തത് ? ഇ.എം.എസ്. കൊണ്ടുവന്ന, ഗൗരിയമ്മ കൊണ്ടുവന്ന കാർഷിക ബന്ധ ബില്ലിനെ ആരാണ് എതിർത്തത്. അതു പോലെതന്നെ കർഷകത്തൊഴിലാളി പെൻഷൻ ബില്ലിനെ ആരാണ് എതിർത്തത്. ആരാണ് ഇതിനെയൊക്കെ എതിർത്തതെന്ന് പറയണം. മാണി അങ്ങ് എന്റെ കൂടെയാ ഇരിപ്പ്. അന്ന് അതിനെ എതിർത്തത് കരുണാകരന്റെ സൈഡാ. അവരാണ് അന്ന് അതിനെ എതിർത്തത്. അപ്പോൾ ആ രീതിയിൽ നമ്മുടെ രാജ്യത്ത് കർഷകത്തൊഴിലാളികൾ, കൃഷിക്കാർ, മൽസ്യത്തൊഴിലാളികൾ കയർത്തൊഴിലാളികൾ, നമ്മുടെ അദ്ധ്വാനിക്കുന്നവർ ഈ രാജ്യത്ത് അവർക്ക് വേണ്ടി ഞങ്ങൾ പോരാടുന്ന സമയത്ത് എതിർത്ത പലരുമാണ് ഇപ്പോൾ പറയുന്നത് വളരെ നല്ല സ്പീക്കറാണെന്ന്. വളരെ നല്ല സ്പീക്കറാ....., ഇംഗ്ലീഷിലുള്ള പഴംചൊല്ല് കേട്ടിട്ടുണ്ടോ ?.....A Smiling face has a foul heart അതാണ് അപ്പുറത്ത്; അത് മനസ്സിലാക്കണം. അതുകൊണ്ട് ഇതിലൊന്നും സന്തോഷിക്കണ്ട സ്പീക്കർ. നമ്മൾ നമ്മുടെ കടമ നിർവ്വഹിക്കുക, തീർച്ചയായിട്ടും സഹകരിച്ചതിന് സ്വാഗതം പറയുകയാണ്. അപ്പുറത്തുനിന്നും സഹകരിച്ചതിന് സ്വാഗതം പറയുകയാണ്. തീർച്ചയായിട്ടും യോജിച്ചുകൊണ്ട് ഈ ബിൽ പാസ്സാക്കാൻ.....ഞാൻ ചോദിക്കട്ടെ. ഇതിനെ എതിർക്കാൻ കഴിയാത്തതുകൊണ്ടല്ലേ എതിർക്കാത്തത് ? അല്ലെങ്കിൽ മഹിളാ ബില്ലിനെ എതിർത്താൽ അത് പാസ്സാവുകയില്ലേ ? അത് പാസ്സാകും. സിലക്ഷൻ കമ്മിറ്റിയിൽ യോജിച്ച് വന്നിട്ടുകൂടി എതിർത്തു. അതാണ് യോജിച്ചുവന്നിട്ടുകൂടി അതിനെ എതിർത്തു. സിലക്ട് കമ്മിറ്റിയിൽ യോജിച്ചതിനെയും എതിർത്തു. അല്ലെങ്കിൽപിന്നെ അമെൻറ്മെൻറ് എന്തിനാണ് ഒരു നൂറ് എണ്ണം ? എന്തിനാണ് അമെൻറ്മെൻറ് ഒരു നൂറെണ്ണം കൊടുത്തത് ? യോജിച്ച് അങ്ങ് പാസ്സാക്കിയാൽ പോരായിരുന്നോ ? ഈ രാജ്യത്ത് അദ്ധ്വാനിക്കുന്നവന്റെ അവകാശങ്ങൾക്കുവേണ്ടി ഞങ്ങൾ പടവെട്ടുമ്പോൾ അതിനെ ശക്തിയായി എതിർത്തു. തീർച്ചയായിട്ടും ഈ 8-ാം കേരള നിയമസഭ മുന്നോട്ടേക്ക് പോയി അദ്ധ്വാനിക്കുന്നവന്റെയും മറ്റും കാര്യത്തിൽ. സ്ത്രീകളുടെയും സംവരണസീറ്റ്. സംവരണക്കാര്യം അത് രാജീവാണ് കൊടുത്തതെന്ന് പറയുന്നു. ഞാൻ ചോദിക്കട്ടെ, എവിടെയാടോ, എവിടെയാടോ ഈ 30% സംവരണം ? 30% സംവരണം ഇൻഡ്യാരാജ്യത്ത് എവിടെയെങ്കിലുമുണ്ടോ ? ഇൻഡ്യാരാജ്യത്ത് എവിടെയെങ്കിലുമുണ്ടോ ; ഇവിടെ ഈ കേരളത്തിലല്ലാതെ ? എന്നിട്ട് ഇവിടെ വന്നുനിന്ന് പറയുകയാണ് 30% സംവരണമെന്ന്, സ്ത്രീകൾക്ക്, അപ്പോൾ ഞാൻ ചോദിക്കുന്നു. ഈ രാജ്യത്ത് വനിതകൾക്ക് 30% സംവരണമുള്ളത് കേരളത്തിന്റെ മണ്ണിലാണ്. സ്ത്രീകളുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള ഒരു പുതിയ നിയമം പാസ്സാക്കാൻ യുനാനിമസ് ഒപ്പിനിയൻ ഉണ്ടായതിൽ സന്തോഷമുണ്ട്. സഹകരണവുമുണ്ട്. അതുകൊണ്ട് ഇത് പാസ്സാക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാനവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വയലാർ രവി : സർ, I am on a point of order.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസംഗിച്ച അവസരത്തിൽ ശ്രീ. ഹസ്സനെ കുറിച്ച് വ്യക്തിപരമായ ചില പരാമർശങ്ങളും നടത്തി. ഞാനതിനെ റ ഡീറെയിൽസിലേക്കൊന്നും പോകുന്നില്ല. അക്കാര്യങ്ങളൊക്കെ തന്നെ ഒരു ജുഡീഷ്യൽ എൻക്വയറിക്കുശേഷം തീരുമാനിക്കപ്പെട്ട കാര്യമാണ്. അതിനെ കുറിച്ച് വീണ്ടും മുഖ്യമന്ത്രി സത്യവിരുദ്ധമായി, വ്യക്തിപരമായി നടത്തിയ പരാമർശങ്ങളും ദയവായി രേഖയിൽ നിന്ന് നീക്കം ചെയ്യണം. അത് ഡിഫമേറ്ററിയാണ്. അങ്ങ് ഇക്കാര്യത്തിൽ റൂളിംഗ് നൽകണം. അത്തരത്തിലുള്ള പരാമർശം ഇവിടെ നടത്തിയത് ശരിയല്ല.

മി. സ്പീക്കർ : യേസ്. വ്യക്തിപരമായ പരാമർശങ്ങളുണ്ടെങ്കിൽ അത് രേഖയിൽനിന്ന് മാറ്റുന്നതാണ്.....(ബഹളം).....

ശ്രീ. ഇ. കെ. നായനാർ : അതിപ്പോൾ നിങ്ങൾക്ക് വിശദമായിട്ട് പറയണമെങ്കിൽ ഞാൻ ഇവിടെവച്ച് പറഞ്ഞുതരാം. അത് പറയാതിരിക്കുക അതാണ് നിങ്ങൾക്ക് നല്ലത്, അതാണ് ഞാൻ പറയുന്നത്.

മി. സ്പീക്കർ : ഇല്ല, ഞാൻ ഇക്കാര്യത്തിൽ റൂളിംഗ് നൽകി കഴിഞ്ഞു. അതുകൊണ്ട് അക്കാര്യത്തിൽ യാതൊരു പരാമർശവും അനുവദിക്കുകയില്ല. വ്യക്തിപരമായ പരാമർശങ്ങളും എല്ലാം സഭാ രേഖയിൽനിന്നും നീക്കം ചെയ്യുന്നതാണ്.....(ബഹളം).....

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) : സർ, ഈ ബിൽ പാസ്സാക്കിയതിൽ വളരെ സന്തോഷമുണ്ട്. ഈ ബിൽ അവതരിപ്പിച്ചപ്പോഴും നന്നാക്കാൻ ശ്രമിച്ചവർക്കും അത് കഴിഞ്ഞതിനുശേഷം സെലക്ട് കമ്മിറ്റിയിൽ പ്രവർത്തിച്ചവർക്കും സംഘടനകളുടെയും വ്യക്തികളുടെയും അഭിപ്രായം തന്നവർക്കും, നിയമസഭയിൽ ഇത് പാസ്സാക്കുന്നതിനുവേണ്ടിയുള്ള സഹായങ്ങളും തന്നവർക്കും അങ്ങേയ്ക്കുംപ്പെടെ കൃതജ്ഞത പറയുകയാണ്. ഈ ബിൽ വളരെക്കാലം മുൻപ് കൊണ്ടുവരേണ്ട ഒന്നായിരുന്നു. ഇതൊരു പുതിയ നിയമമാണ്. രണ്ടുകൊല്ലംമുമ്പ് ഡ്രാഫ്റ്റ് ചെയ്തതാണ്. അത് ലീലാദാമോദരമേനോന് അറിയാം. ബിൽ ഡ്രാഫ്റ്റ് ചെയ്യുന്നതിനുമുൻപുതന്നെ സംസ്ഥാനത്തെ മുഴുവൻ മഹിളാ സംഘടനകളെയും വിദഗ്ദ്ധൻമാരായിട്ടുള്ള പഴയ ജഡ്ജിമാരെയും വിളിച്ച് ചർച്ച സംഘടിപ്പിച്ചതിനുശേഷമാണ് ഇത് ഡ്രാഫ്റ്റ് ചെയ്തത്. ഡ്രാഫ്റ്റ് ചെയ്തതിനുശേഷം എല്ലാവർക്കും ഇതിന്റെ കോപ്പി അയച്ചു. കേന്ദ്രഗവൺമെന്റിനും കോപ്പി അയച്ചു. ഇതെല്ലാം വച്ചുകൊണ്ടാണ് സെൻട്രൽ ഗവൺമെന്റ് തന്നെ ഇതുപോലൊരു ബിൽ കൊണ്ടുവന്നത്. എന്റെ തലയിൽ ഉദിച്ച ഒരു പുതിയ നിയമമാണെന്ന് ഞാൻ അവകാശപ്പെടുന്നില്ല. പക്ഷെ ഇതൊരു പുതിയ നിയമമാണ്. പുതിയൊരു കാൽവയ്പാണ്. ഈ നിയമത്തെ സംബന്ധിച്ചിടത്തോളം അതിൽ ഉൾക്കൊള്ളേണ്ട തത്വങ്ങളും എന്തൊക്കെയാണെന്ന് വളരെകൂടുതൽ ആളുകളോട് ചോദിച്ചു. ഇതിന് അഭിപ്രായം അയച്ചവരുണ്ട്. അവരുടെ അഭിപ്രായം ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഇത് ഡ്രാഫ്റ്റ് ചെയ്തത് നിയമസഭയിൽ അവതരിപ്പിച്ചത്. നിയമസഭയിൽ ഇത് അവതരിപ്പിച്ചപ്പോഴും, തെരഞ്ഞെടുപ്പ് വരാൻ പോകുന്നതുകൊണ്ടാണ് ഇത് അവതരിപ്പിച്ചതെന്ന് പറയുകയുണ്ടായി. ആരെങ്കിലും വിചാരിച്ചോ ഇപ്പോഴും തെരഞ്ഞെടുപ്പ് വരാൻ പോകുന്നുവെന്ന്. നിങ്ങളാരെങ്കിലും വിചാരിച്ചോ ? ഞങ്ങളാരും വിചാരിച്ചില്ല, ഡൽഹിയിൽ നടന്ന ചില മറിമായങ്ങളും കാലുവാരലുംകൊണ്ട് നമ്മുടെ രാജ്യത്ത് തെരഞ്ഞെടുപ്പ് വേണ്ടിവന്നു. അതിന്റെ പേരിൽ ആളുകളെ കൊച്ചാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനമാണ് ഇത്. അത് മോശമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ചർച്ച വന്നപ്പോഴ ഈ ബിൽ കൊണ്ടുവന്നത് എന്റെ പിടിവാശി കൊണ്ടാണെന്ന് പറയുകയുണ്ടായി. എനിക്ക് ആളുകളെ സഹായിക്കണമെന്നുണ്ടായിരുന്നു. എന്റെ പാർട്ടിയും ബാക്കിയുള്ള പ്രസ്ഥാനങ്ങളുമായി ഈ കാര്യം ആലോചിച്ചു. അപ്പോഴ ഈ ബിൽ ഈ സമ്മേളനത്തിൽതന്നെ ചേർക്കാൻ പറഞ്ഞു. അങ്ങനെ ഈ സമ്മേളനത്തിൽത്തന്നെ ചേർക്കുന്നതിനുവേണ്ടിയുള്ള ശ്രമം വന്നു, ഒടുവിൽ ചേർക്കപ്പെട്ടു. എന്നാലും ചില കാര്യങ്ങൾ ഞാൻ മറക്കുന്നില്ല. എന്താണെന്നുവച്ചാൽ ഈ നിയമത്തിൽ ഇനിയും ചില ഭേദഗതികൾ വേണ്ടിവരും. വേണ്ടന്നൊന്നും ഞാൻ പറയുകയില്ല. കാർഷിക പരിഷ്ക്കരണബിൽ 1957-ൽ അവതരിപ്പിച്ച കാലത്ത് നമ്മുടെ രാജ്യത്തുണ്ടായിരുന്ന ആ കാർമേഘങ്ങളും അതിനെതിരായിട്ടുള്ള കൊടുങ്കാറും 1968-ൽ അവതരിപ്പിച്ച നിയമത്തിൽ വന്നു. ആ ബിൽ പാസ്സാക്കിയത് എന്ത് കോലാഹലം നടത്തിയിട്ടാണ്. അംഗീകാരം തരാൻ കേന്ദ്രഗവൺമെന്റ് അന്ന് സന്നദ്ധമായിരുന്നോ ? അംഗീകാരം തന്നില്ല. 1967 ആയപ്പോഴം ഇവിടെ എതിർത്തിരുന്നതായ ഒരു വിഭാഗക്കാരടക്കം ബിൽ വേണമെന്നുള്ള നിലയിൽ വന്നു, ബിൽ പാസ്സാക്കി, പാസ്സാക്കിയതായിട്ടുള്ള നിയമം തടഞ്ഞുവയ്ക്കാൻ സാധിക്കാത്ത സ്ഥിതി വന്നു. അതൊരു മാറ്റമാണ്. ജനങ്ങളുടെ ഇടയിൽ വരുന്ന മാനസിക മാറ്റമാണ്. ആ മാനസിക മാറ്റത്തിന് ഉത്തേജനം കൊടുക്കാനും സഹായിക്കാനുമാണ് ഈ നിയമനിർമ്മാണം വരുന്നത്. ഇന്നിവിടെ എല്ലാവരും പറഞ്ഞതുപോലെ ഈ നിയമം പാസ്സാക്കിയതുകൊണ്ടുമാത്രം സ്ത്രീകളുടെ പ്രശ്നം പരിഹരിക്കാൻ സാധിക്കുമോ ? നിയമം പാസ്സാക്കിയതുകൊണ്ടു മാത്രം സാധിക്കുകയില്ല. നിയമം ഇതിലൊരു ഘടകമാണ്. സ്ത്രീകളുടെ സംഘടനകളുണ്ട്. അവകാശങ്ങൾക്കുംവേണ്ടി പോരടിക്കുവന്നരുണ്ട്. യോജിച്ചു നിൽക്കുന്നവരുണ്ട്. പല ആവശ്യങ്ങൾക്കുംവേണ്ടി ഒന്നിച്ച് നിൽക്കുന്നവരുണ്ട്. അത് ശരിയാക്കികൊണ്ടുവരാൻ എത്രകാലമെടുത്തു ? 1950-ൽ പാസ്സാക്കിയ നമ്മുടെ ഭരണഘടന സ്ത്രീക്ക് തുല്യത പറഞ്ഞിരിക്കുന്നു. നടക്കുന്നോ സർ ? നടക്കുന്നോ ഇന്ന് ? യുണൈറ്റഡ് നേഷൻസ് സ്ത്രീകളുടെ കാര്യങ്ങളിലും അവർക്കുള്ള അവകാശങ്ങളിലും വിവേചനം പാടില്ലെന്ന് പറയുന്നു. ഇത് സ്മാർക്ക് ഈയറാണ്. ഗേം ചൈൽഡിന്റെ ഈയറാണ്. എന്താണ് ഗേം ചൈൽഡിന്റെ ഈയറാകാൻ കാരണം ? പെൺകുട്ടിയും ആൺകുട്ടിയും ഒരുപോലെയാണ്, അല്ലാതെ പെൺകുട്ടി രണ്ടാം സ്ഥാനത്തേക്ക് തള്ളപ്പെടേണ്ടതല്ല, ഇതിനെക്കുറിച്ച് Campaign നടത്തേണ്ടിവരുന്നു. ജില്ലകൾതോറും Campaign നടത്തേണ്ടിവരുന്നു. മാതാപിതാക്കളെയും മറ്റുള്ളവരെയും വിളിച്ച് നമ്മൾ ചർച്ചചെയ്യേണ്ടിവരുന്നു. ഇതൊരു പ്രോസസ്സാണ്. ആ പ്രോസസ്സിന് സഹായകരമായ നിലയിലുള്ള ഒരു നിയമനിർമ്മാണമാണിത്. ഇത് നമ്മുടെ സംസ്ഥാനത്തിന്റെ സാമൂഹ്യ മാറ്റത്തിന് ഉതകുന്നതാണ്. സാമൂഹ്യമാറ്റത്തിനെതിരായ ചരട് നമ്മൾ അറുത്തുകളയേണ്ടതാണ് ആവശ്യമാണ്. നമ്മുടെ കുടുംബങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടിയ പിൻതിരിപ്പൻ ആശയങ്ങളെ തകർക്കുന്നതിനുവേണ്ടിയുള്ള ഒരു ഉപകരണമാണ് ഈ നിയമനിർമ്മാണം. സ്ത്രീയുടെ വിഷമം പുരുഷന് അറിയുകയില്ല, എത്ര പ്രഗൽഭരായാലും അറിയുകയില്ല. ഒരു അമ്മയുടെ ദുഃഖം അറിയുകയില്ല, ഒരു ഭാര്യയുടെ വിഷമം അറിയുകയില്ല. ഒരു പെൺകുട്ടിയുടെ വിഷമം അറിയുകയില്ല. ഒരു പെൺകുട്ടിയുടെയും ഒരു ഭാര്യയുടെയും ഒരു തള്ളയുടെയും സമൂഹത്തിലെ അംഗീകാരത്തിനായി, മനുഷ്യൻ ആണെന്നുള്ള അംഗീകാരത്തിനായി വേണ്ടിയുള്ള ഒരു ഫൈറ്റിന്റെ ഭാഗമെന്നുള്ള നിലയിലാണ് ഈ നിയമം പാസ്സാക്കിയിരിക്കുന്നത്. ഇതിന് സഹകരിച്ച മുഴുവൻ ആളുകളോടും

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ നന്ദി പറയുകയാണ്. ഇതിൽ അഭിപ്രായവ്യത്യാസം വരും. ശ്രീ. ജേക്കബ് അടക്കമുള്ള ആളുകൾ പറഞ്ഞു, ഞാൻ ഈ കാര്യത്തിൽ സഹിഷ്ണുത കാണിച്ചു. മറ്റു കാര്യങ്ങളിൽ കാണിച്ചില്ലെന്ന്, ജേക്കബ് കേട്ടോളൂ, ഞാൻ ഈ ബില്ലിൽ കൊണ്ടുവന്നത് ഇവർ നിയമിച്ചതായിട്ടുള്ള കമ്മിഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഗവർണറിൽനിന്നും ഗവൺമെന്റിൽ നിന്നും വന്ന ഭേദഗതികളാണ്. ഇത് നിങ്ങൾ അറിയേണ്ട കാര്യമാണ്....

ശ്രീ. ടി. എം. ജേക്കബ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സംസാരിച്ച അവസരത്തിൽ തെറ്റിദ്ധരിച്ച് ഒരു കാര്യം പറഞ്ഞു. അദ്ദേഹം ബില്ലിന്റെ ചർച്ചയ്ക്ക് ഇവിടെ ഇല്ലായിരുന്നു. ഞങ്ങൾ ഈ ബില്ലിനെ എതിർത്തു, ഞങ്ങൾ ഒരുപാട് അമെൻറ്മെൻറുകൾ കൊടുത്തുവെന്ന് പറഞ്ഞു. ഈ ബില്ലിന്റെ ചർച്ചയിൽ ഒറ പോളിംഗ് പോലും നടന്നില്ല. ബഹുമാനപ്പെട്ട ഗൗരിയമ്മ ഞങ്ങളുടെ അമെൻറുമെൻറ് സ്വീകരിക്കുകയും ഗൗരിയമ്മ കൊണ്ടുവന്ന ബിൽ ഞങ്ങൾ അംഗീകരിക്കുകയും ചെയ്തു. മുഖ്യമന്ത്രി ഇതിനിടയ്ക്ക് കയറി വന്നിട്ട്, ഒന്നുമറിയാതെ ഞങ്ങൾ ഈ ബില്ലിന്റെ വകുപ്പ് തിരിച്ചുള്ള ചർച്ചയ്ക്ക് എതിർത്തു, ഞങ്ങൾ ഒരുപാട് ഭേദഗതി കൊണ്ടുവന്നുവെന്നൊക്കെ പറഞ്ഞാൽ അത് സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്ന് ഇങ്ങനെയൊരു പരാമർശമുണ്ടായത് നിർഭാഗ്യകരമായിപ്പോയി.

ശ്രീമതി കെ. ആർ. ഗൗരിയമ്മ: സർ, നിയമസഭയുടെ നടപടിയെക്കുറിച്ചല്ല. ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ വന്ന ചർച്ചയെക്കുറിച്ചായിരിക്കും. അദ്ദേഹം പറഞ്ഞത്. നിയമസഭയിൽ പ്രതിപക്ഷം സഹകരിച്ചിട്ടുണ്ട്, ഞാൻ അവരുടെ ഭേദഗതികൾ സ്വീകരിച്ചിട്ടുണ്ട്. ഇനിയും ഭേദഗതി വേണ്ടെന്ന് ഞാൻ പറയുകയില്ല. എന്താണെന്ന് വച്ചാൽ ഇതൊരു പുതിയ കാൽവയ്പാണ്. പ്രവർത്തനാനുഭവത്തിൽക്കൂടെ നമ്മൾ ഇത് നടത്തേണ്ടതായ മാർഗ്ഗങ്ങളിലേക്ക് കൊണ്ടുപോകുന്നതിനുവേണ്ടിയുള്ള ഒരു ശ്രമമാണ് വേണ്ടത്.

സർ, ഞാൻ ഒറ കാര്യമേ പറയുന്നുള്ളൂ. ശ്രീ. മൊയ്തീൻകുട്ടിഹാജി ഇവിടെ മുന്നിലിരിക്കുമ്പോൾ ശ്രീ. സീതിഹാജിയെപ്പോലുള്ള ഒരാളെക്കൊണ്ട് ഇവിടെ പ്രസംഗിപ്പിക്കേണ്ടായിരുന്നു. വളരെ വേദനയോടുകൂടി ഞാൻ പറയുകയാണ്, പ്രസംഗിപ്പിക്കേണ്ടായിരുന്നു. ഇവിടെ സൗഹാർദ്ദത്തോടെ കൊണ്ടുവന്നതായ ഒരു നിയമത്തിന്, ഇവിടെ പാസ്സാക്കിയെടുത്ത നിയമത്തിന് സ്ത്രീകളുടെ ഇടയിൽ പ്രവർത്തിക്കുന്ന ഞങ്ങൾക്ക് പ്രവർത്തിക്കാൻ ആക്കം തരാൻ സാധിക്കുന്ന ഒരു നിയമമാണെന്ന് ഞങ്ങൾ വിശ്വസിക്കുന്ന നിയമത്തിന് നിങ്ങൾ ഞങ്ങൾക്ക് സഹായം തന്നിട്ട് ഇതുപോലൊരു അലോരസമുണ്ടാക്കാനുള്ള സൗകര്യമുണ്ടായിരുന്നുവെന്നുമാത്രമേ പറയുന്നുള്ളൂ.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സീതിഹാജി പറയാൻ പാടില്ലാത്തത് എന്താണ് പറഞ്ഞത്, ഞങ്ങൾക്കാർക്കും അതു മനസ്സിലാകുന്നില്ല.

ശ്രീമതി കെ. ആർ. ഗൗരി അമ്മ: സീതിഹാജി ഈ നിയമം വേണ്ടതാണെന്നാണോ പറഞ്ഞത് ഈ നിയമം വേണ്ടാത്തതാണ് വോട്ടു പിടിക്കാൻ വേണ്ടിയുള്ള നിയമമാണ് എന്നു പറഞ്ഞുകൊണ്ടല്ലേ ആദ്യം
3 P. M.] തുടങ്ങിയത്. സ്ത്രീകളെപ്പറ്റി എന്താണ് പറഞ്ഞത്. എന്തു പറയാതെയുണ്ട്. നിങ്ങൾക്ക്, രാഷ്ട്രീയ പാർട്ടികൾക്ക് അഭിപ്രായ വ്യത്യാസം കാണും. നമ്മൾ ഇന്നു പിരിയുകയാണ്. ഒന്നിച്ചു പ്രവർത്തിച്ചവർക്കും ഒന്നിച്ചു നിന്നവർക്കും ഭിന്നാഭിപ്രായം കാണും, പക്ഷെ ഓരോരുത്തരും അവരവരുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ തോന്നുന്നതുപോലെ പ്രവർത്തിച്ചവരാണ്. അതിന് അപ്പുറത്തിരിക്കുന്ന ആരോടും

LIBRARY ARCHIVES Kerala Legislative Assembly

അവർ എടുത്ത നിലപാട് സംബന്ധിച്ച് യാതൊരു അഭിപ്രായ വ്യത്യാസവും ഞങ്ങൾക്കില്ല. അങ്ങനെ യാതൊരു നടപടിയുമില്ല. ഈ നിയമസഭയിലെ പ്രതിപക്ഷത്തിരിക്കുന്നവരെ ഭരണപക്ഷത്തു മാറിയാലും ഇതു സ്വാഭാവികമാണ്. ഞാൻ 1952 മുതൽ ഈ നിയമസഭയിൽ അംഗമാണ്. കേരള നിയമസഭയുടെ ചരിത്രത്തിലും തിരു-കൊച്ചി നിയമസഭയുടെ ചരിത്രത്തിലും, പഴയ കാലത്തെ നിയസഭയേയും ഇന്നത്തെ നിയമസഭയേയും ഒന്നു തട്ടിച്ചു നോക്കിയാൽ കാലാന്തരത്തിൽ നിയമസഭകളിൽ വന്നിട്ടുള്ള മാറ്റം നമുക്കറിയാം. ഇതൊരു സാമൂഹ്യ മാറ്റത്തിനുള്ള നിയമമാണ്. നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും രാജ്യത്തിലും നമ്മുടെ കഴിവും പ്രവർത്തനശേഷിയും ബലപ്പെടുത്താൻ സാധിക്കുന്നതാണ്. പകുതിയോളം ജനവിഭാഗങ്ങളെ തള്ളിക്കളഞ്ഞുകൊണ്ട് ഒരൊറ്റ രാജ്യത്തിനും മുന്നോട്ടു പോകാൻ സാധിക്കയില്ല. ഞങ്ങളുടെ പ്രവർത്തനവും ശേഷിയും ഇവിടത്തെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കും. ഈ രാജ്യത്ത് ഇന്നു വന്നിരിക്കുന്ന ചുറ്റുപാടുകളിൽ, കലുഷിതമായിട്ടുള്ള രാഷ്ട്രീയത്തിൽ, അമ്മയും ഭാര്യയും മകളും എന്നുള്ളനിലയിൽ അവർക്കു കിട്ടേണ്ട അംഗീകാരവും അവകാശവും നേടിയെടുക്കുന്നതിനുവേണ്ടി അവരെ സഹായിക്കുന്നതിനായി കൊണ്ടുവന്നിരിക്കുന്ന ഒരു നിയമമാണിത്. ഈ നിയമം പാസ്സാക്കിത്തരണമെന്ന് ഞാൻ നിങ്ങളോട് അപേക്ഷിക്കുകയാണ്. നിങ്ങളുടെയെല്ലാം സഹകരണത്തിന് ഒരിക്കൽക്കൂടി നന്ദി പറയുന്നു. പ്രത്യേകിച്ചും ശ്രീ. ടി. എം. ജേക്കബിനോടും നന്ദി രേഖപ്പെടുത്തുകയാണ്.

1990-ലെ കേരള വനിതാ കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ ഐകൃകണ്ഠ്യേന അംഗീകരിച്ചു. ബിൽ സഭ പസ്സാക്കി.

ശ്രീ. എം.എം. ഹസ്സൻ : സർ, അങ്ങ് ഒരു റൂളിംഗ് നൽകാമെന്ന് നേരത്തെ സമ്മതിച്ചിരുന്നതാണ്. അതു തന്നിട്ടില്ല.

മി. സ്പീക്കർ : ഞാൻ അതു എഴുതി തയ്യാറാക്കിയിട്ടുണ്ട്. ഇന്നുതന്നെ തരാം.

IX ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം

മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണമെന്ന ആവശ്യം

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : സർ, "മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ പൂർണ്ണമായും നടപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രഗവൺമെന്റിനോടും സംസ്ഥാന ഗവൺമെന്റിനോടും ആവശ്യപ്പെടണമെന്ന കാര്യം ചർച്ച ചെയ്യണം" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സർ, എട്ടാം കേരള നിയമസഭയുടെ അവസാന ദിവസം, അവസാനമണിക്കൂറിലാണെങ്കിൽത്തന്നെയും നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെയാകെ വളരെയേറെ ഉൽക്കണ്ഠയിലാഴ്ത്തിയ ഈ റിപ്പോർട്ട് നടപ്പാക്കാൻ ഇൻഡ്യാ രാജ്യത്തു നടന്ന ശ്രമങ്ങളും അതിനോട് സംവരണ വിരുദ്ധശക്തികൾ അടക്കം എടുത്ത നിലപാടും ഈ രാജ്യത്തെ ജനങ്ങളിലുണ്ടാക്കിയ ഉൽക്കണ്ഠ മാറ്റുന്നതിന് ഈ ചർച്ച പ്രയോജനപ്പെടുമെന്നുള്ളതുകൊണ്ടാണ് ഇതുപോലൊരു ചർച്ചയ്ക്ക് നോട്ടീസ് നൽകിയത്. ഈ സഭയുടെ അവസാന മണിക്കൂറിലാണെങ്കിലും അതിനവസരം കിട്ടിയതിൽ സന്തോഷമുണ്ട്. എല്ലാവർക്കും യോജിപ്പുള്ള ഏകകണ്ഠമായി പാസ്സാക്കിയ വനിതാ കമ്മീഷൻ ബില്ലിന്റെ കാര്യത്തിൽപ്പോലും രാഷ്ട്രീയ അതിപ്രസരത്തിന്റെ പരാമർശമുണ്ടായി. അപ്പോൾ "ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിന് കൗതുകം", എന്നാണ് തോന്നിയത്. ഇതും വളരെ സമചിത്തതയോടുകൂടി ചർച്ച ചെയ്യപ്പെടുമോ എന്ന് ഞാൻ ശങ്കിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly